ISSN 2582-2764



# അറിവോരം

ARIVORAM - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY
Vol. 3 | Issue 1 | Bimonthly | February 2023 | Thiruvananthapuram | Page 20 | Price ₹10

» 05 ബഫർ സോൺ: ആശങ്കകളും പരിഹാരവും
» 12 സഭാ സമ്മേളന വാർത്തകൾ
» 20 ഐ.ടി.രംഗത്തെ റോബോട്ടിക് സാധ്യതകൾ

സഭാധ്യക്ഷന്റെ പേജ്



## അക്ഷരലോകത്തിനിത് പുതുചരിത്രം

എ.എൻ. ഷംസീർ
സ്പീക്കർ

ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഒരു നിയമസഭ, വൻ ജനപങ്കാളിത്തത്തോടെ ഒരു അന്താരാഷ്ട്ര പുസ്തകോത്സവത്തിന് വേദിയൊരുക്കിയിരിക്കുന്നു. കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം 2023, പുത്തൻകാഴ്ചകളും അനുഭവങ്ങളുമൊരുക്കിയാണ് കേരളാ മോഡലിലെ മറ്റൊരു തിലകക്കുറിയായി മാറിയത്. 'വായനയാണ് ലഹരി' എന്ന സന്ദേശം ഉയർത്തിപ്പിടിച്ച് കേരള നിയമസഭാ ലൈബ്രറിയുടെ നൂറാം വാർഷികാഘോഷങ്ങളുടേയും ആസാദി കാ അമൃത് മഹോത്സവിന്റേയും ഭാഗമായി സംഘടിപ്പിച്ച പുസ്തകോത്സവത്തെ മലയാളക്കരയൊന്നാകെ ഏറ്റെടുത്തു. 2023 ജനുവരി 9 ന് ആരംഭിച്ച് 15ന് അവസാനിച്ച പുസ്തകോത്സവത്തിലേക്ക് ഏഴ് ലക്ഷത്തിൽപരം പേരാണ് പങ്കാളികളായത്.

'തലയിൽ വെളിച്ചം ചൂടി വരുന്നോരു തലമുറകൾക്കെൻ താലോല'മെന്ന് എഴുതിയത് വൈലോപ്പിള്ളിയാണ്. അന്താരാഷ്ട്ര പുസ്തകോത്സവത്തിലേക്ക് അക്ഷരവെളിച്ചം ചൂടാനായി കടന്നുവന്ന ഒരു ലക്ഷത്തിലേറെ വരുന്ന വിദ്യാർത്ഥികൾ നമ്മുടെ നാടിന്റെ ഭാവി വരും തലമുറയുടെ കൈകളിൽ ശോഭനമാണെന്ന പ്രതീക്ഷയാണ് പങ്കുവെച്ചത്. നിയമസഭാ മന്ദിരത്തിൽ നൂറ്റി ഇരുപത്തി നാല് പുസ്തക സ്റ്റാളുകൾ ഒരുക്കി, എൺപത്തി എട്ട് പ്രസാധകരുടെ പുസ്തകങ്ങൾ പരിചയപ്പെടുത്തി കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും മികവാർന്ന പുസ്തക കൊയ്ത്തിന് വേദിയൊരുക്കി എന്നതും കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ പ്രത്യേകതയാണ്. ഇവിടെ ചെറുതും വലുതുമായ എല്ലാ പ്രസാധകർക്കും തങ്ങളുടെ പുസ്തകങ്ങൾ ജനങ്ങളിലേക്കെത്തിക്കാനായി. സന്തോഷത്തോടെ, ഇനിയും ഞങ്ങൾക്ക് അവസരം തരണമെന്ന് പറഞ്ഞുകൊണ്ടാണ് അവരൊക്കെ പിരിഞ്ഞത്.

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ ഏഴുകോടിയോളം രൂപയുടെ പുസ്തകവിൽപ്പന നടന്നെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അതിൽ എം.എൽ.എ.മാരുടെ സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ട് വഴിയും യുനിസെഫിന്റെ ഫണ്ട് വിനിയോഗിച്ചും പൊതുമേഖലാ സ്ഥാപനങ്ങളുടെ ബുക്ക് കൂപ്പൺ വഴിയുമൊക്കെയുള്ള പുസ്തക വിൽപ്പനയും ഉള്ളടങ്ങിയിട്ടുണ്ട്. പുസ്തക ചർച്ചകളും വിഷൻ ടോക്സും പാനൽ ഡിസ്കഷനുകളും പുസ്തക പ്രകാശനങ്ങളും ഓഡിയോ ബുക്ക് റിലീസുകളും തുടങ്ങി കേരളത്തിന്റെ സാഹിത്യ, സാംസ്കാരിക മണ്ഡലത്തെ ജീവസ്സുറ്റതാക്കിയ നിരവധി പരിപാടികളാണ് പുസ്തകോത്സവ വേദിയിൽ തിരയടിച്ചത്. കുട്ടികൾക്കും മുതിർന്നവർക്കും വെയിലേൽക്കാതെ പുസ്തകശാലകൾ സന്ദർശിക്കാൻ ഉതകുന്ന വിധത്തിലായിരുന്നു സ്റ്റാളുകൾ ഒരുക്കിയത്. കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഭക്ഷണശാലകളും പുസ്തകോത്സവത്തിന്റെ മാറ്റുകൂട്ടി.

രാജ്യത്തെ നിയമസഭാ മന്ദിരങ്ങളിലൊന്നും സാധാരണ നിലയിൽ പൊതുജനങ്ങൾക്ക് പ്രവേശനമുണ്ടാവാറില്ല. നിയമ നിർമാണസഭയെന്ന നിലയിലുള്ള സ്വാഭാവികമായുള്ള നിയന്ത്രണങ്ങളാണ് അതൊക്കെ. കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായി നിയമസഭാ മന്ദിരത്തിലേക്ക് പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിച്ചു. രാജ്യമാകെ ആ നടപടി ശ്രദ്ധിക്കുകയുണ്ടായി. ഭരണകൂടത്തിന്റെ പരമ്പരാഗത രീതിശാസ്ത്രങ്ങളെ മാറ്റിമറിച്ചുകൊണ്ടുള്ള സുധീരമായ നടപടിയെന്നാണ് എന്നോട് ഒരു ദേശീയ മാധ്യമപ്രവർത്തകൻ ഇത് സംബന്ധിച്ച് പറഞ്ഞത്. ജനാധിപത്യത്തിൽ ജനങ്ങളാണല്ലോ ഏറ്റവും പ്രമുഖർ. ജനങ്ങൾക്ക് വേണ്ടി ജനപ്രതിനിധികൾ നിയമനിർമാണം നടത്തുന്ന സഭയിൽ ജനങ്ങൾക്ക് പ്രവേശനം നൽകണമെന്ന നിയമസഭാ സെക്രട്ടേറിയറ്റിന്റെ ശുപാർശ ചർച്ച ചെയ്തപ്പോൾ കേരള നിയമസഭയിലെ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും അക്കാര്യത്തിൽ ഒരഭിപ്രായം മാത്രമേ ഉണ്ടായിരുന്നുള്ളു. ജനങ്ങൾ വരട്ടെ. അവർ നിയമസഭയെ മനസ്സിലാക്കട്ടെ. അതിന്റെ ചരിത്രം ഉൾക്കൊള്ളട്ടെ. അതിനുള്ള വേദിയായി അന്താരാഷ്ട്ര പുസ്തകോത്സവം മാറട്ടെ എന്ന് ഞങ്ങളെല്ലാവരും ഒറ്റക്കെട്ടായി തീരുമാനിച്ചു.

കേരളമെമ്പാടുമുള്ള പുതുതലമുറ ഈ അക്ഷരോത്സവത്തെ നെഞ്ചേറ്റി എന്നത് ചെറിയ കാര്യമല്ല. വിവിധ ജില്ലകളിലുള്ള നിരവധി സ്കൂളുകൾ വിനോദസഞ്ചാരത്തിനെന്ന പോലെ കേരള നിയമസഭാ പുസ്തകോത്സവത്തിലേക്ക് വന്നു. നിയമസഭാ മന്ദിരത്തിന്റെ അകത്തളവും നിയമസഭയുടെ ചരിത്രം വിശദമാക്കുന്ന മ്യൂസിയവും നൂറുവർഷത്തെ പാരമ്പര്യമുള്ള നിയമസഭാ ലൈബ്രറിയും കാണാൻ അവർക്ക് സൗകര്യങ്ങൾ ഒരുക്കിയിരുന്നു. ഗതാഗത വകുപ്പിന്റെ സഹകരണത്തോടെ വിദ്യാർത്ഥികൾക്ക് സിറ്റി റൈഡിംഗിനുള്ള ബസ്സുകളും സജ്ജീകരിച്ചിരുന്നു. വരും വർഷങ്ങളിൽ കേരളത്തിന്റെ ടൂറിസം ഭൂപടത്തിൽ രേഖപ്പെടുത്തുന്ന ഒരു ഇവന്റായി നിയമസഭയുടെ പുസ്തകോത്സവത്തെ ഉയർത്താനാണ് ഞങ്ങൾ ശ്രമിക്കുന്നത്.

തോമസ് കെ. തോമസ് എം.എൽ.എ. ചെയർമാനും ഡോ. എം.കെ. മുനീർ എം.എൽ.എ, കെ. ആൻസലൻ എം.എൽ.എ. തുടങ്ങിയ സാമാജികർ അംഗങ്ങളുമായ ലൈബ്രറി ഉപദേശക സമിതിയാണ് കേരള നിയമസഭാ ലൈബ്രറിയുടെ നൂറാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഒരു അന്താരാഷ്ട്ര പുസ്തകോത്സവം സംഘടിപ്പിക്കണമെന്ന ആശയം അന്ന് നിയമസഭാ സ്പീക്കറായിരുന്ന എം.ബി. രാജേഷിനോട് പറയുന്നത്. അക്കാലത്ത് സ്പീക്കറുടെ

ശേഷം 11–ാം പേജിൽ

## വായന ലഹരിയാക്കി കേരള നിയമസഭ



രാജ്യത്തിന്റെ ചരിത്രത്തിൽ തിളക്കമാർന്നൊരധ്യായം എഴുതിച്ചേർത്ത് 'കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം'. 2023 ജനുവരി 9 മുതൽ 15 വരെ നിയമസഭാ സമുച്ചയത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. ആസാദി കാ അമൃത് മഹോത്സവിന്റെയും കേരള നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെയും ഭാഗമായി ഏഴ് ദിവസങ്ങളിലായി സംഘടിപ്പിച്ച പുസ്തകോത്സവത്തിന്റെ ഉദ്ഘാടനം ജനുവരി 9 ന് പ്രൗഢഗംഭീരമായ ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനും സാഹിത്യകാരൻ ടി. പത്മനാഭനും ചേർന്ന് അക്ഷരദീപം തെളിയിച്ച് നിർവ്വഹിച്ചു.

മനസിന്റെ ആരോഗ്യം ഇല്ലാതാകുമ്പോഴാണ് ലഹരി ഉപയോഗം വർദ്ധിക്കുന്നതെന്നും വായനയെന്ന ക്രിയാത്മക ലഹരിയിലേക്കാണ് സമൂഹം മാറേണ്ടതെന്നും ഉദ്ഘാടന പ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു. ചടങ്ങിൽ പ്രഥമ നിയമസഭാ ലൈബ്രറി അവാർഡ് ടി. പത്മനാഭന് മുഖ്യമന്ത്രി സമ്മാനിച്ചു. ഒരു ലക്ഷം രൂപയും ഫലകവും അടങ്ങുന്നതാണ് അവാർഡ്. ചെറുകഥകൾ കൊണ്ട് മലയാളത്തിന്റെ മഹാകഥാകാരനായി തീർന്ന സാഹിത്യകാരനാണ് ടി. പത്മനാഭനെന്ന് മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. അന്താരാഷ്ട്ര പുസ്തകോത്സവം സംഘടിപ്പിക്കുന്നതിലൂടെ വായനയുടെ ജനാധിപത്യവൽക്കരണമാണ് ലക്ഷ്യമിടുന്നതെന്നും പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കുന്ന ആദ്യത്തെ ജനകീയ നിയമസഭാ ലൈബ്രറിയാണ് കേരള നിയമസഭയുടേതെന്നും അധ്യക്ഷ പ്രസംഗത്തിൽ സ്പീക്കർ പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ ലഹരി വിരുദ്ധ ക്യാമ്പയിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് 'വായനയാണ് ലഹരി' എന്ന സന്ദേശം ഉയർത്തിപ്പിടിച്ച് ആരംഭിച്ച പുസ്തകോത്സവത്തിലൂടെ ലഹരിക്കെതിരെ പുതുതലമുറയെ നേർവഴിക്ക് നയിക്കുവാൻ കഴിയട്ടെയെന്ന് സ്പീക്കർ പ്രത്യാശ പ്രകടിപ്പിച്ചു.

ദാരിദ്ര്യം നിറഞ്ഞ ചെറുപ്പകാലത്ത് വിശപ്പടക്കിയിരുന്നത് വായനയിലൂടെയായിരുന്നുവെന്ന് നിയമസഭാ ലൈബ്രറി അവാർഡ് ഏറ്റുവാങ്ങിയ ശേഷം ടി. പത്മനാഭൻ പറഞ്ഞു. നമ്മുടെ നാടിനെ ഗ്രസിച്ച ദുർഭൂതമാണ് ലഹരി. ഇന്ന് വായന ലഹരിയാണെന്ന് പുതുതലമുറയെ ഉദ്ബോധിപ്പിക്കാൻ വളരെയധികം ശ്രമങ്ങൾ ആവശ്യമായി വരുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പുസ്തകോത്സവം സമർപ്പിക്കേണ്ടത് നമ്മുടെ കുട്ടികൾക്കാണെന്ന് പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ അഭിപ്രായപ്പെട്ടു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സ്വാഗതം ആശംസിച്ച ചടങ്ങിൽ തിരുവനന്തപുരം കോർപ്പറേഷൻ മേയർ ആര്യാ രാജേന്ദ്രൻ, സാമാജികരായ പി.കെ. കുഞ്ഞാലിക്കുട്ടി, കെ.പി. മോഹനൻ, മാത്യു ടി. തോമസ്, തോമസ് കെ. തോമസ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. നിയമസഭാ സെക്രട്ടറി എ.എം. ബഷീർ ചടങ്ങിൽ കൃതജ്ഞത രേഖപ്പെടുത്തി.

എൺപത്തിയെട്ട് പ്രസാധകർ പങ്കെടുത്ത പുസ്തകോത്സവത്തിനായി നൂറ്റി ഇരുപത്തിനാല് സ്റ്റാളുകളാണ് സജ്ജീകരിച്ചിരുന്നത്. പരിപാടിയോടനുബന്ധിച്ച് നടത്തിയ സാഹിത്യോത്സവത്തിൽ ദേശീയ അന്തർദേശീയ പ്രശസ്തരായ ഇരുന്നൂറോളം വ്യക്തിത്വങ്ങൾ പങ്കെടുത്തു. വിവിധ വിഷയങ്ങളെ അധികരിച്ച് പതിമൂന്ന് പാനൽ ചർച്ചകളും എട്ട് വിഷൻ ടോക്കുകളും സംഘടിപ്പിച്ചിരുന്നു. തൊണ്ണൂറ്റി അഞ്ച് പുസ്തക പ്രകാശനങ്ങൾ, പതിനാല് പുസ്തക ചർച്ചകൾ, ആറ് മീറ്റ് ദ ഓതർ സെഷനുകൾ, അഞ്ച് ബുക്ക് സൈനിംഗ് സെഷനുകൾ, രണ്ട് കവിയരങ്ങ് എന്നിവയും സംഘടിപ്പിച്ചു. കലാ-സാംസ്കാരിക രംഗത്തെ പ്രമുഖരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധ കലാപരിപാടികൾക്ക് പുറമേ അഞ്ച് പ്രമുഖ മാധ്യമങ്ങളുടെ സഹകരണത്തോടെ മെഗാ ഷോകളും സംഘടിപ്പിച്ചിരുന്നു.

ശേഷം 8 –ാം പേജിൽ

## മൊഴിമുഴക്കം



"നമുക്ക് പരസ്പരം പുഞ്ചിരിച്ചുകൊണ്ട് ഇടപെടാം. കാരണം, പുഞ്ചിരി സ്നേഹത്തിന്റെ തുടക്കമാണ്"

മദർ തെരേസ

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഉപകരണ വിതരണം



**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
കോട്ടക്കൽ

കോട്ടക്കൽ മണ്ഡലത്തിലെ ഏഴ് സർക്കാർ ആശുപത്രികൾക്കായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി അനുവദിച്ച എം.എൽ.എ. ഫണ്ടുപയോഗിച്ച് വാങ്ങിയ മെഡിക്കൽ ഉപകരണങ്ങളുടെ വിതരണോദ്ഘാടനം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ. നിർവ്വഹിച്ചു. എം.എൽ.എ. യുടെ 2020-21 വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച അൻപത് ലക്ഷം രൂപയിൽ നിന്നും രണ്ട് ഘട്ടങ്ങളിലായി പതിനാല് ലക്ഷം രൂപയുടെ ഉപകരണങ്ങളാണ് വിതരണം ചെയ്തത്.

ചടങ്ങിൽ പൊന്മള പഞ്ചായത്ത് പ്രസിഡന്റ് ജസീന മജീദ്, കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കുറ്റിപ്പുറം താലൂക്ക് മെഡിക്കൽ ഓഫീസർ, പൊന്മള പഞ്ചായത്ത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ പങ്കെടുത്തു.

## കോട്ടക്കൽ പാപ്പായി ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ



കോട്ടക്കൽ നഗരസഭയിലെ പാപ്പായി ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് മന്ത്രി വീണാ ജോർജ് ഓൺലൈനിലൂടെ ഉദ്ഘാടനം ചെയ്തു. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ നഗരസഭയിലെ വിവിധ ജനപ്രതിനിധികൾ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## വെണ്ടല്ലൂർ-പൈങ്കണ്ണൂർ-ആലിക്കൽ പടി റോഡ് ഗതാഗതത്തിന് തുറന്നു കൊടുത്തു



നവീകരണം പൂർത്തീകരിച്ച വെണ്ടല്ലൂർ-പൈങ്കണ്ണൂർ-ആലിക്കൽ പടി റോഡ് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. വിവിധ പ്രദേശങ്ങളെ കൂട്ടിയോജിപ്പിക്കുന്ന പാതയുടെ നവീകരണമാണ് ഇതിലൂടെ സാക്ഷാത്കരിക്കപ്പെട്ടത്. ഇരിമ്പിളിയം പഞ്ചായത്ത്, വളാഞ്ചേരി നഗരസഭ, കുറ്റിപ്പുറം പഞ്ചായത്ത് എന്നിവയെ ബന്ധിപ്പിക്കുന്ന പ്രധാന ഗ്രാമീണ പാത കൂടിയാണ് വെണ്ടല്ലൂർ ആലിക്കൽപടി പൈങ്കണ്ണൂർ റോഡ്. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇതിനായി നാൽപത് ലക്ഷം രൂപ അനുവദിച്ചത്. പദ്ധതിയിൽ ഉൾപ്പെടുത്തി 392 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലുമാണ് റോഡ് കോൺക്രീറ്റ് ചെയ്ത് നവീകരിച്ചത്. ഒരു കൾവർട്ടും നിർമിച്ചിട്ടുണ്ട്. റോഡിന്റെ വശങ്ങളിലായി സുരക്ഷാ കല്ലുകൾ, കൈവരികൾ, റിഫ്ലക്ടറുകൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്.

ഇരിമ്പിളിയം പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മുഖ്യാതിഥിയായി. ത്രിതല പഞ്ചായത്ത് പ്രതിനിധികൾ ചടങ്ങിൽ പങ്കെടുത്തു.

## നന്നായി പഠിക്കാൻ നല്ല സ്കൂളുകൾ

**ഡി.കെ.മുരളി**
വാമനപുരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഭരതന്നൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ജലഗുണനിലവാര പരിശോധനാ ലാബ്, കിച്ചൺ, ഡൈനിംഗ് ഹാൾ എന്നിവയുടെ നിർമാണോദ്ഘാടനവും, സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട നിർദേശങ്ങളും അഭിപ്രായങ്ങളും സ്കൂൾ കുട്ടികളിൽ നിന്നും സ്വീകരിക്കുന്നതിനായുള്ള ചർച്ചയുടെ സംസ്ഥാന തല ഉദ്ഘാടനവും പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവ്വഹിച്ചു. മണ്ഡലത്തിലെ പത്ത് ഹയർ സെക്കണ്ടറി സ്കൂളുകൾക്കായി പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ചാണ് ലാബുകൾ സജ്ജീകരിച്ചത്. തൊണ്ണൂറ്റി അഞ്ച് ലക്ഷം രൂപ വിനിയോഗിച്ചാണ് കിച്ചൺ, ഡൈനിംഗ് ഹാൾ എന്നിവ നിർമിക്കുന്നത്. ഇന്ത്യയിലാദ്യമായാണ് കേരള സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം കുട്ടികളുമായി ചർച്ച ചെയ്ത് നടപ്പാക്കുന്നത്. ഭരതന്നൂർ സ്കൂളിൽ പ്രത്യേകം തയ്യാറാക്കിയ ക്ലാസ് മുറിയിൽ എത്തിയാണ് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി കുട്ടികളുടെ അഭിപ്രായം കേട്ടത്. ഇത്തരത്തിൽ ലഭിക്കുന്ന നിർദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് പാഠ്യപദ്ധതി പരിഷ്കരണ കമ്മിറ്റിക്ക് നൽകും. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അക്കാദമിക് നിലവാരം ഉയർത്തുന്നതിന് ഇനി മുതൽ മുൻഗണന നൽകുമെന്ന് മന്ത്രി പറഞ്ഞു. വാമനപുരം എം.എൽ.എ. ഡി.കെ. മുരളി അധ്യക്ഷത വഹിച്ച ചടങ്ങിൽ മുഖ്യാതിഥിയായി രാജ്യസഭാംഗം എ. എ. റഹീം എം.പി. പങ്കെടുത്തു. പൊതുവിദ്യാഭ്യാസ ഡയറക്ടർ ജീവൻബാബു ഐ.എ.എസ്, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. ആർ.കെ ജയപ്രകാശ്, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ, പൊതു പ്രവർത്തകർ, സ്കൂൾ പി.ടി.എ. അംഗങ്ങൾ, അധ്യാപകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

## മലബാർ കാൻസർ സെന്ററിന് നവീകരിച്ച ഒ.പി. സമുച്ചയം

**എ.എൻ.ഷംസീർ**
തലശ്ശേരി

തലശ്ശേരി മലബാർ കാൻസർ സെന്ററിൽ നവീകരിച്ച ഒ.പി. സമുച്ചയത്തിന്റെയും നഴ്സ് ആൻഡ് സ്റ്റുഡൻസ് ഹോസ്റ്റൽ കെട്ടിടത്തിന്റെയും ഡിജിറ്റൽ പാത്തോളജി സംവിധാനത്തിന്റെയും ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്ത് സമഗ്ര കാൻസർ നിയന്ത്രണ പദ്ധതി നടപ്പിലാക്കുമെന്നും ലോകത്തിലെ മുൻനിര കാൻസർ ചികിത്സാ സ്ഥാപനമായി മലബാർ കാൻസർ സെന്ററിനെ ഉയർത്തിക്കൊണ്ടുവരികയാണ് ലക്ഷ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു. അർബുദ രോഗ സംബന്ധമായ കൃത്യമായ കണക്കുകൾ ലഭ്യമാക്കാൻ കേരള കാൻസർ രജിസ്ട്രി രൂപീകരിക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും എം.സി.സി.യാണ് നേതൃത്വപരമായ പങ്കുവഹിക്കുന്നതെന്നും കാൻസർ രജിസ്ട്രിയിലേക്ക് കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലയിലെ അർബുദ രോഗികളുടെ വിവരശേഖരണം നടന്നുവരികയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.




## അടൂർ ഇരട്ടപ്പാലം ഗതാഗതത്തിനായി തുറന്നു

**ചിറ്റയം ഗോപകുമാർ**
അടൂർ

അടൂർ ഇരട്ട പാലം പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഗതാഗതത്തിനായി തുറന്നു കൊടുത്തു. ഇരട്ടപ്പാലത്തിനൊപ്പം നവീകരിച്ച റോഡിന്റെ ഉദ്ഘാടനവും മന്ത്രി നിർവ്വഹിച്ചു. ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷനായി.



## തൃപ്രയാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ്

**സി.സി.മുകുന്ദൻ**
നാട്ടിക

2021-22 വർഷത്തെ എം.എൽ.എ. ഫണ്ടിൽ നിന്നും കിഫ്ബി ഫണ്ടിൽ നിന്നും 1.79 കോടി രൂപ വകയിരുത്തി നാട്ടിക നിയോജക മണ്ഡലത്തിലെ തൃപ്രയാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമാണോദ്ഘാടനം സി.സി. മുകുന്ദൻ എം.എൽ.എ. നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.കെ. കൃഷ്ണകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ത്രിതല പഞ്ചായത്ത് പ്രതിനിധികൾ പങ്കെടുത്തു.



## എരുമേലിയിൽ പുതിയ വിശ്രമകേന്ദ്രം

**സെബാസ്റ്റ്യൻ കുളത്തുങ്കൽ**
പൂഞ്ഞാർ

ശബരിമല തീർത്ഥാടനത്തിന് മുന്നോടിയായി പൊതുമരാമത്ത് വകുപ്പ് നടത്തുന്ന മുന്നൊരുക്കങ്ങളുടെ ഭാഗമായി എരുമേലിയിൽ പുതിയ റസ്റ്റ് ഹൗസ് കോംപ്ലെക്സ് നിർമ്മിച്ചു. ഒരു കോടി എഴുപത് ലക്ഷം രൂപ ചെലവഴിച്ചാണ് രണ്ട് നിലകളിലായി ആധുനിക സൗകര്യങ്ങളോടുകൂടിയ റസ്റ്റ് ഹൗസ് സമുച്ചയം പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിച്ചത്. രണ്ട് സ്യൂട്ട് റൂമുകൾ ഉൾപ്പെടെ ആറ് മുറികളാണ് വിശ്രമകേന്ദ്രത്തിലുള്ളത്. ഇത് കൂടാതെ സന്ദർശകർക്കായി മറ്റ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പുതിയ റസ്റ്റ് ഹൗസ് സമുച്ചയത്തിന്റെ ഉദ്ഘാടനം സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ.യുടെ അധ്യക്ഷതയിൽ പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പു മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവ്വഹിച്ചു. യോഗത്തിൽ ആന്റോ ആന്റണി എം.പി. മുഖ്യ പ്രഭാഷണവും പ്രമോദ് നാരായണൻ എം.എൽ.എ. ആശംസാ പ്രസംഗവും നടത്തി. പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ, കോട്ടയം ജില്ലാ കളക്ടർ, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, സാമൂഹ്യരാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.




## കർഷകർക്ക് മിതമായ നിരക്കിൽ ട്രാക്ടർ സൗകര്യം

**പി.അബ്ദുൽ ഹമീദ്**
വള്ളിക്കുന്ന്

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പള്ളിക്കൽ അഗ്രോസർവീസ് സെന്ററിൽ Sub Mission on Agricultural Mechanisation പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ പുതിയ ട്രാക്ടർ കർഷകർക്ക് സമർപ്പിച്ചു. പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ കാവുംപടിയിൽ സ്ഥലം എം.എൽ.എ. അബ്ദുൽഹമീദ് ട്രാക്ടർ പ്രവർത്തിപ്പിച്ച് പരിപാടി ഉദ്ഘാടനം ചെയ്തു. കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിന് നേതൃത്വം നൽകി. ഇതിലൂടെ പള്ളിക്കൽ അഗ്രോ സർവീസ് സെന്റർ മുഖേന പാടത്തും പറമ്പിലും നിലം ഒരുക്കാൻ ട്രാക്ടറിന്റെ സേവനം മിതമായ നിരക്കിൽ കർഷകർക്ക് ലഭിക്കും.



സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

## പട്ടം തോട് നവീകരണം ഉടൻ ആരംഭിക്കും

**വി.കെ.പ്രശാന്ത്**
വട്ടിയൂർക്കാവ്

പട്ടം തോട് നവീകരണ പ്രവൃത്തികൾക്ക് 4.83 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ കുടപ്പനക്കുന്ന് മുതൽ കണ്ണമ്മൂല വരെയുള്ള 9 കിലോമീറ്റർ തോടിന്റെ 6.5 കിലോമീറ്റർ ദൂരമാണ് നവീകരിക്കുന്നത്. തോടിലെ നീരൊഴുക്കിന്റെ തടസം നീക്കം ചെയ്യുക, സംരക്ഷണഭിത്തി നിർമ്മിക്കുക, പാലം വരുന്ന മേഖലകളിൽ കമ്പിവേലി സ്ഥാപിക്കുക എന്നീ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതോടെ മഴക്കാലത്ത് പട്ടം തോട് കടന്നുപോകുന്ന മേഖലകളിലെ വെള്ളക്കെട്ട് പ്രശ്നത്തിന് പരിഹാരമാകും. മൈനർ ഇറിഗേഷൻ വിഭാഗമാണ് പദ്ധതി നടപ്പിലാക്കുന്നത്. 2023 മെയ് മാസം പ്രവൃത്തി ആരംഭിക്കാനാകുമെന്നും എം.എൽ.എ അറിയിച്ചു.



## കെ.എസ്.ആർ.ടി.സി. ഫീഡർ സർവ്വീസിന് വട്ടിയൂർക്കാവിൽ തുടക്കം

കെ.എസ്.ആർടി.സി. പുതുതായി ആരംഭിക്കുന്ന ഫീഡർ സർവ്വീസിന് വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ തുടക്കം കുറിച്ചു. ഫീഡർ സർവ്വീസിൽ ഉപയോഗിക്കുന്ന ട്രാവൽ കാർഡിന്റെ ആദ്യ വില്പന വി.കെ. പ്രശാന്ത് എം.എൽ.എ. നിർവ്വഹിച്ചു.വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ നാല് പ്രധാന റോഡുകളിലേയ്ക്ക് ഇടറോഡുകളിൽ നിന്ന് ഫീഡർ സർവ്വീസിലൂടെ യാത്രാസൗകര്യം ഒരുക്കും. ഈ ബസ്സുകളിൽ കണ്ടക്ടർ ഉണ്ടാവില്ല. ട്രാവൽ കാർഡുകൾ ഉപയോഗിച്ച് യാത്ര ചെയ്യണം. 100 രൂപ മുതൽ 2000 രൂപ വരെയുള്ള ട്രാവൽ കാർഡുകൾ ലഭ്യമാണ്. ബസ്സിൽ നിന്നും കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും ട്രാവൽ കാർഡുകൾ വാങ്ങുന്നതിനും റീചാർജ്ജ് ചെയ്യുന്നതിനും കഴിയും. ട്രാവൽ കാർഡുകൾ കെ.എസ്.ആർ.ടി.സി. യുടെ സിറ്റി സർക്കുലർ, സിറ്റി റേഡിയൽ, സിറ്റി ഷട്ടിൽ എന്നീ സർവ്വീസുകളിലും ഉപയോഗിക്കാനാകും.



## എല്ലാ വില്ലേജ് ഓഫീസുകളിലും ഇ ഓഫീസ് സേവനം ഒരുക്കി വട്ടിയൂർക്കാവ് മണ്ഡലം

വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ ആറ് വില്ലേജ് ഓഫീസുകൾക്ക് അനുവദിച്ച ഇ-ഓഫീസ് ഉപകരണങ്ങളുടെ വിതരണോദ്ഘാടനം വി. കെ. പ്രശാന്ത് എം.എൽ.എ. നിർവഹിച്ചു. ഇതോടെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ- ഓഫീസ് സേവനം ലഭ്യമായ ജില്ലയിലെ ആദ്യ മണ്ഡലമായി വട്ടിയൂർക്കാവ്.

വില്ലേജ് ഓഫീസുകൾക്ക് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ എന്നിവയാണ് വിതരണം ചെയ്തത്. ആറ് ലക്ഷത്തി നാലായിരം രൂപയാണ് ഇതിനായി ചെലവഴിച്ചത്. വട്ടിയൂർക്കാവ് വില്ലേജ് ഓഫീസ് അങ്കണത്തിൽ നടന്ന പരിപാടിയിൽ ഡെപ്യൂട്ടി മേയർ, ജില്ലാ കളക്ടർ, തഹസീൽദാർ, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## പെരിന്തൽമണ്ണയിൽ റെലിക്റ്റ ലഹരി വിരുദ്ധ ത്രൈമാസ ക്യാമ്പയിൻ

**നജീബ് കാന്തപുരം**
പെരിന്തൽമണ്ണ



നജീബ് കാന്തപുരം എം.എൽ.എ.യുടെ നേതൃത്വത്തിൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ റെലിക്റ്റ 22 എന്ന പേരിൽ നടപ്പാക്കിയ ലഹരി വിരുദ്ധ ക്യാമ്പയിൻ സമാപിച്ചു. ക്യാമ്പയിന്റെ ഭാഗമായി പുറത്തിറക്കിയ ലഹരി ഉപയോഗത്തിന്റെ വിപത്തും ലഹരി ഉപയോഗത്തിൽ നിന്നുള്ള മോചനവും പ്രമേയമാക്കിയുള്ള 'പെരിൽ' ഹ്രസ്വ ചിത്രത്തിന്റെ പ്രദർശനവും ക്യാമ്പയിൻ സമാപന സംഗമവും വിസ്മയ തിയേറ്ററിൽ നടന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ ചിത്രം നിയോജക മണ്ഡലത്തിലെ മുഴവൻ സ്കൂളുകളിലും കോളേജുകളിലും ഗ്രാമ സഭകളിലും പ്രദർശിപ്പിക്കും. ക്യാമ്പയിന്റെ ഭാഗമായി വിദ്യാർത്ഥി റാലി, വിവിധ കലാ, കായിക മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു.

ക്യാമ്പയിന്റെ സമാപന സംഗമം നജീബ് കാന്തപുരം എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ജാതി, മത, രാഷ്ട്രീയ ചിന്തകൾക്കതീതമായ കൂട്ടായ്മ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ഉയർന്നു വരണമെന്ന് അദ്ദേഹം പറഞ്ഞു. ത്രിതല പഞ്ചായത്ത് പ്രതിനിധികൾ പങ്കെടുത്ത ചടങ്ങിൽ ഹ്രസ്വ ചിത്രത്തിൽ അഭിനയിച്ച കലാകാരൻമാരേയും ഹ്രസ്വ ചിത്രത്തിന് പേര് നിർദ്ദേശിച്ച പി.അബിൽ ദാസിനേയും ആദരിച്ചു.

## കൊടികുത്തിമലയെ കേരളത്തിലെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനാക്കും



കൊടികുത്തി മല ഇക്കോ ടൂറിസം കേന്ദ്രത്തിന്റെ മുഖച്ഛായ മാറ്റുന്നതിനുള്ള നടപടികൾക്ക് തുടക്കമായി. കേന്ദ്ര വനം വകുപ്പ് മന്ത്രാലയം അനുവദിച്ച 60 ലക്ഷം രൂപയും വനസംരക്ഷണ സമിതിയിൽ നിന്നുള്ള 40 ലക്ഷം രൂപയും ഉപയോഗിച്ചുള്ള പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കാൻ പ്രത്യേക വികസന യോഗത്തിൽ തീരുമാനമായി. സഞ്ചാരികൾക്കായുള്ള ഹട്ടുകൾ, കോട്ടേജുകൾ, ആംഫി തിയേറ്റർ, റോഡ് നവീകരണം, പ്രവേശന കവാടം നവീകരണം, ടോയ്ലെറ്റ് ബ്ലോക്ക് നിർമ്മാണം, കുടിവെള്ള സംവിധാനം തുടങ്ങിയ പ്രവൃത്തികളാണ് ആദ്യ ഘട്ടത്തിൽ പൂർത്തീകരിക്കുക. ഗസ്റ്റ് ഹൗസ്, കോഫി ഷോപ്പ്, റെസ്റ്റൊറന്റ് എന്നിവയുടെ പ്രവൃത്തി നടന്നു വരികയാണ്. ഇതിനു പുറമെയാണ് ഒരു കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിക്കുന്നത് കൊടികുത്തിമലയിലെ റോഡ് നവീകരണത്തിനായി 25 ലക്ഷം രൂപ അനുവദിക്കുമെന്ന് നജീബ് കാന്തപുരം എം.എൽ.എ. പറഞ്ഞു.

വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകളും ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളും സൗന്ദര്യവൽക്കരണ പ്രവൃത്തികളും പൂർത്തീകരിച്ച് കൊടികുത്തിമലയെ കേരളത്തിലെ പ്രധാന ടൂറിസം ലക്ഷ്യസ്ഥാനമാക്കുമെന്നും എം.എൽ.എ. കൂട്ടിച്ചേർത്തു.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

പ്രതിപക്ഷ നേതാവിന്റെ പേജ്



വി.ഡി.സതീശൻ
പ്രതിപക്ഷ നേതാവ്

# ബഫർ സോൺ : ആശങ്കകളും പരിഹാരവും

മുഴുവൻ വന്യജീവി സങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോൺ (ഇ.എസ്.സെഡ്) നിർബന്ധമാക്കണമെന്ന സുപ്രീം കോടതിയുടെ 2022 ജൂൺ 3 ലെ ഉത്തരവിന്റെ അന്തസ്സത്ത ദേശീയ പാർക്കുകൾക്കും വന്യജീവി സങ്കേതങ്ങൾക്കും ചുറ്റുമുള്ള ദുർബലമായ ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന നിർമ്മാണങ്ങൾ നിയന്ത്രിക്കുക എന്നതായിരുന്നു.

നീലഗിരിയിലെ വനങ്ങൾ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ടി.എൻ.ഗോദവർമ്മൻ തിരുമുൽപാട് 1995 ൽ സുപ്രീം കോടതിയിൽ നൽകിയ പൊതുതാൽപര്യ ഹർജിയാണ് ഈ സുപ്രീം കോടതി വിധിയുടെ ആധാരം. 2017 ഫെബ്രുവരിയിൽ പരാതിക്കാരൻ മരിച്ചെങ്കിലും കേസ് തുടർന്നു. പിന്നീട് വനസംരക്ഷണവുമായി ബന്ധപ്പെട്ട പല കേസുകളും ഈ കേസുമായി ബന്ധിപ്പിച്ചു. രാജസ്ഥാനിലെ ജംമ്വ രാംഗഡ് വന്യജീവി സങ്കേതത്തിൽ നടക്കുന്ന ഖനനം സംബന്ധിച്ച പരാതിയും സുപ്രീം കോടതിയിലെത്തി. ഇതിലാണ രാജ്യത്തെ എല്ലാ സംരക്ഷിത വനങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർ കരുതൽ മേഖല കർശനമാക്കി സുപ്രീം കോടതി 2022 ജൂൺ 3 ന് ഉത്തരവിട്ടത്.

ദേശീയ ശരാശരിയെക്കാൾ കൂടുതൽ വനവിസ്തൃതിയുള്ള സംസ്ഥാനമാണ് കേരളം. ദേശീയ ശരാശരി വനവിസ്തൃതി 21 ശതമാനവും കേരള വനവിസ്തൃതി 29.65 ശതമാനവുമാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് താരതമ്യേന ഉയർന്ന ജനസാന്ദ്രതയും (860 persons per km$^2$) കേരളത്തിലുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത സുപ്രീം കോടതി വിധി ഏറ്റവും കൂടുതൽ ആഘാതം സൃഷ്ടിക്കുന്ന സംസ്ഥാനം കേരളമാണ്. ഇക്കാരണത്താൽ തന്നെ സുപ്രീം കോടതിയുടെ വിധി സംരക്ഷിതവനങ്ങൾക്ക് ചുറ്റുമുള്ള കർഷക സമൂഹത്തിനടക്കം കടുത്ത ആശങ്കയാണ് ഉയർത്തിയിരിക്കുന്നത്. ഇക്കോ സെൻസിറ്റീവ് സോൺ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ കൃഷി അടക്കമുള്ള ഉപജീവന മാർഗങ്ങളും നിർമ്മാണ പ്രവൃത്തികളും വികസന പ്രവർത്തനങ്ങളും പ്രതിസന്ധിയിലാകും എന്നതാണ് ആശങ്കയുടെ അടിസ്ഥാനം. കൃഷിഭൂമിയും വീടും കെട്ടിടങ്ങളും നഷ്ടപ്പെടുമോ, തലമുറകളായി അധ്വാനിച്ചുണ്ടാക്കിയതെല്ലാം നഷ്ടപരിഹാരം പോലുമില്ലാതെ പിടിച്ചെടുക്കുമോ എന്ന ആശങ്കയാണ് സുപ്രീംകോടതി വിധിമൂലം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഇത് കേരളത്തിലെ 20 ഓളം പട്ടണങ്ങളെയും ഒരു ലക്ഷം കുടുംബങ്ങളെയും ബാധിക്കും എന്നാണ് കരുതപ്പെടുന്നത്. കേരളത്തിൽ 23 വന്യജീവി സങ്കേതങ്ങളും ദേശീയോദ്യാനങ്ങളുമുണ്ട്, ഈ വനങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർ പരിസ്ഥിതിലോല മേഖല നൽകിയാൽ ഏകദേശം 4 ലക്ഷം ഏക്കർ മനുഷ്യവാസകേന്ദ്രങ്ങളെ വികസനമേഖലയിലല്ലാതെയാക്കും എന്നാണ് കണക്കാക്കപ്പെടുന്നത്. ഇത് ഗുരുതരമായ സാമൂഹിക പ്രശ്നങ്ങൾക്ക് കാരണമാകും.

ബഫർ സോൺ സംബന്ധിച്ച് 2022 ജൂൺ 3 ന് സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ബഫർ സോണുമായി ബന്ധപ്പെട്ട് ജനങ്ങളുടെ അതിശക്തമായ പ്രതിഷേധം ഉയർന്നാൽ സംസ്ഥാന സർക്കാരിന് സെൻട്രൽ എംപവേർഡ് കമ്മിറ്റിയേയും, കേന്ദ്ര പരിസ്ഥിതി-വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തെയും സമീപിക്കാം. എംപവേർഡ് കമ്മിറ്റിയുടെയും പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെയും ശിപാർശകൾ കോടതി പരിഗണിക്കുന്നതാണ് എന്നും പറയുന്നു. പരിസ്ഥിതിലോല മേഖലയാക്കിയാൽ (ഇ.എസ്.സെഡ്.) ജനവാസമേഖലയെ എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ച് സർവ്വേ റിപ്പോർട്ട് അടക്കം ഉൾപ്പെടുത്തി മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും കോടതി ഉത്തരവിലുണ്ടായിരുന്നു.

എന്നാൽ, കോടതി ഉത്തരവ് വന്ന് ഒരു മാസത്തിനു ശേഷമാണ് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയൺമെന്റ് സെന്ററിനെ (കെ.എസ്.ആർ. ഇ.സി.) സംസ്ഥാനത്തെ സംരക്ഷിത വനപ്രദേശങ്ങളിൽ ഉപഗ്രഹപഠനം നടത്താൻ ചുമതലപ്പെടുത്തിയത്. 50 ദിവസത്തിനുള്ളിൽ കേരളത്തിലെ 23 കരുതൽ മേഖലകളിലും സർവ്വേനടത്താനായിരുന്നു ഉത്തരവ്. നേരിട്ടു സർവ്വേ നടത്തുമ്പോഴുള്ള കൃത്യത ഉപഗ്രഹസർവ്വേയ്ക്ക് ലഭിക്കാത്തതിനാൽ ബഫർ സോൺ ബാധിക്കുന്ന പ്രദേശങ്ങളിൽ നേരിട്ട് പഠനം നടത്തണം എന്ന ആവശ്യം കർഷക സമൂഹവും പ്രതിപക്ഷവും നിരന്തരമായി ഉന്നയിച്ചിരുന്നു.


2022 ഓഗസ്റ്റ് 29 ന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ. ഇ.സി.) സർവേ റിപ്പോർട്ട് വനം വകുപ്പിന് ലഭിച്ചു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ 2022 സെപ്റ്റംബർ മൂന്നിന് ഈ റിപ്പോർട്ട് വനം വകുപ്പ് സുപ്രീം കോടതിയിൽ നൽകേണ്ടതായിരുന്നു. അതു ചെയ്തിട്ടില്ല. അതിനു ശേഷമാണ് സർവ്വേയിലെ അപാകതകളെച്ചൊല്ലി വ്യാപക ആക്ഷേപം ഉയർന്നത്. 75 ദിവസം കൊണ്ടു പൂർത്തിയാക്കിയ ഉപഗ്രഹ സർവ്വേ റിപ്പോർട്ട് ഓഗസ്റ്റ് 29 ന് സർക്കാരിന് ലഭിച്ചിട്ടും അതു വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത് 2022 ഡിസംബർ 12 ന് മാത്രമാണ്. ജനങ്ങൾക്ക് പരാതി അറിയിക്കാൻ ഡിസംബർ 23 വരെയായിരുന്നു ആദ്യം അനുവദിച്ച സമയപരിധി. എന്നാൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച സർവ്വേയ്ക്കെതിരെ വ്യാപക പ്രതിഷേധം ഉയർന്നപ്പോൾ ബഫർസോൺ വിഷയത്തിലെ അടിസ്ഥാന രേഖയായി സംസ്ഥാന വനം വകുപ്പിന്റെ 2020-21 ലെ കരട് ഭൂപടവും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഹെൽപ്പ് ഡെസ്കുകളിൽ ലഭിച്ച 68,985 പരാതികളിൽ ഇനിയും നിരവധി പരാതികൾ തീർപ്പാക്കാനവശേഷിക്കുകയാണ്.

2016 ൽ ന്യൂ ഡൽഹിയിൽ നടന്ന വിദഗ്ധസമിതി യോഗത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കികൊണ്ട് യു.ഡി.എഫ്. സർക്കാറിന്റെ കരട് നിർദേശങ്ങൾ പരിഗണിച്ചു. ഇതിൽ വിദഗ്ധസമിതി കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിദഗ്ധ സമിതി ആവശ്യപ്പെട്ട വിശദാംശങ്ങൾ സമയബന്ധിതമായി സമർപ്പിക്കുന്നതിൽ എൽ.ഡി.എഫ്. സർക്കാർ പരാജയപ്പെട്ടു. 2018 ൽ വിശദാംശങ്ങൾ നൽകാത്തതിനെ തുടർന്ന് കരട് വിജ്ഞാപനങ്ങൾ കാലഹരണപ്പെട്ടു. അങ്ങനെ 10 കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ നിലനിർത്തണമെന്ന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദേശം കേരളത്തിനും ബാധകമായി. വിദഗ്ധ സമിതി ആവശ്യപ്പെട്ട വിശദാംശങ്ങൾ യഥാസമയം നൽകിയിരുന്നെങ്കിൽ കേരളത്തിലെ ലക്ഷക്കണക്കിനു ജനങ്ങളെ വലിയ പ്രതിസന്ധിയിലാക്കിയ ബഫർ സോൺ വിഷയം ഉണ്ടാകുമായിരുന്നില്ല.

എന്നാൽ, ഇത് സംബന്ധിച്ച് 2019 ഒക്ടോബർ 23 ലെ മന്ത്രിസഭാ യോഗ തീരുമാനപ്രകാരം ഇറക്കിയ ഉത്തരവിൽ സംസ്ഥാന സർക്കാർ എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോ സെൻസിറ്റീവ് സോണിൽ നിന്നും ഒഴിവാക്കണം എന്ന യു.ഡി.എഫ്. സർക്കാരിന്റെ നിലപാടിന് ഘടകവിരുദ്ധമായാണ് കാര്യങ്ങൾ പ്രതിപാദിച്ചത്. സംസ്ഥാന സർക്കാരിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ബഫർ സോൺ പ്രഖ്യാപിച്ചതെന്ന് കേന്ദ്രമന്ത്രി പ്രകാശ് ജാവദേക്കർ 2021 ൽ പാർലമെന്റിൽ വ്യക്തമാക്കിയിരുന്നു. സംസ്ഥാന സർക്കാരിന്റെ ഈ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിലാണ് സുപ്രീം കോടതിയുടെ വിധി വന്നിരിക്കുന്നത്.

സംരക്ഷിത വനങ്ങൾക്ക് ചുറ്റുമുള്ള കർഷക സമൂഹത്തിനടക്കം കടുത്ത പ്രതിസന്ധി സൃഷ്ടിക്കുന്ന തീരുമാനം കൈക്കൊണ്ട എൽ.ഡി.എഫ്. സർക്കാർ സുപ്രീംകോടതി വിധി വന്നതിനു ശേഷം കൈ മലർത്തുകയാണ്. 2019 ലെ ഉത്തരവ് കോടതിയിൽ തിരിച്ചടിയാകും എന്ന് മനസിലാക്കിയ സർക്കാർ 2022 ജൂലൈ 27 ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഉത്തരവ് 2022 ആഗസ്റ്റ് 10 ന് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ബഫർ സോണുമായി ബന്ധപ്പെട്ട 2019 ലെ മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച 2019 ഒക്ടോബർ 31 ലെ ഉത്തരവ് റദ്ദാക്കിയിട്ടില്ല. ഇത് വലിയ വീഴ്ചയാണ്. സംസ്ഥാന സർക്കാരിന്റെ വാദങ്ങളെ സുപ്രീം കോടതിയിൽ ദുർബലപ്പെടുത്തുന്നതാണ് ഈ നടപടി.

ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ അടിയന്തരമായി ചെയ്യേണ്ടത് ബഫർ സോൺ മേഖലയിൽ കൃഷിയിടങ്ങളും ആരാധനാലയങ്ങളും വീടുകളും സർക്കാർ ഓഫീസുകളും ഉണ്ടെന്ന് സുപ്രീം കോടതിയെ ബോധ്യപ്പെടുത്തുക, വനഭൂമിയുടെ ദേശീയ ശരാശരി 21% ആയിരിക്കെ കേരളത്തിൽ വനഭൂമി 30 ശതമാനത്തിനടുത്തുള്ള കാര്യവും കേരളത്തിന്റെ ജനസാന്ദ്രത ഇന്ത്യയിലേറ്റവും കൂടുതലാണെന്നും 3.30 കോടി ജനങ്ങളുള്ള ഈ ചെറിയ സംസ്ഥാനത്ത് വനനിയമം, നെൽവയൽ നീർത്തട സംരക്ഷണ നിയമം, തീരദേശ പരിപാലന നിയമം എന്നിവ മൂലം ഉപയോഗിക്കാവുന്ന ഭൂമിയുടെ പരിധി കുറവാണെന്ന കാര്യവും കേന്ദ്ര സർക്കാരിനെ അറിയിക്കുക എന്നുള്ളതാണ്. ബഫർ സോണിൽ ഇളവ് പരിഗണിക്കുന്ന സുപ്രീം കോടതി ബഞ്ച് മുമ്പാകെ പുനഃപരിശോധനാ ഹർജി വരുമ്പോൾ കേരളത്തിന്റെ വിഷയങ്ങൾ സംബന്ധിച്ച് കൃത്യവും വ്യക്തവുമായ നിലപാട് സ്വീകരിച്ച് സുപ്രീംകോടതിയെ ബോധ്യപ്പെടുത്തിയാൽ ഇക്കാര്യത്തിൽ കേരളത്തിനനുകൂലമായ തീരുമാനങ്ങൾ നേടിയെടുക്കുവാൻ സാധിക്കും. ആയതിന് വേണ്ടിയുള്ള നിലപാട് സ്വീകരിക്കണമെന്നതാണ് അടിയന്തരാവശ്യം.



സ്പീക്കറുടെ പൊതുപരിപാടികൾ

## നിയമസഭാംഗങ്ങളുടെ സൗഹൃദ ഫുട്ബോൾ മത്സരം



ലോകകപ്പ് ഫുട്ബോൾ മത്സരങ്ങളുടെ ഭാഗമായി നടന്ന നിയമസഭാംഗങ്ങളുടെ സൗഹൃദ ഫുട്ബോൾ മത്സരം നിയമസഭാ സ്പീക്കർ എ.എൻ.ഷംസീർ ഉദ്ഘാടനം ചെയ്തു. ഫുട്ബോൾ പ്രേമികൾ ആഗ്രഹിച്ചവിധം സ്വപ്ന സെമി ഫൈനൽ എന്ന നിലയിൽ അർജന്റീന, ബ്രസീൽ എന്നിങ്ങനെ രണ്ടു ടീമായി തിരിഞ്ഞായിരുന്നു മത്സരം. ആദ്യാവസാനം ഏറെ ആവേശം നിറഞ്ഞുനിന്ന മത്സരത്തിൽ രണ്ടിനെതിരെ നാല് ഗോളുകൾക്ക് ടീം അർജന്റീന വിജയിച്ചു. അർജന്റീനയുടെ ഫോർവേഡ് കെ.വി സുമേഷ് എം.എൽ.എ. മത്സരത്തിലെ മികച്ച താരമായി.



തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് നയിച്ച അർജന്റീന ടീമിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, എം.എൽ.എ.മാരായ പി.സി. വിഷ്ണുനാഥ്, ടി. സിദ്ധിഖ്, റോജി എം. ജോൺ, ടി. വി. ഇബ്രാഹിം, കെ. വി. സുമേഷ്, എം. വിജിൻ, സെബാസ്റ്റ്യൻ കുളത്തുങ്കൽ, എ. കെ. എം. അഷറഫ്, നജീബ് കാന്തപുരം, പ്രേംകുമാർ, ഡി. രാജ എന്നിവരും പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ നയിച്ച ബ്രസീൽ ടീമിൽ എം.എൽ.എ. മാരായ കെ.ടി ജലീൽ, അനൂപ് ജേക്കബ്, കെ. ബാബു (നെന്മാറ), പി. ഉബൈദുള്ള, തോട്ടത്തിൽ രവീന്ദ്രൻ, സേവ്യർ ചിറ്റിലപ്പള്ളി, എൽദോസ് കുന്നപ്പിള്ളിൽ, എച്ച്. സലാം, മാത്യു കുഴൽനാടൻ, എം.എസ്. അരുൺകുമാർ, കെ. ശാന്തകുമാരി എന്നിവരും അണിനിരന്നു.

നിയമസഭയിലെ വനിതാ സാമാജികരായ ഉമ തോമസ്, സി. കെ. ആശ, കെ.കെ. രമ എന്നിവർ ചേർന്ന് സമ്മാനവിതരണം നടത്തി. സമ്മാനമായി ലഭിച്ച ക്യാഷ് അവാർഡ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി.

ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ

## ജനങ്ങളുടെ ആവശ്യങ്ങൾ വേഗത്തിൽ പരിഹരിക്കും

ജനങ്ങളുടെ ആവശ്യങ്ങൾ വേഗത്തിൽ പരിഹരിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ. കടമ്പനാട് വില്ലേജിൽ നാൽപത്തിനാല് ലക്ഷം രൂപ ചെലവഴിച്ച് നിർമിക്കുന്ന സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിർമ്മാണ നിർവ്വഹണത്തിന്റെ ചുമതല പി. ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗത്തിനാണ്.

ജനങ്ങൾക്ക് അതിവേഗത്തിൽ സേവനം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ വില്ലേജ്,താലൂക്ക് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകൾ സ്മാർട്ട് ഓഫീസുകളായി മാറിക്കൊണ്ടിരിക്കുകയാണെന്നും ഡിജിറ്റൽ യുഗത്തിൽ പൊതുജനങ്ങൾക്ക് സമയബന്ധിതമായി സർക്കാരിന്റെ സേവനങ്ങൾ വേഗത്തിലെത്തിക്കുവാൻ ഓഫീസുകൾ സ്മാർട്ടാവുന്നതിലൂടെ സാധ്യമാകുമെന്നും ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു.

അടൂർ മണ്ഡലത്തിൽ വികസന പ്രവൃത്തികൾ വേഗത്തിൽ പുരോഗമിക്കുന്നുണ്ടെന്നും എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് ഓഫീസുകളായി മാറിയിട്ടുണ്ടെന്നും മണ്ഡലത്തിൽ ആരോഗ്യം, വിദ്യാഭ്യാസം, കായികം തുടങ്ങി സമസ്ത മേഖലകളിലും സമ്പൂർണമായ വികസനം ലക്ഷ്യം വച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നതെന്നും ഡെപ്യൂട്ടി സ്പീക്കർ കൂട്ടിച്ചേർത്തു.



ഇതരസഭാ വാർത്തകൾ

## ശങ്കർ ചൗധരി ഗുജറാത്ത് സ്പീക്കർ

ഗുജറാത്തിലെ പുതിയ നിയമസഭാ സ്പീക്കറായി ബി.ജെ.പി. എം.എൽ.എ. ശങ്കർ ചൗധരിയെയും ഡെപ്യൂട്ടി സ്പീക്കറായി ജേതാ ഭർവാദിനെയും എതിരില്ലാതെ തെരഞ്ഞെടുത്തു. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലാണ് ശങ്കർ ചൗധരിയുടെ പേര് നിർദ്ദേശിച്ചത്. ഭർവാദിന്റെ പേര് നിർദ്ദേശിച്ചത് ധനകാര്യമന്ത്രി കനുഭായ് ദേശായിയാണ്. വടക്കൻ ഗുജറാത്തിലെ തരാഡ് മണ്ഡലത്തിൽ നിന്നാണ് ശങ്കർ ചൗധരി നിയമസഭയിലെത്തിയത്. ജേതാ ഭർവാദ് കഴിഞ്ഞ നിയമസഭയിലും ഡെപ്യൂട്ടി സ്പീക്കറായിരുന്നു. മധ്യ ഗുജറാത്തിലെ സെഹ്റ മണ്ഡലത്തിൽ നിന്നുള്ള എം.എൽ.എ.യാണ് ഭർവാദ്.



ശങ്കർ ചൗധരി



ജേതാ ഭർവാദ്

## ഗ്രാമങ്ങളേയും നഗരങ്ങളേയും ഏറ്റെടുക്കാൻ പ്രമേയം പാസ്സാക്കി മഹാരാഷ്ട്ര നിയമസഭ

കർണാടക - മഹാരാഷ്ട്ര അതിർത്തിയിൽ മറാഠി ഭാഷ സംസാരിക്കുന്നവർ വസിക്കുന്ന കർണാടകയിലെ എണ്ണൂറ്റി അറുപത്തി അഞ്ച് ഗ്രാമങ്ങളേയും നഗരങ്ങളേയും ഏറ്റെടുക്കാൻ മഹാരാഷ്ട്ര നിയമസഭ പ്രമേയം പാസ്സാക്കി. സംസ്ഥാനത്തിന്റെ ഇരുസഭകളിലും മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെയാണ് പ്രമേയം അവതരിപ്പിച്ചത്. മറാഠി സംസാരിക്കുന്ന ജനങ്ങളെ അധിക്ഷേപിക്കുന്ന കർണാടക സർക്കാർ നയത്തെ പ്രമേയം ശക്തമായി എതിർത്തു. ഇരു സംസ്ഥാനങ്ങളും തമ്മിൽ ഈ വിഷയത്തിൽ ഉണ്ടായ തർക്കം പരിഹരിക്കുന്നതിന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തിയിരുന്നു. ഇതിനിടയിൽ കർണാടക സംസ്ഥാനത്തെ ഒരിഞ്ച് ഭൂമി പോലും വിട്ട് കൊടുക്കില്ലെന്ന് പ്രഖ്യാപിക്കുന്ന പ്രമേയം കർണാടക നിയമസഭ പാസ്സാക്കി. ഇതിന് മറുപടിയായയാണ് മഹാരാഷ്ട്ര സർക്കാരും പ്രമേയം പാസ്സാക്കിയത്.



ഏകനാഥ് ഷിൻഡെ

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

# ലഹരി വിരുദ്ധ പ്രചരണത്തിന്റെ ഭാഗമായി ഹ്രസ്വചിത്ര മത്സരം




കേരള സർക്കാരിന്റെ ലഹരി വിരുദ്ധ പ്രചരണത്തിന്റെ ഭാഗമായി കേരള നിയമസഭ കെ-ലാംപ്സ് (മീഡിയ)യുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾ, ജീവനക്കാർ, പൊതുജനം എന്നീ മൂന്ന് വിഭാഗങ്ങളിലായി ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന ഹ്രസ്വചിത്ര മത്സരം സംഘടിപ്പിച്ചു. മൂന്ന് വിഭാഗങ്ങളിലായി ലഭിച്ച ഇരുപത്തി ഏഴ് എൻട്രികളിൽ നിന്ന് അഞ്ചംഗ ജഡ്ജിംഗ് പാനൽ വിജയികളെ തെരഞ്ഞെടുത്തു.

വിദ്യാർത്ഥികളുടെ വിഭാഗത്തിൽ അൻസാഫ് സെദിക് ഒന്നാം സ്ഥാനവും രതൃഷ് ആന്റ് ടീം രണ്ടാം സ്ഥാനവും നേടി. പൊതുവിഭാഗത്തിൽ ഒന്നാം സ്ഥാനം പ്രകാശ് പ്രഭാകറിനും രണ്ടാം സ്ഥാനം സെബാസ്റ്റ്യൻ ജയിംസിനും ലഭിച്ചു. ജീവനക്കാരുടെ വിഭാഗത്തിൽ അനന്തു. ജെ. നായർ ഒന്നാം സ്ഥാനവും അംജാദ് അലി രണ്ടാം സ്ഥാനവും കരസ്ഥമാക്കി. 2023 ജനുവരി 13 ന് കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തോടനുബന്ധിച്ച് ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സ്പീക്കറുടെ സാന്നിധ്യത്തിൽ കേരള പി.എസ്.സി. അംഗം റോഷൻ റോയ് വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു. ഓരോ വിഭാഗത്തിലും ഒന്ന്, രണ്ട് സമ്മാനാർഹർക്ക് 10000 രൂപ, 5000 രൂപ വീതം ക്യാഷ് പ്രൈസും പ്രശസ്തി പത്രവും ഫലകവും സമ്മാനിച്ചു. കൂടാതെ പത്ത് പേർക്ക് പ്രോത്സാഹന സമ്മാനമായി ആയിരം രൂപ വീതം ക്യാഷ് പ്രൈസും പ്രശസ്തി പത്രവും ചടങ്ങിൽ നൽകി.

## സർവീസസ് വിഭാഗം ജീവനക്കാർക്ക് പരിശീലന പരിപാടി

കേരള നിയമസഭയുടെ പരിശീലന വിഭാഗമായ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആന്റ് പാർലമെന്ററി സ്റ്റഡി സെന്റർ (പി.എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ സർവീസസ് വിഭാഗം ഉദ്യോഗസ്ഥർക്കായി 2022 ഡിസംബർ 23 ന് നിയമസഭാ സമുച്ചയത്തിലെ V E കോൺഫറൻസ് ഹാളിൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് റൂൾസ് സംബന്ധിച്ച വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു.


കെ-ലാംപ്സ് (പി.എസ്.) 'ബി' വിഭാഗം സെക്ഷൻ ഓഫീസർ ആനന്ദ് കെ. പരിപാടിയിലേയ്ക്ക് ഉദ്യോഗസ്ഥരെ സ്വാഗതം ചെയ്യുകയും പരിശീലനത്തെ സംബന്ധിച്ച് ആമുഖമായി സംസാരിക്കുകയും ചെയ്തു. പൊതുഭരണ വകുപ്പ് റിട്ട. അഡീഷണൽ സെക്രട്ടറി വി. വി. മൊയ്തുണ്ണി പരിശീലന ക്ലാസ് നയിച്ചു. സർക്കാർ ജീവനക്കാരുടെ റിക്രൂട്ട്മെന്റ്, നിയമനം, സീനിയോറിറ്റി, പ്രൊബേഷൻ, പ്രൊമോഷൻ, ലീവ് എന്നിവ ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകളെക്കുറിച്ച് വിവരണം നൽകുകയും ഉദ്യോഗസ്ഥർ ഉന്നയിച്ച ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി നൽകുകയും ചെയ്തു. പരിശീലന പരിപാടിയിൽ പത്തൊൻപത് പേർ പങ്കെടുത്തു.

## അരുണാചൽ പ്രദേശ് എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ കേരള നിയമസഭാ സന്ദർശനം

അരുണാചൽ പ്രദേശ് നിയമസഭാ എസ്റ്റിമേറ്റ്സ് കമ്മിറ്റി കേരള നിയമസഭ സന്ദർശിച്ചു. അരുണാചൽ പ്രദേശ് നിയമസഭാ ഡെപ്യൂട്ടി സെക്രട്ടറി കെ.ജുഗ്‌ലിയുടെ നേതൃത്വത്തിലുള്ള പ്രതിനിധിസംഘമാണ് 2022 ഡിസംബർ 9 ന് കേരള നിയമസഭ സന്ദർശിച്ചത്. പ്രതിനിധി സംഘം നിയമസഭാ സെക്രട്ടറി എ.എം.ബഷീറുമായി കൂടിക്കാഴ്ച നടത്തുകയും നിയമസഭാ ചേംബർ, ലൈബ്രറി, നിയമസഭാ മ്യൂസിയം എന്നിവിടങ്ങൾ സന്ദർശിക്കുകയും ചെയ്തു. കൂടാതെ കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി ഉദ്യോഗസ്ഥരുമായി ഉദ്യോഗസ്ഥ സംഘം ചർച്ച നടത്തി.

## ജാർഖണ്ഡ് നിയമസഭയുടെ പ്രസ്സ് അഡ്വൈസറി കമ്മിറ്റി കേരള നിയമസഭ സന്ദർശിച്ചു

ജാർഖണ്ഡ് നിയമസഭയുടെ പതിനഞ്ചംഗ പ്രസ്സ് അഡ്വൈസറി കമ്മിറ്റി 2023 ജനുവരി 13 ന് കേരള നിയമസഭ സന്ദർശിച്ചു. സംസ്ഥാന ഗതാഗത വകുപ്പ് സെക്രട്ടറിയുമായും റോഡ് സുരക്ഷാ കമ്മീഷണറുമായും റോഡ് സുരക്ഷാ മേഖലയിലെ പുതിയ ഇടപെടലുകളെക്കുറിച്ച് സമിതി ചർച്ച ചെയ്തു. പത്ര-മീഡിയ രംഗത്തെ ജീവനക്കാർക്കായുള്ള ക്ഷേമപദ്ധതികളെക്കുറിച്ച് സംസ്ഥാന വിവര പൊതുജന സമ്പർക്ക വകുപ്പുമായി സമിതി ചർച്ച നടത്തി. സ്പീക്കർ എ.എൻ.ഷംസീറുമായും നിയമസഭാ സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി എന്നിവരുമായും സമിതി കൂടിക്കാഴ്ച നടത്തി. സമിതിയംഗങ്ങൾ നിയമസഭാ മന്ദിരവും നിയമസഭാ സമുച്ചയത്തിൽ നടന്നുവരുന്ന അന്താരാഷ്ട്ര പുസ്തകോത്സവവും സന്ദർശിച്ചു. സ്കൂൾ വിദ്യാർത്ഥികളേയും പൊതുജനങ്ങളേയും പങ്കെടുപ്പിച്ച് നിയമസഭയുടെ ആഭിമുഖ്യത്തിൽ ഇത്തരമൊരു പുസ്തകോത്സവം സംഘടിപ്പിച്ചതിൽ കേരള നിയമസഭയേയും സ്പീക്കറേയും അഭിനന്ദിക്കുന്നതായി സമിതി കോ-ഓർഡിനേറ്ററും റാഞ്ചിയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന 'പ്രഭാത് ഖബർ' ദിനപത്രത്തിന്റെ പ്രതിനിധിയുമായ ആനന്ദ മോഹൻ അഭിപ്രായപ്പെട്ടു.



## കേരള നിയമസഭ സന്ദർശിച്ച് ജർമ്മൻ പാർലമെന്റ് അംഗങ്ങൾ

ജർമ്മൻ പാർലമെന്റിൽ നിന്നുമുള്ള അഞ്ച് എം.പി.മാർ 2023 ഫെബ്രുവരി 1 ന് കേരള നിയമസഭ സന്ദർശിച്ചു. കേരളത്തിന്റെ വികസന നേട്ടങ്ങളും സഭാ പ്രവർത്തനങ്ങളും സ്പീക്കർ ജർമ്മൻ സംഘത്തിന് വിശദീകരിച്ചു. സന്ദർശനത്തിന്റെ ഭാഗമായി സംഘാംഗങ്ങൾ കേരള നിയമസഭയുടെ നടപടിക്രമങ്ങൾ വീക്ഷിച്ചു. എം.പി.മാരായ രാൽഫ് ബ്രിങ്കാസ്, ഡോ. തോർസ്റ്റൺ റുഡോൾഫ്, മരിയാ ക്ലെൻസ്കിമിങ്ക്, കരീന കൊൻറാഡ്, ജെറാൾഡ് ഓട്ടൻ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.



# വായന ലഹരിയാക്കി കേരള നിയമസഭ

ഒന്നാം പേജിന്റെ തുടർച്ച

ഉദ്ഘാടനചടങ്ങ്

ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികൾ പുസ്തകോത്സവവേളയിൽ നിയമസഭ സന്ദർശിച്ചതായി കണക്കാക്കുന്നു. പുസ്തകോത്സവത്തിനായി എത്തിച്ചേർന്ന വിദ്യാർത്ഥികൾക്ക് നിയമസഭാ മ്യൂസിയം, നിയമസഭാ ഹാൾ എന്നിവയ്ക്ക് പുറമേ നേപ്പിയർ മ്യൂസിയം, മൃഗശാല എന്നിവയും സൗജന്യമായി സന്ദർശിക്കാൻ അവസരമൊരുക്കി. കൂടാതെ കെ.എസ്.ആർ.ടി.സി. ഡബിൾ ഡക്കർ ബസുകളിൽ നഗരം ചുറ്റുന്നതിനും അവസരമുണ്ടായിരുന്നു. നിയമസഭാ മന്ദിരം പൂർണ്ണമായും പൊതുജനങ്ങൾക്ക് തുറന്നുകൊടുത്ത ഇക്കാലയളവിൽ മൂന്നു ലക്ഷത്തോളം പേർ നിയമസഭ സന്ദർശിച്ചതായി കണക്കാക്കുന്നു.



പുസ്തകോത്സവത്തോടനുബന്ധിച്ച് വിവിധ പ്രസാധകരിൽ നിന്നും ഏഴ് കോടിയിലധികം രൂപയുടെ പുസ്തകങ്ങൾ വിറ്റുപോയതായി കണക്കാക്കുന്നു. സാമാജികരുടെ പ്രത്യേക വികസന നിധിയിൽ നിന്ന് മൂന്ന് ലക്ഷം രൂപ വീതം മണ്ഡലത്തിലെ സ്കൂളുകൾക്കും ലൈബ്രറികൾക്കും പുസ്തകങ്ങൾ വാങ്ങുന്നതിനായി അനുവദിച്ചിരുന്നു. വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ഇരുപത്തി അഞ്ച് ലക്ഷം രൂപയുടെ പുസ്തക കൂപ്പണുകൾ വാങ്ങി. പുസ്തകോത്സവത്തിന്റെ ഭാഗമായി കേരള നിയമസഭയുടെയും UNICEF ന്റെയും സംയുക്താഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി സെമിനാർ സംഘടിപ്പിച്ചു. സെമിനാറിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് പരിസ്ഥിതി സംബന്ധിയായ പുസ്തകങ്ങൾ വിതരണം ചെയ്തു. ഇതിനായി UNICEF മുഖേന 4.5 ലക്ഷം രൂപയുടെ പുസ്തകങ്ങൾ വാങ്ങുകയും സർവ്വ ശിക്ഷ അഭിയാന്റെ സ്കൂൾ ലൈബ്രറി ഗ്രാന്റ് മുഖേന 4.86 കോടി രൂപ വിനിയോഗിച്ച് സ്കൂളുകൾക്ക് പുസ്തകങ്ങൾ വാങ്ങാൻ അവസരമൊരുക്കുകയും ചെയ്തിരുന്നു.

## ആദ്യ ദിവസം (2023 ജനുവരി 9)

പുസ്തകോത്സവത്തിന്റെ ആദ്യ ദിനം പതിനേഴ് പുസ്തകങ്ങളാണ് പ്രകാശനം ചെയ്തത്. ഇതിൽ ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് എഴുതിയ 'സാമാജികൻ സാക്ഷി' നിയമസഭാ സെക്രട്ടറി എ.എം. ബഷീറിന്റെ 'തെമിസ്', നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരായ എം.കെ. രാജന്റെ 'ബിയാസ്', ഷിബു ആർ., അയ്യപ്പദാസ് പി.എസ്., നെൽസൺ ജെ. എളുക്കുന്നേൽ എന്നിവരുടെ 'കേരള നിയമസഭ: ചോദ്യം ഉത്തരം' എന്നീ പുസ്തകങ്ങളും ഉൾപ്പെടുന്നു. പരിപാടിയോടനുബന്ധിച്ച് 'മാധ്യമം പത്രപ്രവർത്തനം മാറുന്ന വാർത്താലോകം' എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചിരുന്നു. ദേശീയ മാധ്യമങ്ങൾ കോർപ്പറേറ്റുകളുടെ ആർപ്പുവിളി സംഘമായി മാറുന്നുവെന്ന് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു.

മാധ്യമം പത്ര പ്രവർത്തനം മാറുന്ന വാർത്താലോകം



അന്നേ ദിവസം വൈകുന്നേരം ഭാവഗായകൻ പി. ജയചന്ദ്രനെ ആദരിക്കുന്നതിനായി 'മധുചന്ദ്രിക' എന്ന പേരിൽ സംഗീത നിശ സംഘടിപ്പിച്ചിരുന്നു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ്കുമാർ സംഗീത പരിപാടി ഉദ്ഘാടനം ചെയ്തു.

## രണ്ടാം ദിവസം (2023 ജനുവരി 10)

പന്ത്രണ്ട് പുസ്തകങ്ങളാണ് രണ്ടാം ദിവസം പ്രകാശനം ചെയ്തത്. ഇതിൽ നിയമസഭാ ജീവനക്കാരനായ സബാഹ് രചിച്ച 'പൊയ്ക' എന്ന പുസ്തകവും ഉൾപ്പെടുന്നു. അന്നേ ദിവസം 'ഇ.എം.എസ്. രാഷ്ട്രീയവും എഴുത്തു ജീവിതവും' എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചിരുന്നു. ദൈനംദിന രാഷ്ട്രീയത്തിന് ആഴത്തിലുള്ള ചരിത്രപരമായ അടിത്തറ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ പ്രവർത്തനം നടത്തുകയും ചെയ്ത വ്യക്തിയായിരുന്നു ഇ.എം.എസ്. എന്ന് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച മുൻമന്ത്രി ഡോ. ടി.എം. തോമസ് ഐസക് പറഞ്ഞു. ഇന്ന് കേരളം മുന്നോട്ട് വയ്ക്കുന്ന ബദൽ വികസന മാതൃകയുടെ തുടക്കം ഇ.എം.എസ്. ൽ നിന്നാണെന്ന് മുൻമന്ത്രി എം.എ. ബേബിയും അനുസ്മരിച്ചു. ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടന്ന പരിപാടിയിൽ പ്രൊഫ. ജി. ബാലചന്ദ്രൻ, ഡോ. രാജൻ ഗുരുക്കൾ, കെ.ആർ. മല്ലിക എന്നിവരും പങ്കെടുത്തു.

ഇ.എം.എസ്. രാഷ്ട്രീയവും എഴുത്തു ജീവിതവും

അന്നേ ദിവസം 'സമകാലീന നോവലിന്റെ സഞ്ചാര വഴികൾ' എന്ന വിഷയത്തിൽ നടന്ന സംവാദത്തിൽ എഴുത്തിനെ രാഷ്ട്രീയ പ്രവർത്തനമായാണ് കാണുന്നതെന്ന് സാഹിത്യകാരൻ ടി.ഡി. രാമകൃഷ്ണൻ അഭിപ്രായപ്പെട്ടു. നിലവിലെ വ്യവസ്ഥകളോടുള്ള തന്റെ കലഹങ്ങൾ തന്നെയാണ് എഴുത്തിലും പ്രതിഫലിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രമേയത്തിലും ആഖ്യാനരീതിയിലും പുതുമ നിറഞ്ഞ കാലഘട്ടത്തിലൂടെയാണ് മലയാള നോവൽ സാഹിത്യം കടന്നുപോകുന്നതെന്ന് സാഹിത്യകാരൻ ജോർജ് ഓണക്കൂർ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കവേ അഭിപ്രായപ്പെട്ടു. മലയാള സാഹിത്യവും എഴുത്തുകാരും ദേശാന്തരങ്ങൾ കടന്ന് ചെല്ലുന്ന കാഴ്ചയാണ് ഇപ്പോൾ കാണുന്നതെന്ന് ചർച്ചയുടെ മോഡറേറ്റർ വി.ജെ. ജെയിംസ് പറഞ്ഞു.

വൈകുന്നേരം നടന്ന കവിയരങ്ങിൽ മലയാളത്തിലെ പ്രിയ എഴുത്തുകാരായ ഗിരീഷ് പുലിയൂർ, പവിത്രൻ തീക്കുനി, പി.കെ. ഗോപി എന്നിവർ പങ്കെടുത്തു. അന്നേ ദിവസം 'നാം തെരഞ്ഞെടുക്കുന്നതാണ് ഭാവി' എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച വിഷൻ ടോക്കിൽ മുരളി തുമ്മാരുകുടി സംസാരിച്ചു. തുടർന്ന് സ്മൃതി സന്ധ്യയിൽ പി. ഭാസ്കരൻ, വയലാർ രാമവർമ്മ എന്നിവരെ അനുസ്മരിച്ച് ശ്രീകുമാരൻ തമ്പിയും വയലാർ ശരത്ചന്ദ്ര വർമ്മയും സംസാരിച്ചു.

രണ്ടാം ദിവസം വൈകുന്നേരം ജീവൻ ടി.വി.യുടെ ആഭിമുഖ്യത്തിൽ നിരവധി കലാകാരന്മാർ അണിനിരന്ന 'ശ്രുതിലയ സന്ധ്യ' എന്ന പരിപാടിയും സംഘടിപ്പിച്ചിരുന്നു. അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ രണ്ടാം ദിവസം മുപ്പത് സ്കൂളുകളിൽ നിന്നുള്ള കുട്ടികൾ പരിപാടിയിൽ പങ്കെടുത്തു.

കവിയരങ്ങ്

## മൂന്നാം ദിവസം (2023 ജനുവരി 11)

പുസ്തകോത്സവത്തിന്റെ മൂന്നാം ദിവസം ഒൻപത് പുസ്തകങ്ങളാണ് പ്രകാശനം ചെയ്തത്. അന്നേ ദിവസം നിരവധി വിദ്യാർത്ഥികളാണ് മേളയുടെ ഭാഗമായത്. ഇതിൽ ആലുവ സ്കൂൾ ഓഫ് ബ്ലൈൻസിലെ വിദ്യാർത്ഥികളും ഉൾപ്പെടുന്നു. മൂന്നാം ദിവസം ഏകദേശം ആറായിരം കുട്ടികൾ മേള കാണാനെത്തി. അന്നേ ദിവസം 'മലയാള നാടക പ്രസ്ഥാനം' എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചിരുന്നു. പ്രദീപ് പനങ്ങാട് മോഡറേറ്ററായ ചർച്ചയിൽ പ്രശാന്ത് നാരായണൻ, പ്രമോദ് പയ്യന്നൂർ, സുധി ദേവയാനി, പുഷ്പവതി പൊയ്പാടത്ത്, രാധാകൃഷ്ണൻ ചെറുവല്ലി എന്നിവർ പങ്കെടുത്തു. ശേഷം ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലം വരെയുള്ള വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരവും സംഘടിപ്പിച്ചിരുന്നു. പുസ്തകോത്സവത്തിന്റെ ഭാഗമായി 'അന്ധവിശ്വാസത്തിനെതിരെ അടിസ്ഥാനശാസ്ത്രം വീട്/സ്കൂൾ/സമൂഹം' എന്ന വിഷയത്തിൽ പാനൽ ചർച്ചയും സംഘടിപ്പിച്ചു. ശാസ്ത്ര പ്രചാരകൻ ദിനേശ് തെക്കുമ്പാട് മോഡറേറ്ററായ ചർച്ചയിൽ എഴുത്തുകാരനും അദ്ധ്യാപകനുമായ വൈശാഖൻ തമ്പി, ജീവൻ ജോബ് തോമസ് എന്നിവർ പങ്കെടുത്തു. 'മലയാള പുസ്തക പ്രസാധകരംഗം ചരിത്രം, വർത്തമാനം, ഭാവി' എന്ന വിഷയത്തിലും അന്നേ ദിവസം പാനൽ ചർച്ച സംഘടിപ്പിച്ചിരുന്നു.



മൂന്നാം ദിവസം ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ബുക്കർ പ്രൈസ് സമ്മാന ജേതാവും ശ്രീലങ്കൻ എഴുത്തുകാരനുമായ ഷെഹാൻ കരുണതിലകെ പങ്കെടുത്ത മീറ്റ് ദ ഓതർ പരിപാടി സംഘടിപ്പിച്ചിരുന്നു. നർമ്മബോധവും വിമർശന ശേഷിയുമുള്ള ജനതയാണ് നാടിന്റെ ശക്തിയെന്ന് പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കവെ കരുണതിലകെ അഭിപ്രായപ്പെട്ടു. ശ്രീലങ്കൻ ഇംഗ്ലീഷിൽ എഴുതിയതിലൂടെ പ്രമേയ പരിസരത്തെക്കുറിച്ച് വായനക്കാരിൽ അവബോധമുണ്ടാക്കാൻ സഹായകരമായെന്ന് കരുണതിലകെ പറഞ്ഞു. ദി സെവൻ മൂൺസ് ഓഫ് മാലി അൽമേഡ എന്ന പുസ്തകം പൂർത്തിയാക്കാൻ ഏഴു വർഷമെടുത്തുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വൈകുന്നേരം സംഘടിപ്പിച്ച കവിയരങ്ങിൽ കുരീപ്പുഴ ശ്രീകുമാർ, വിനോദ് വൈശാലി, കണിമോൾ, ആര്യ ഗോപി, സുമേഷ് കൃഷ്ണൻ എന്നിവർ പങ്കെടുത്തു. അന്നേ ദിവസത്തെ സാംസ്കാരിക പരിപാടിയിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു.

ഷെഹാൻ കരുണ തിലകെ പങ്കെടുത്ത പരിപാടി

## നാലാം ദിവസം (2023 ജനുവരി 12)

പതിനാല് പുസ്തകങ്ങളാണ് നാലാം ദിവസം പ്രകാശനം ചെയ്തത്. 'മതേതര രചനകളുടെ പ്രാധാന്യവും സമകാലിക വെല്ലുവിളികളും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച മീറ്റ് ദ ഓതർ പരിപാടിയിൽ തീസ്ഥ സെതൽവാദ്, രേവതി ലോൾ, വെങ്കിടേഷ് രാമകൃഷ്ണൻ എന്നിവർ പങ്കെടുത്തു. വർഗീയ ശക്തികൾ നീതിന്യായ വ്യവസ്ഥയെ ക്രിമിനൽവൽക്കരിക്കുകയാണ് ചെയ്യുന്നതെന്ന് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച മനുഷ്യാവകാശ പ്രവർത്തക തീസ്ഥ സെതൽവാദ് പറഞ്ഞു. അക്രമം ഒരു വശത്ത് തുടരുമ്പോഴും വർഗീയ ശക്തികളുമായി സംഭാഷണത്തിന് തുടക്കമിട്ടാൽ മാത്രമേ കൂടുതൽ ലിബറൽ ഇടങ്ങൾ കണ്ടെത്താനാകൂവെന്ന് രേവതി ലോൾ അഭിപ്രായപ്പെട്ടു. സ്വീകാര്യത ഇല്ലാത്ത ഇടങ്ങളിലും ആശയങ്ങൾ പ്രചരിപ്പിക്കുക എന്ന പ്രക്രിയയിലൂടെയാണ് വർഗീയത വളരുന്നതെന്ന് മാധ്യമ പ്രവർത്തകൻ വെങ്കിടേഷ് രാമകൃഷ്ണൻ അഭിപ്രായപ്പെട്ടു.

മികച്ച സിനിമയും അനുബന്ധ സൃഷ്ടികളും ലഹരി ഉപയോഗത്തിലൂടെ മാത്രമേ ഉണ്ടാവുകയുള്ളൂ എന്ന തെറ്റായ ധാരണ ദുഃഖകരമാണെന്ന് കെ.ബി. ഗണേഷ് കുമാർ എം.എൽ.എ. അഭിപ്രായപ്പെട്ടു. 'സിനിമയും എഴുത്തും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച പാനൽ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പരിപാടിയിൽ മണിയൻ പിള്ള രാജുവിന്റെ 'ചിരിച്ചും ചിരിപ്പിച്ചും' എന്ന പുസ്തകം സ്പീക്കർ എ.എൻ.ഷംസീർ പ്രകാശനം ചെയ്തു. ഇടവേള ബാബു, ടിനി ടോം, വിപിൻ ദാസ്, മണിയൻ പിള്ള രാജു എന്നിവരും ചർച്ചയിൽ പങ്കെടുത്തു.




സമഭാവനയോടെ ട്രാൻസ് സമൂഹത്തെ ഉൾക്കൊള്ളേണ്ടതുണ്ടെന്നും ലിംഗ സമത്വമല്ല ലിംഗ നീതിയാണ് വേണ്ടതെന്നും ട്രാൻസ് സമൂഹത്തിലെ ആക്ടിവിസ്റ്റുകളും എഴുത്തുകാരുമായ വിജയരാജമല്ലികയും സൂര്യ ഇഷാനും അമേയ പ്രസാദും അഭിപ്രായപ്പെട്ടു. 'മലയാളത്തിലെ മഴവിൽ അനുഭവങ്ങൾ' എന്ന പാനൽ ചർച്ചയിലാണ് ട്രാൻസ്ജെൻഡർ സമൂഹം നേരിടുന്ന വെല്ലുവിളികളെകുറിച്ച് അവർ മനസ് തുറന്നത്. ഇന്ത്യയിലെ തുർക്കി അമ്പാസിഡർ ഫിരാത് സുനെൽ രചിച്ച 'In the Shadow of the Weaping Willows' എന്ന നോവലിന്റെ മലയാള പരിഭാഷയായ 'ഇലപൊഴിയും മരത്തിന്റെ നിഴലുകളിൽ' എന്ന കൃതിയുടെ പ്രകാശനം അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവ്വഹിച്ചു.




## ടി.പത്മനാഭന് പ്രഥമ കേരള നിയമസഭ ലൈബ്രറി പുരസ്കാരം

പ്രഥമ കേരള നിയമസഭ ലൈബ്രറി പുരസ്കാരം മലയാളത്തിന്റെ പ്രിയ കഥാകാരൻ ടി. പത്മനാഭന് സമ്മാനിച്ചു. കഥകളുടെ എഴുത്തച്ഛൻ എന്ന് വിശേഷിപ്പിക്കാവുന്ന ടി.പത്മനാഭൻ മലയാള ചെറുകഥാ ലോകത്തെ അപൂർവ്വ സാന്നിധ്യമാണ്. മനോഹരമായ വാക്കുകൾ കൊണ്ട് ആർദ്രവും തീക്ഷ്ണവുമായ കഥകൾ രചിച്ച് മലയാള ചെറുകഥാ സാഹിത്യത്തിന് പുതിയ മാനങ്ങൾ നൽകിയ എഴുത്തുകാരനാണദ്ദേഹം. സ്വന്തം ജീവിതാനുഭവങ്ങൾ തന്നെയാണ് തന്റെ കഥകളുടെ ഇതിവൃത്തമെന്ന് അദ്ദേഹം തന്നെ പറയുന്നു.1931 ൽ കണ്ണൂർ ജില്ലയിലെ പള്ളിക്കുന്നിലാണ് ജനനം. ചിറക്കൽ രാജാസ് ഹൈസ്കൂൾ, മംഗലാപുരം ഗവ.കോളേജ്, മദ്രാസ് ലോ കോളേജ് എന്നിവിടങ്ങളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി. അഭിഭാഷകനായിരുന്ന ടി.പത്മനാഭൻ പിന്നീട് എഫ്.എ.സി.ടി.യിൽ ഉദ്യോഗസ്ഥനായി. 1989 ൽ ഡെപ്യൂട്ടി ജനറൽ മാനേജരായി വിരമിച്ചു. എഴുത്തിന്റെ നിരവധി വർഷങ്ങൾ പിന്നിട്ട അദ്ദേഹത്തിന്റെ കഥകളെല്ലാം പ്രകാശം പരത്തുന്നവയാണ്. പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖർ സിങ്ങിന്റെ മരണം, ഗൗരി, ഒരു കഥാകൃത്ത് കുരിശിൽ, സാക്ഷി, ആത്മാവിന്റെ മുറിവുകൾ, കടൽ, പുഴകടന്ന് മരങ്ങളുടെ ഇടയിലേക്ക്, ഹിമവാൻ തുടങ്ങി നിരവധി കഥകൾ അദ്ദേഹത്തിന്റെ തൂലികാ സ്പർശമേറ്റവയാണ്. നിരവധി വിദേശഭാഷകളിലേക്ക് കൃതികൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ്, വള്ളത്തോൾ അവാർഡ്, ഓടക്കുഴൽ അവാർഡ്, ലളിതാംബികാ അന്തർജ്ജനം പുരസ്കാരം, മുട്ടത്തു വർക്കി പുരസ്കാരം, ഭാരതീയ ഭാഷാ പരിഷത്ത് പുരസ്കാരം, മാതൃഭൂമി സാഹിത്യ പുരസ്കാരം, കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വം തുടങ്ങി നിരവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

വിഷൻ ടോക്കിൽ Era of Machine Learning എന്ന വിഷയത്തിൽ അച്യുത് ശങ്കർ എസ്.നായർ പങ്കെടുത്ത് സംസാരിച്ചു. അന്താരാഷ്ട്ര പുസ്തോകോത്സവത്തോടനുബന്ധിച്ച് കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരവും അന്നേ ദിവസം സംഘടിപ്പിച്ചിരുന്നു. നാലാം ദിവസം വൈകുന്നേരം തിരുവനന്തപുരം ആയോധന ഫൗണ്ടേഷന്റെ മാർഷ്യൽ ആർട്ട് ഷോയും സംഘടിപ്പിച്ചിരുന്നു. തുടർന്ന് സീ ചാനൽ സംഘടിപ്പിച്ച പ്രതിഭാ സംഗമത്തിൽ നിരവധി കലാകാരൻമാർ അണിനിരന്നു.

## അഞ്ചാം ദിവസം (2023 ജനുവരി 13)

മുൻ നിയമസഭാ സെക്രട്ടറി വി.കെ.ബാബുപ്രകാശ് രചിച്ച 'നീതിയുടെ പ്രതിസ്പന്ദനം' എന്ന പുസ്തകം ഉൾപ്പെടെ പതിനഞ്ച് പുസ്തകങ്ങൾ അഞ്ചാം ദിവസം പ്രകാശനം ചെയ്തു. 'ദേശീയ വിദ്യാഭ്യാസ നയവും കേരളവും' എന്ന വിഷയത്തിൽ പാനൽ ചർച്ചയും അന്നേ ദിവസം സംഘടിപ്പിച്ചിരുന്നു. പ്രൊഫ പി.പി.അജയകുമാർ മോഡറേറ്ററായിരുന്ന ചർച്ചയിൽ പ്രൊഫ.ഗോപാൽ ഗുരു, ഡോ. ബി.ഇക്ബാൽ, ഡോ.പി.എസ്.ശ്രീകല, മുൻ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ, ശ്യാമ എസ്.പ്രഭ തുടങ്ങിയവർ പങ്കെടുത്തു. തുല്യത, മതേതരത്വം, സാമൂഹ്യനീതി എന്നിവ വിദ്യാഭ്യാസ മേഖലയിൽ അനിവാര്യമാണെന്നും ഗുണമേന്മയുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കാൻ ഉന്നതമൂല്യമുള്ള വിദ്യാഭ്യാസമാണ് വേണ്ടതെന്നും ചർച്ചയിൽ അഭിപ്രായമുയർന്നു. പൊതുജനങ്ങൾക്കായുള്ള ക്വിസ് മത്സരവും അഞ്ചാം ദിവസം സംഘടിപ്പിച്ചിരുന്നു.

ദേശീയ വിദ്യാഭ്യാസ നയവും കേരളവും

എം.സ്വരാജ് മോഡറേറ്ററായി 'ജനാധിപത്യവും ഫെഡറലിസവും' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ എം.എൽ.എ.മാരായ എം.വി.ഗോവിന്ദൻ മാസ്റ്റർ, രമേശ് ചെന്നിത്തല, എം.പി.മാരായ അബ്ദുൾ സമദ് സമദാനി, ജോസ് കെ.മാണി എന്നിവരും പി.കെ. കൃഷ്ണദാസും പങ്കെടുത്തു.

ജനാധിപത്യവും ഫെഡറലിസവും

വ്യക്തിജീവിതത്തിലും പ്രൊഫഷണൽ ജീവിതത്തിലും വ്യക്തി സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം എന്ന വിഷയത്തിൽ സംഘടിപ്പിച്ച വിഷൻ ടോക്കിൽ പങ്കെടുത്ത ശ്രീധന്യ സുരേഷ് ഐ.എ.എസ്. സമൂഹത്തിലെ ഓരോരുത്തർക്കും വ്യക്തി സ്വാതന്ത്ര്യമുണ്ടെന്നും അത് സ്വന്തം വളർച്ചയ്ക്കും




സമൂഹ പുരോഗതിക്കുമായി വിനിയോഗിക്കാൻ സാധിക്കണമെന്നും അഭിപ്രായപ്പെട്ടു. 'ഇന്ത്യൻ സ്പേസ് പ്രോഗ്രാം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച വിഷൻ ടോക്കിൽ വി.എസ്.എസ്.സി. ഡയറക്ടർ ഡോ.എസ്. ഉണ്ണികൃഷ്ണൻ നായർ പങ്കെടുത്തു. കാർട്ടൂണിസ്റ്റ് ജിതേഷ് ജി. അവതരിപ്പിച്ച വരയരങ്ങും, ഒരു ഗ്രാമം നൂറ് ഓർമ്മകൾ എന്ന പുസ്തക ചർച്ചയും മലയാള മനോരമ ചാനലിന്റെ ആഭിമുഖ്യത്തിൽ പ്രമുഖ ഗായകർ അണിനിരന്ന വിസ്മയ സന്ധ്യയും അഞ്ചാം ദിവസത്തെ പരിപാടിക്ക് മാറ്റ് കൂട്ടി.

## ആറാം ദിവസം (2023 ജനുവരി 14)

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം ആറാം ദിനം പത്ത് പുസ്തകങ്ങൾ പ്രകാശനം ചെയ്തു. മലയാള സാഹിത്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെ പ്രമുഖർ പുസ്തക പ്രകാശന ചടങ്ങിൽ പങ്കെടുത്തു. അന്നേ ദിവസം 'കാലാവസ്ഥയും ദുരന്തനിവാരണവും' എന്ന വിഷയത്തിൽ യുണിസെഫ് സ്കൂൾ കുട്ടികൾക്കായി സംഘടിപ്പിച്ച സെമിനാർ പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. സെമിനാറിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് പരിസ്ഥിതി സംബന്ധിയായ പുസ്തകങ്ങൾ വിതരണം ചെയ്തു. 'വിവർത്തന സാഹിത്യം' എന്ന വിഷയത്തിൽ അന്നേ ദിവസം പാനൽ ചർച്ചയും സംഘടിപ്പിച്ചിരുന്നു. കെ.ബി. പ്രസന്ന കുമാർ മോഡറേറ്ററായ ചർച്ചയിൽ, സുനിൽ ഞാളിയത്ത്, ഡോ. രേഷ്മ എന്നിവർ പങ്കെടുത്തു. വൈകുന്നേരം എ.സി.വി. ചാനലിന്റെ ആഭിമുഖ്യത്തിൽ സംഗീത പരിപാടിയും സംഘടിപ്പിച്ചിരുന്നു.

## ഏഴാം ദിവസം (2023 ജനുവരി 15)

അന്താരാഷ്ട്ര പുസ്തോകത്സവത്തിന്റെ ഏഴാം ദിവസം അഞ്ച് പുസ്തകങ്ങൾ പ്രകാശനം ചെയ്തു. നിയമസഭാ കവാടത്തിൽ പരിഷ്കരിച്ച അക്ഷരമാലയുടെ പ്ലക്കാർഡുകളുയർത്തി മലയാളം പള്ളിക്കൂടത്തിലെ കുട്ടികൾ ഏഴാം ദിവസം ഏവരുടേയും ശ്രദ്ധ ആകർഷിച്ചു. സ്പീക്കറോടൊപ്പം ഭാഷാ പ്രതിജ്ഞ ചൊല്ലിയും ആർപ്പു വിളിച്ചും കുട്ടികൾ മാതൃഭാഷയുടെ മധുരം പങ്കിട്ടു. ചെണ്ടയും ചിരട്ടത്താളവും പ്രസംഗവും കുട്ടിപ്പാട്ടുകളും കവിതകളുമൊക്കെയായി പുസ്തകോത്സവ വേദിയിലെത്തിയ കുട്ടികൾ മാതൃഭാഷയുടെ മഹത്വം അടയാളപ്പെടുത്തി.






അന്നേ ദിവസം ശശി തരൂർ എം.പി. അദ്ദേഹത്തിന്റെ ഏറ്റവും പുതിയ പുസ്തകം Ambedkar: A Life വായനക്കാർക്ക് പരിചയപ്പെടുത്തുന്ന 'മീറ്റ് ദ ഓതർ' പരിപാടിയും സംഘടിപ്പിച്ചിരുന്നു. ആധുനിക ഇന്ത്യൻ സമൂഹത്തിൽ മുമ്പത്തേക്കാൾ അധികം ജാതി വ്യവസ്ഥ വേരുറച്ചു പോയെന്ന് ശശി തരൂർ എം.പി. അഭിപ്രായപ്പെട്ടു. പുസ്തകോത്സവ വേദിയിൽ വായനക്കാരുമായി അദ്ദേഹം സംവദിച്ചു. 'എഴുത്തിലെ സ്ത്രീ സഞ്ചാരങ്ങൾ' എന്ന വിഷയത്തിലും അന്നേ ദിവസം പാനൽ ചർച്ച സംഘടിപ്പിച്ചിരുന്നു.

ശശി തരൂർ
പങ്കെടുത്ത പരിപാടി




ഒരാഴ്ച നീണ്ട് നിന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ സമാപന സമ്മേളനം 2023 ജനുവരി 15 ന് നിയമസഭാ സമുച്ചയത്തിലെ ആർ.ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ നടന്നു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സ്വാഗതം ആശംസിച്ച ചടങ്ങിന് അധ്യക്ഷത വഹിച്ചത് സ്പീക്കർ എ.എൻ.ഷംസീർ ആണ്. ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ സന്ദേശം നിയമസഭാ സെക്രട്ടറി എ.എം.ബഷീർ വായിച്ചു. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ഒരു നിയമനിർമ്മാണ സഭ അന്താരാഷ്ട്ര പുസ്തകോത്സവം സംഘടിപ്പിച്ചു എന്ന ഖ്യാതി കേരള നിയമസഭയ്ക്കാണെന്ന് അധ്യക്ഷ പ്രസംഗത്തിൽ സ്പീക്കർ പറഞ്ഞു. പ്രമുഖ മറാത്തി എഴുത്തുകാരനും സരസ്വതി സമ്മാൻ ജേതാവുമായ ശരൺകുമാർ ലിംബാളെയാണ് ചടങ്ങ് ഉദ്ഘാടനം ചെയ്തത്. കേരള നിയമസഭ പൊതുജനങ്ങളുടെ കൈകളിൽ പുസ്തകമാണ് നൽകുന്നതെന്നും ത്രിശൂലമല്ലെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. രാജ്യത്തെ മറ്റ് പല നിയമസഭകളും ചുവരുകൾക്കുള്ളിലൊതുങ്ങുമ്പോൾ കേരള നിയമസഭ ചുവരുകൾക്ക് പുറത്താണ് പ്രവർത്തിക്കുന്നതെന്നത് സന്തോഷകരമായ കാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തുടർച്ചയായി ഏറ്റവും കൂടുതൽ കാലം കേരള നിയമസഭാ സാമാജികനായ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ ചടങ്ങിൽ സ്പീക്കർ പൊന്നാടയണിയിച്ചാദരിച്ചു. അന്താരാഷ്ട്ര പുസ്തകോത്സവം നിയമസഭയിലെ കേവലം ഒരു ചടങ്ങ് മാത്രമല്ല, വായനയ്ക്ക് പ്രചോദനം നൽകുന്ന ഒന്നായിട്ട് അതിനെ മാറ്റുവാൻ സ്പീക്കർക്ക് സാധിച്ചിട്ടുണ്ടെന്ന് ആദരവ് ഏറ്റുവാങ്ങിയ ശേഷം ഉമ്മൻ




ചാണ്ടി അഭിപ്രായപ്പെട്ടു. കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം - 2024 ന്റെ ലോഗോ പ്രകാശനകർമ്മവും ഉമ്മൻ ചാണ്ടി നിർവ്വഹിച്ചു. ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു, രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ., തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി.സുരേഷ് കുമാർ എന്നിവർ ചടങ്ങിന് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വി.ജോയി എം.എൽ.എ. കൃതജ്ഞത രേഖപ്പെടുത്തി. വൈകുന്നേരം മാധ്യമം ചാനലിന്റെ ആഭിമുഖ്യത്തിൽ 'മെഹ്ഫിൽ ദർബാർ' എന്ന സംഗീത പരിപാടിയും സംഘടിപ്പിച്ചിരുന്നു.






നിയമസഭ
അന്താരാഷ്ട്ര
പുസ്തകോത്സവ
ദൃശ്യങ്ങളിലൂടെ....











അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ





KERALA LEGISLATURE INTERNATIONAL Book Festival 2023












## സഭാധ്യക്ഷന്റെ പേജ് ......തുടർച്ച

നേതൃത്വത്തിൽ പ്രാരംഭ ചർച്ചകൾ നടന്നു. തുടർന്ന് അദ്ദേഹം മന്ത്രിയായപ്പോൾ സ്പീക്കർ സ്ഥാനത്തേക്ക് ഞാൻ വന്നു. മുൻപരിചയമൊന്നും ഇല്ലെങ്കിലും കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം സംഘടിപ്പിക്കുകയെന്ന ദൗത്യം ഒരു വെല്ലുവിളിയായി ഏറ്റെടുക്കുകയായിരുന്നു. മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, ധനകാര്യ വകുപ്പ് മന്ത്രി എന്നിവരുമൊക്കെയായി ഇത് സംബന്ധിച്ച ചർച്ചകൾ നടത്തി. എല്ലാവരും നല്ല നിലയിൽ പിന്തുണ നൽകി. നിയമസഭാ സെക്രട്ടറി എ.എം. ബഷീറിന്റെ നേതൃത്വത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ ഓഫീസർമാർ മുതൽ താൽക്കാലിക ജീവനക്കാർ വരെയുള്ള എല്ലാ ജീവനക്കാരും സ്പീക്കറുടെ ഓഫീസും ഒരു ടീമായി രംഗത്തിറങ്ങി രാവും പകലുമില്ലാതെ അധ്വാനിച്ചതിന്റെ ഫലമായാണ് പുസ്തകോത്സവം ഇത്രമേൽ വിജയിച്ചത്.

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ വേദിയിൽ വെച്ച് മലയാളത്തിന്റെ അഭിമാനമായ സാഹിത്യകാരൻ ടി. പത്മനാഭനെയും നിയമസഭാംഗമായി അരനൂറ്റാണ്ട് പിന്നിട്ട മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയേയും ആദരിക്കുകയുണ്ടായി. ഏറെ ഹൃദ്യവും അർത്ഥസമ്പുഷ്ടവുമായിരുന്നു ആ ചടങ്ങുകൾ. ശരൺകുമാർ ലിംബാളെയും ഷെഹാൻ കരുണതിലകെയും അടക്കം രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി സാഹിത്യ സാംസ്കാരിക നായകൻമാർ വിവിധ വേദികളെ പ്രകാശപൂർണമാക്കി. പുസ്തകോത്സവത്തിന്റെ എഴ ദിനങ്ങളിലും ഉത്സവ രാവുകൾ ഒരുക്കാൻ മലയാളത്തിലെ പ്രമുഖ മാധ്യമങ്ങൾ മുന്നോട്ടുവന്നു. ജനാധിപത്യത്തിന്റെ ശ്രീകോവിലിനെ കലാപ്രകടനങ്ങളുടെ മാസ്മരികതയും വൈവിധ്യവും കൊണ്ട് സമ്പന്നമാക്കാൻ അവർക്ക് സാധിച്ചു. മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മന്ത്രിമാരും നിയമസഭാ സാമാജികരുമൊക്കെ ഉപദേശ നിർദേശങ്ങളുമായി നിറഞ്ഞുനിന്നു. സമാനതകളില്ലാത്ത കൂട്ടായ്മയുടെ മനോഹാരിത കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് ഉണ്ടായിരുന്നു.

അക്ഷരങ്ങളോടും അറിവിനോടും ഏറെ അടുപ്പമുള്ളവരാണ് മലയാളികൾ. കേരളം സമ്പൂർണ സാക്ഷരതാ സംസ്ഥാനമായി മാറിയത് പോലും വായിക്കാനും അറിയുവാനുമുള്ള സമൂഹത്തിന്റെ അതിയായ താൽപര്യം മൂലമാണ്. വിശ്വവിഖ്യാതമായ കേരള മോഡൽ ഉണ്ടാക്കാൻ സാധിച്ചതിനും അതിന് തുടർച്ചകളുണ്ടാക്കാൻ കഴിയുന്നതിനും രാജ്യത്തെ പ്രബുദ്ധമായ ഭൂമികയായി കേരളം തലയുയർത്തി നിൽക്കുന്നതിനും ഇത്തരം മികവുകൾ കാരണമായിട്ടുണ്ട്. അതിനാലാവണം കേരളത്തിൽ നിരവധി പുസ്തകോത്സവങ്ങൾ നടക്കാറുള്ളത്. വിവിധ പ്രസിദ്ധീകരണ ശാലകളുടേയും മറ്റ് സ്ഥാപനങ്ങളുടേയുമൊക്കെ നേതൃത്വത്തിൽ സംഘടിപ്പിക്കാറുള്ള പുസ്തകമേളകൾ നമുക്ക് സുപരിചിതമാണ്. അതിൽ നിന്നൊക്കെ വ്യത്യസ്തമായി, കേരളത്തിന്റെയൊട്ടാകെയുള്ള, സംസ്ഥാനത്തെ ഓരോ പൗരന്റേയും പുസ്തകോത്സവം എന്ന കിരീടമാണ് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് രാജ്യം സമ്മാനിച്ചിരിക്കുന്നത്.

അക്ഷരം വെളിച്ചമാണെന്നതിനാൽ അതിനെ ഇല്ലാതാക്കാൻ ശ്രമിച്ചും അറിവിനും വിജ്ഞാനത്തിനും പകരം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അടിച്ചേൽപ്പിക്കാൻ നോക്കിയും അക്ഷരവൈരികൾ അരങ്ങുവാഴുന്ന ഈ കാലത്ത്, പട്ടിണിയായ മനുഷ്യന്റെ കൈയ്യിലെ ആയുധമായി പുസ്തകം മാറണമെന്ന് ആഹ്വാനം ചെയ്തുകൊണ്ടും ജ്ഞാന സമൂഹത്തിനായുള്ള കേരള സർക്കാരിന്റെ ശ്രമങ്ങൾക്ക് പിന്തുണ നൽകിയുമാണ് നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ അടുത്ത എഡിഷനിലേക്ക് പോകുന്നത്. 2024 ജനുവരിയിൽ കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ രണ്ടാമത് എഡിഷൻ സംഘടിപ്പിക്കും. ഇന്ത്യൻ പ്രസിഡന്റ് ദ്രൗപദി മുർമു പറഞ്ഞതുപോലെ, ജനാധിപത്യത്തിന്റെ ഉള്ളടക്കത്തെ കൂടുതൽ കരുത്തുറ്റതാക്കി മാറ്റാൻ കേരള നിയമസഭയുടെ അന്താരാഷ്ട്ര പുസ്തകോത്സവത്തെ പ്രാപ്തമാക്കും.

സഭാ സമ്മേളന വാർത്തകൾ



## പതിനഞ്ചാം കേരള നിയമസഭ ഏഴാം സമ്മേളന നടപടികളുടെ സംക്ഷിപ്ത വിവരണം

കേരള നിയമസഭയുടെ ഏഴാം സമ്മേളനം 2022 ഡിസംബർ 05 ാം തീയതി ആരംഭിച്ച് സമ്മേളന കലണ്ടർ പ്രകാരമുള്ള ഏഴ് ദിവസത്തെ സമ്മേളനം പൂർത്തിയാക്കി 2022 ഡിസംബർ 13 ാം തീയതി അവസാനിച്ചു. പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളന കാലയളവിൽ സഭ നിയന്ത്രിക്കുന്നതിനുള്ള ചെയർമാൻമാരുടെ പാനലിലേക്ക് നിർദ്ദേശിക്കപ്പെട്ടവർ മൂന്നും വനിതാ അംഗങ്ങളാണ് എന്നത് കേരള നിയമസഭയുടെ ഇദംപര്യന്തമുള്ള ചരിത്രത്തിലെ ആദ്യ സംഭവമാണ്.

ഏഴാം സമ്മേളനത്തിൽ 2022 ഡിസംബർ 5 മുതൽ 13 വരെയുള്ള 07 ചോദ്യ ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്ര ചിഹ്നമിട്ടതും നക്ഷത്ര ചിഹ്നമിടാത്തതുമായി ആകെ 3161 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്. ഇതിൽ 10 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 24 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 210 എണ്ണം നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 2917 എണ്ണം നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 3127 ചോദ്യമാണ് അന്തിമമായി അനുവദിക്കപ്പെട്ടത്. ഇതിൽ നക്ഷത്ര ചിഹ്നമിട്ട 210 ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2761 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ സമ്മേളനകാലത്തു തന്നെ ഉത്തരം ലഭ്യമാക്കി.

ഏഴാം സമ്മേളനകാലത്ത് സഭ മുമ്പാകെ ലഭിച്ച ചട്ടം 50 പ്രകാരമുള്ള 7 നോട്ടീസുകളിൽ വിഴിഞ്ഞം തുറമുഖനിർമ്മാണം തടസ്സപ്പെടുവാനുണ്ടായ സാഹചര്യം സംബന്ധിച്ച നോട്ടീസിന്റെ അടിസ്ഥാനത്തിൽ സഭ നിർത്തിവയ്ക്കണമെന്ന പ്രമേയത്തിന്മേൽ സഭ രണ്ട് മണിക്കൂർ ചർച്ച നടത്തുകയുണ്ടായി. മറ്റ് നോട്ടീസുകൾക്കുള്ള അവതരണാനുമതി നിഷേധിച്ചു. ഏഴാം സമ്മേളനത്തിൽ ആകെ 12 ശ്രദ്ധക്ഷണിക്കലുകളും 89 സബ്മിഷനുകളും സഭാതലത്തിൽ ഉന്നയിക്കപ്പെട്ടു. വിഴിഞ്ഞത്ത് മത്സ്യത്തൊഴിലാളികൾ നടത്തി വന്നിരുന്ന അനിശ്ചിതകാല സമരം ഒത്തുതീർപ്പാക്കിയതുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ മുഖ്യമന്ത്രി ചട്ടം 300 പ്രകാരം ഡിസംബർ 7 ന് ഒരു പ്രസ്താവന നടത്തി. ഏഴാം സമ്മേളന കാലത്താകെ 387 രേഖകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും വിവിധ നിയമസഭാ സമിതികളുടേതായ 29 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ആറാം സമ്മേളനം പോലെതന്നെ നിയമനിർമ്മാണത്തിനു വേണ്ടി മാത്രമായാണ് കേരള നിയമസഭ ഏഴാമതും സമ്മേളിച്ചത്. ഏഴാം സമ്മേളനത്തിൽ 17 ബില്ലുകൾ പാസ്സാക്കുകയും 2022 ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ 15 അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. ആറരപതിറ്റാണ്ടുകൾ പിന്നിട്ട കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായാണ് തുടർച്ചയായി രണ്ടു സമ്മേളനങ്ങൾ നിയമനിർമ്മാണത്തിനു മാത്രമായി ചേരുന്നതും ഇത്രയധികം ബില്ലുകൾ വിശദമായി ചർച്ച നടത്തി പാസ്സാക്കുന്നതും. സഭ പാസ്സാക്കിയവയിൽ 2022 ലെ കേരള സർവ്വകലാശാല (ഭേദഗതി) ബില്ലുകൾ, 2022 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ, കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും)ഭേദഗതി ബിൽ, 2022 ലെ കേരള പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ, 2022 ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ എന്നീ പ്രധാന ബില്ലുകളും ഉൾപ്പെടുന്നു.

ഏഴാം സമ്മേളനത്തിൽ 7 ദിവസങ്ങളിലായി ആകെ 44 മണിക്കൂർ 25 മിനിറ്റ് സഭ യോഗം ചേരുകയുണ്ടായി. അതിൽ 20 മണിക്കൂർ 30 മിനിറ്റ് സമയം നിയമനിർമാണത്തിനായി മാത്രമാണ് വിനിയോഗിച്ചത്.

## പതിനേഴ് ബില്ലുകൾ സഭ പാസ്സാക്കി

പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ പതിനേഴ് ബില്ലുകൾ സഭ പാസ്സാക്കി. ഇതിൽ നാല് ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ പാസ്സാക്കുകയും, ഒരു ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2022 ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) (141 ാം നമ്പർ) ബിൽ, 2022 ലെ കേരള ഖാദി - ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) (115 ാം നമ്പർ) ബിൽ, 2022 ലെ കേരള വെറ്റിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) (140 ാം നമ്പർ) ബിൽ, 2022 ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി (137 ാം നമ്പർ) ബിൽ, 2022 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) (131 ാം നമ്പർ) ബിൽ, 2021 ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) (85 ാം നമ്പർ) ബിൽ, 2022 ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) (106 ാം നമ്പർ) ബിൽ, 2022 ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) (105 ാം നമ്പർ) ബിൽ, 2022 ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2 ാം നമ്പർ) ബിൽ (ബിൽ നം. 149), 2022 ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3 ാം നമ്പർ) ബിൽ (ബിൽ നം. 150), 2022 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി (147 ാം നമ്പർ) ബിൽ, 2022 ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി (148 ാം നമ്പർ) ബിൽ, 2022 ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) (126 ാം നമ്പർ) ബിൽ എന്നിങ്ങനെ പതിമൂന്നു ബില്ലുകൾ സഭയിൽ അവതരിപ്പിക്കുകയും അതാതു വിഷയങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റികളുടെ പരിഗണനയ്ക്ക് അയയ്ക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകൾ സഭ പരിഗണനയ്ക്കെടുക്കുകയും പാസ്സാക്കുകയും ചെയ്തു.

2022ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) (151 ാം നമ്പർ) ബിൽ, സഹകരണ-രജിസ്ട്രേഷൻ-സാംസ്കാരികം വകുപ്പ് മന്ത്രി സഭയിൽ അവതരിപ്പിക്കുകയും സഹകരണ-രജിസ്ട്രേഷൻ-സാംസ്കാരികം വകുപ്പ് മന്ത്രി അധ്യക്ഷനായുള്ള പതിനഞ്ചംഗ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ബിൽ അയയ്ക്കുകയും ചെയ്തു.

2022ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) (104 ാം നമ്പർ) ബിൽ, 2021 ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) (83 ാം നമ്പർ) ബിൽ, കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) (84 ാം നമ്പർ)ബിൽ, 2022 ലെ കേരള പൊതുവിൽപന നികുതി (ഭേദഗതി) (153 ാം നമ്പർ) ബിൽ എന്നീ നാലു ബില്ലുകൾ സഭയിൽ അവതരിപ്പിക്കുകയും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1), 77, 237 എന്നിവ താൽക്കാലികമായി സസ്പെന്റ് ചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാതെ പാസ്സാക്കുകയും ചെയ്തു.

## പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം 2023 ജനുവരി മാസം 23 ാം തീയതി ആരംഭിച്ചു. 2023 കലണ്ടർ വർഷത്തെ ആദ്യ സമ്മേളനം ആയതിനാൽ ഗവർണ്ണറുടെ പ്രസംഗത്തോടുകൂടിയാണ് എട്ടാം സമ്മേളനം ആരംഭിച്ചത്. സമ്മേളനത്തിൽ 2023 ഫെബ്രുവരി 03 ാം തീയതി വെള്ളിയാഴ്ച ധനകാര്യ വകുപ്പുമന്ത്രി 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റും 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ അന്തിമ സ്റ്റേറ്റ്മെന്റും സഭയിൽ സമർപ്പിച്ചു. എട്ടാം സമ്മേളനത്തിൽ ഗവർണറുടെ പ്രസംഗത്തിനുള്ള നന്ദി പ്രമേയത്തിന്മേലുള്ള ചർച്ചക്ക് രണ്ടും ബജറ്റിന്മേലുള്ള പൊതു ചർച്ചക്ക് മൂന്നും വീതം ദിവസങ്ങൾ നീക്കിവച്ചിരുന്നു. 2023 ഫെബ്രുവരി 10 ന് സഭ താൽക്കാലികമായി പിരിയുകയും ഫെബ്രുവരി 27 ന് വീണ്ടും ചേരുകയും ചെയ്യും. എട്ടാം സമ്മേളനത്തിൽ ബജറ്റിലേക്കുള്ള ധനാഭ്യർത്ഥനകളുടെ ചർച്ചക്കും വോട്ടെടുപ്പിനുമായി 13 ദിവസം നീക്കിവച്ചിട്ടുണ്ട്.

ഉപധനാഭ്യർത്ഥനകളേയും ബജറ്റിനേയും സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലുകൾ പാസ്സാക്കി പിരിയുവാൻ നിശ്ചയിച്ചിരിക്കുന്ന സമ്മേളനത്തിൽ അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി അഞ്ചു ദിവസവും നീക്കിവച്ചിട്ടുണ്ട്.


## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...





### ആനന്ദിന്റെ കവിതകൾ
ആനന്ദ്
ഡി.സി. ബുക്സ് : കോട്ടയം, 2022.
O32,1ANA 32 R2
(കവിതാ സമാഹാരം)




### കേരളത്തിലെ ജനകീയ സമരങ്ങളുടെ ചരിത്രം
ഐ. ഗോപിനാഥ്
ഡി.സി. ബുക്സ് : കോട്ടയം, 2022.
V212:5 32 R2
(സാമൂഹ്യനീതി, പരിസ്ഥിതി വിഷയങ്ങളിൽ കേരളത്തിൽ നടന്ന പ്ലാച്ചിമട, സൈലന്റ്‌വാലി തുടങ്ങിയ ജനകീയ സമരങ്ങളുടെ ജയപരാജയങ്ങളെക്കുറിച്ച് സവിസ്തരം വിശകലനം ചെയ്യുന്ന പഠന ഗ്രന്ഥം.)





### ദാരിദ്ര്യത്തിന്റെ സമ്പദ്ശാസ്ത്രം : ദാരിദ്ര്യത്തെയും അതവസാനിപ്പിക്കാനുള്ള വഴികളെയും കുറിച്ച് ഒരു പുനരാലോചന
അഭിജിത് വി. ബാനർജി & എസ്തർ ഡുഫ്‌ലോ
വിവ.: ജി. രാഗേഷ്
ഡി.സി. ബുക്സ് : കോട്ടയം, 2022.
X(Y:434) 32 R2
(2019 ൽ സാമ്പത്തിക നൊബേൽ ലഭിച്ച 'Poor Economics' എന്ന ഗ്രന്ഥത്തിന്റെ പരിഭാഷ. ഇന്ത്യൻ അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞനാണ് അഭിജിത് ബാനർജി. ദാരിദ്ര്യത്തിന്റെ കെണികളും അതവസാനിപ്പിക്കാനുള്ള വഴികളുമാണ് ഈ ഗ്രന്ഥത്തിലെ പ്രമേയം.)





### പറുദീസ
അബ്ദുൾറസാഖ് ഗുർന
വിവ.: സുരേഷ് എം.ജി.
ഗ്രീൻ ബുക്സ് : തൃശ്ശൂർ, 2022.
O111,3GUR 32 R2
(2021 ലെ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം നേടിയ അബ്ദുൾറസാഖ് ഗുർനയുടെ Paradise എന്ന നോവലിന്റെ പരിഭാഷ.)




### ഇന്ത്യയുടെ വീണ്ടെടുക്കൽ
ബി. രാജീവൻ
ഡി.സി.ബുക്സ് : കോട്ടയം, 2022.
W6.2 R2
(ഫാസിസ്റ്റ് രാഷ്ട്രീയത്തിനെതിരെ കീഴാള ജനതയുടെ സ്വാധികാരത്തിന് ഊന്നൽ കൊടുക്കുന്ന ബദൽ ജനാധിപത്യത്തെപ്പറ്റിയുള്ള ലേഖനങ്ങൾ.)





### THE DALIT TRUTH THE BATTLES FOR REALIZING AMBEDKAR'S VISION
K. Raju, Ed.
Penguin Random House : Haryana, 2022.
Y5927x2 R2
(The book offers deeper insights into social, educational, economic and cultural challenges and opportunities faced by the Dalits and the choice made by the Dalits for attaining social equality.)





### TAGORE'S UNIVERSITY : A history of Visva-Bharati 1921-1961
Swati Ganguly
Permanent Black :Ranikhet, 2022.
T4v275 R2
(This book is a study of the origin and career of a Universtiy, set up to break barriers between nations and races.)





### ചെങ്കൊടിക്ക് തീ പിടിച്ച കാലം
ആർ. അജയഘോഷ്
ലിവിംഗ് ലീഫ് പബ്ലിഷേഴ്സ് : കോട്ടയം, 2022.
W691,4.212 32R2
(പാർട്ടിയിലുണ്ടായ വിഭാഗീയത എങ്ങനെയൊക്കെ സി.പി.എം നെ ബാധിച്ചു എന്ന് പരിശോധിക്കുന്ന ഗ്രന്ഥം.)





### നീതിയുടെ ആകാശങ്ങൾ
അഡ്വ. കാളീശ്വരം രാജ്
മാതൃഭൂമി ബുക്സ് : കോഴിക്കോട്, 2021.
Zx2 32R1
(നിയമ നീതിന്യായ മേഖലകളിലെ സംഭവ വികാസങ്ങളെ കുറിച്ചുള്ള ലേഖനങ്ങളുടെ സമാഹാരം.)




### ഭരണഘടന: ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അതിജീവന ചരിത്രം
അഡ്വ.വി.എൻ. ഹരിദാസ്
ഡി.സി. ബുക്സ് : കോട്ടയം, 2022.
V2,2(z):g 32 R2
(ഇന്ത്യൻ ഭരണഘടന, പൗരത്വം, സ്വാതന്ത്ര്യം, മതേതരത്വം, ജീവിക്കാനുള്ള അവകാശം, നീതിന്യായ സംവിധാനം എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്ന പുസ്തകം.)




### Challenges to a liberal polity Human Rights, Citizenship and Identity
M. Hamid Ansari
Penguin Random House : Haryana, 2022.
W(V2,5) R2
(A collection of speeches and articles of former Vice-President of India, Hamid Ansari.)




### Law relating to Social Media Crimes Intermediaries Digital Media and OTT platforms
Puneet Bhasin
Oakbridge Publishing: Haryana, 2022.
Z2,5(D65,49) R2
(The legal and regulatory framework of social media, intermediaries, digital media and OTT platforms are explained in this book.)

## പുസ്തക പരിചയം

### പ്രകൃതി : ഭാവങ്ങൾ പ്രതിഭാസങ്ങൾ

പ്രകൃതി പ്രതിഭാസങ്ങൾ പിടികിട്ടാപൊരുളായിട്ടാണ് എല്ലാ കാലത്തും നിലനിൽക്കുന്നത്. കാലാവസ്ഥാ നിരീക്ഷണങ്ങളുടേയും പ്രവചനങ്ങളുടേയും കാര്യത്തിൽ ശാസ്ത്രം ഒരുപാട് മുന്നോട്ട് പോയിട്ടുണ്ട്. എങ്കിലും പ്രകൃതിയുടെ ക്ഷോഭാകുലമായ പ്രകടനങ്ങൾക്കു മുന്നിൽ മനുഷ്യർ തീർത്തും നിസ്സഹായരാണ്. മനുഷ്യന്റെ അനിയന്ത്രിതമായ പ്രകൃതിചൂഷണം കാരണം കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്ത ഫലങ്ങൾ നമ്മൾ അനുഭവിക്കുകയാണ്. ഇന്ന് ലോകമൊട്ടാകെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി അഭയാർത്ഥികൾ അനുദിനം സൃഷ്ടിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ജോസ് തെറ്റയിലിന്റെ പ്രകൃതി: ഭാവങ്ങൾ പ്രതിഭാസങ്ങൾ എന്ന പുസ്തകം ശ്രദ്ധേയമാണ്. പാരിസ്ഥിതിക ജാഗ്രതയിലൂടെ മാത്രമേ മാനവരാശിക്കും മറ്റ് ജീവജാലങ്ങൾക്കും നിലനിൽപ്പുള്ളൂ എന്ന വലിയ സന്ദേശം കൂടിയാണീ പുസ്തകം.




### സിനിമയും രാഷ്ട്രീയവും

സാംസ്കാരിക,രാഷ്ട്രീയ,സാമ്പത്തിക,സാമൂഹികവ്യവസ്ഥിതികളോട് നിരന്തരം കലഹിക്കുന്ന ശക്തമായ ദൃശ്യമാധ്യമമാണ് സിനിമ. മാർക്സിസത്തിന്റെ അടിസ്ഥാനത്തിൽ ലെനിൻ നടത്തിയ വിശകലനമാണ് രാഷ്ട്രീയ സിനിമയുടെ ആധാരശില എന്ന് ലേഖകൻ, ജോസ് തെറ്റയിൽ ഈ പുസ്തകത്തിൽ അഭിപ്രായപ്പെടുന്നു. രാഷ്ട്രീയവും സിനിമയുമായുള്ള അഭേദ്യമായ ബന്ധം, ഫാസിസം, നിയോ റിയലിസം, ലാറ്റിനമേരിക്കയുടെയും മൂന്നാം ലോകത്തിന്റെയും ഹോളിവുഡ്ഡിന്റെയും സിനിമയും രാഷ്ട്രീയവും തുടങ്ങിയ വിഷയങ്ങൾ ഈ പുസ്തകം ചർച്ച ചെയ്യുന്നു.






ആസാദി കാ അമൃത് മഹോത്സവിന്റേയും കേരള നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെയും ഭാഗമായി സംഘടിപ്പിച്ച അന്താരാഷ്ട്ര പുസ്തകോത്സവത്തിലേക്ക് മുൻ മുഖ്യമന്ത്രി എ.കെ. ആന്റണിയെ അദ്ദേഹത്തിന്റെ വസതിയിലെത്തി സ്പീക്കർ എ. എൻ. ഷംസീർ ക്ഷണിച്ചശേഷം കേരള നിയമസഭയുടെ ഉപഹാരം അദ്ദേഹത്തിന് സമ്മാനിക്കുന്നു.

## ചിത്രജാലകം

ചിത്രജാലകം



ആദ്യ റിപ്പബ്ലിക് ദിനത്തിൽ മുഖ്യാതിഥിയായിരുന്ന ഇന്തോനേഷ്യൻ പ്രസിഡന്റ് അഹമ്മദ് സുകാർണോ ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനൊപ്പം

ചിത്രജാലകം




റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് 2023 ജനുവരി 26 ന് നിയമസഭാ സമുച്ചയത്തിൽ സ്പീക്കർ എ.എൻ. ഷംസീർ പതാകയുയർത്തുന്നു

നിയമസഭാ പ്രസംഗത്തിലൂടെ

# സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങൾ സംരക്ഷിക്കപ്പെടണം

**ദി കേരള വിമൻ ആന്റ് ചിൽഡ്രൻസ് വെൽഫയർ ബിൽ 1996 അനൗദ്യോഗിക ബിൽ അവതരണ വേളയിൽ പങ്കെടുത്ത് മുൻ എം.എൽ.എ. ജി. സുധാകരൻ 1996 സെപ്റ്റംബർ 6 ന് സഭാ തലത്തിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്.**

സർ, റൂൾ 219 അനുസരിച്ച് മെമ്പർമാർക്ക് സ്വകാര്യ ബിൽ അവതരിപ്പിക്കാൻ അങ്ങ് അവസരം നൽകിയതിനെയും ബന്ധപ്പെട്ട കമ്മിറ്റി അതിന് ശിപാർശ ചെയ്തതിനെയും ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ ബിൽ 'ദി കേരള വിമൻ ആന്റ് ചിൽഡ്രൻസ് വെൽഫയർ ബിൽ 1996' ആണ്. സ്വാതന്ത്ര്യം കിട്ടി നാൽപ്പത്തി എട്ട് വർഷം കഴിഞ്ഞിട്ടും ഭരണഘടനയിൽ അവർക്ക് വേണ്ടി വിഭാവന ചെയ്തിട്ടുള്ള എല്ലാ സാമൂഹിക നീതിയും, അവകാശങ്ങളും ഭരണാധികാരികൾ ചവിട്ടി മെതിച്ചുകൊണ്ട്, അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ അഖിലേന്ത്യാ തലത്തിൽ ഒരു നിയമം കൊണ്ടു വന്നിട്ടില്ല. കേരളം പല നിയമങ്ങളും കൊണ്ടു വന്നിട്ടുണ്ടെങ്കിലും അഖിലേന്ത്യാ നിയമങ്ങൾക്ക് torch bearer ആയുള്ള കേരളം ഒന്നുകൂടി മുന്നോട്ടു വരേണ്ട അവസരമായിയെന്നു കരുതുന്നതുകൊണ്ടാണ് ഇതുവരെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി, നിലവിലില്ലാത്ത ആനുകൂല്യങ്ങൾ കൂടി ഭരണഘടനയുടെ Clause അടിസ്ഥാനത്തിൽ പരിശോധിച്ചു കൊണ്ട് ഇവിടെ ഈ ബിൽ അവതരിപ്പിക്കാൻ ഞാൻ ശ്രമിക്കുന്നത്. "കണ്ണുനീർത്തുള്ളിയെ സ്ത്രീയോടുപമിച്ച കാവ്യഭാവനേ നിനക്ക് അഭിനന്ദനം നിനക്കഭിനന്ദനം....." എന്ന മലയാളം പാട്ടുണ്ട്. പ്രസിദ്ധനായ കവി ചങ്ങമ്പുഴയ്ക്ക് പോലും സ്ത്രീകളെ ശരിയായി വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. ഒരു ദുർബല നിമിഷത്തിൽ അദ്ദേഹം എഴുതി 'നാരികൾ, നാരികൾ വിശ്വവിപത്തിന്റെ നാരായ വേരുകൾ' എന്ന്. ലോകപ്രസിദ്ധനായ ഇംഗ്ലീഷ് കവി മിൽട്ടനെപ്പറ്റി ഒരു കഥയുണ്ട്. ശരിയാണോയെന്ന് അറിയില്ല. അദ്ദേഹത്തിന്റെ പ്രസിദ്ധമായ 'പാരഡൈസ് ലോസ്റ്റ്' എഴുതിയത് അദ്ദേഹം വിവാഹം കഴിച്ചയുടനെയാണെന്നും അദ്ദേഹം പിന്നീട് എഴുതിയ 'പാരഡൈസ് റീഗെയിൻഡ്' ഭാര്യ നഷ്ടപ്പെട്ടതിനുശേഷമാണെന്നുമാണ്. സ്ത്രീകൾക്കെതിരെയുള്ള ഒരു കഥ ഞാൻ വായിച്ചിട്ടുണ്ട്. അതായത് ലോകപ്രസിദ്ധ ചിന്തകനായ, നാടകകൃത്തായ ബർണാഡ് ഷായുടെ അടുത്ത് സുന്ദരിയായ ഒരു സിനിമാനടി പോയി ചോദിച്ചു 'അങ്ങയുടെ ബുദ്ധിയും എന്റെ സൗന്ദര്യവുമുള്ള ഒരു കുട്ടിയെ സൃഷ്ടിക്കാനായി അങ്ങ് എന്നെ വിവാഹം കഴിക്കുമോയെന്ന്'. അപ്പോൾ ബർണാഡ് ഷാ ആ സ്ത്രീയെ അവഹേളിച്ചുകൊണ്ട് പറഞ്ഞു 'നിങ്ങളുടെ ബുദ്ധിയും എന്റെ സൗന്ദര്യവുമാണ് ആ കുട്ടിക്കുണ്ടാവുന്നതെങ്കിൽ അത് വലിയ ദുരന്തമായിരിക്കും അതുകൊണ്ട് ഞാൻ നിങ്ങളെ വിവാഹം കഴിക്കുന്നില്ല' എന്ന്. ഭാരതത്തിന്റെ ആർഷ സംസ്ക്കാരത്തെക്കുറിച്ച് ഏറെ പാടിപ്പുകഴ്ത്തുന്നവർ പോലും 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നുള്ള മനുവിന്റെ സിദ്ധാന്തം ഈ കാലങ്ങളിൽ പോലും ഉയർത്തിപ്പിടിച്ചിട്ടുണ്ട്. ഞാൻ ഈ മഹാത്മാക്കളായ ആളുകളെ വില കുറച്ചു കാണുന്നില്ല. പക്ഷെ മദ്ധ്യകാലഘട്ടങ്ങളിൽ ചരിത്രം ഇരുളിലാണ്ടുകിടന്നപ്പോൾ യൂറോപ്പിൽ ജോവാനസ് ആർക്ക് എന്നു പറയുന്ന ഒരു സ്ത്രീയാണ് അഗ്നിയിൽ വെന്തു മരിച്ചുകൊണ്ട് അനീതിക്കെതിരെ പോരാടി വീരമൃത്യു വരിച്ചത്. മാഡംക്യൂറി എന്ന മഹത്തായ ഒരു വനിത ക്യാൻസറിന് മരുന്നു കണ്ടു പിടിക്കാൻ അവരുടെ ഭർത്താവിനെ വളരെയധികം സഹായിച്ചുകൊണ്ട് ചരിത്രത്തിന്റെ താളുകളിൽ സ്ഥാനം പിടിച്ചത് നമ്മുക്കെല്ലാവർക്കുമറിയാം. ഹെലൻ കെല്ലർ ലോകത്തിൽ അന്ധൻമാർക്കുവേണ്ടി നൽകിയ സംഭാവന ആർക്കാണ് വിസ്മരിക്കാൻ കഴിയുക. വാലന്റീന ടെറസ്കോവ എന്ന വീരവനിതയാണ് ഒരു പുരുഷനോടൊപ്പം ലോകത്തിൽ ആദ്യമായി ശൂന്യാകാശത്തിലേക്ക് പറന്നത്. എവിടെയാണ് സ്ത്രീകൾക്ക് പുരുഷൻമാരോടൊപ്പം പ്രവർത്തിക്കാൻ കഴിയാതെ വന്നിട്ടുള്ളത്. അതുകൊണ്ട് സ്ത്രീകൾക്ക് ഭരണഘടനയിൽ പറയുന്ന അവകാശങ്ങൾ മുഴുവൻ കൊടുക്കാൻ നമ്മുടെ രാജ്യം സ്വാതന്ത്ര്യം കിട്ടി 50 ാം വർഷത്തിലേക്കു കടക്കുമ്പോൾ കേരളം നിയമ നിർമ്മാണത്തിന്റെ കാര്യത്തിൽ ഒരു ദീപശിഖ ഉയർത്തണം. അതിനാണ് എന്റെ ശ്രമം.

എന്താണ് കുട്ടികളെപ്പറ്റിയുള്ള സങ്കൽപ്പം? മഹാനായ വില്യം വേർഡ്സ്‌വർത്തു പോലും പറഞ്ഞു The child is the father of man. കേൾക്കുമ്പോൾ കോൺട്രഡിക്ഷനാണെന്നും തോന്നാം. ശിശു മനുഷ്യന്റെ പിതാവാണെന്നു പറയുമ്പോൾ പിതാവിന്റെ മകനല്ലേ ശിശു എന്ന് ആരും ചോദിക്കരുത്. മനുഷ്യന്റെ പിതാവ് തന്നെയാണ് ശിശു. അത് തികച്ചും കാവ്യാത്മകം മാത്രമല്ല സൈദ്ധാന്തികമായിട്ടും ശരിയാണ്. ഇംഗ്ലീഷ് സാഹിത്യത്തിൽ റൊമാന്റിക് പ്രവണതയുടെ ആദ്യത്തെ



ഗായകനായ വില്യം ബ്ലേക്ക് ലണ്ടൻ നഗരത്തിൽ കൂടി കുട്ടികൾ സ്കൂളിലേക്ക് പോകുമ്പോൾ അവരെ കണ്ടു കൊണ്ടു പാടി- 'they are the flowers of the London City'. ലണ്ടൻ നഗരത്തിലെ പൂക്കളാണ് ഈ പോകുന്നത്. പക്ഷെ നമ്മുടെ കുട്ടികളെപ്പറ്റി അങ്ങനെ പറയാൻ കഴിയുമോ സർ? നമ്മുടെ സ്ത്രീകൾക്ക് അവകാശം സംരക്ഷിച്ചു കൊടുത്തിട്ടുണ്ടോ? ഇല്ല. നിയമനിർമ്മാണത്തിന്റെ പ്രാധാന്യത്തിന്റെ ഒരു പശ്ചാത്തലം ഞാൻ പറഞ്ഞു എന്നു മാത്രമേയുള്ളൂ. ഇന്ത്യൻ ഭരണഘടനയുടെ പ്രിയാംബിൾ ഏറ്റവും മഹനീയമാണ്. കേരളത്തിന്റെ വീരപുരുഷനായിരുന്ന, ഇന്ത്യയിലെ പാവങ്ങളുടെ പടത്തലവനായിരുന്ന മഹാനായ സഖാവ് എ.കെ. ജി.യും മദ്രാസ്സിലെ ഗവൺമെന്റും തമ്മിലുള്ള കേസിലെ സുപ്രസിദ്ധമായ വിധിയിൽ ഈ പ്രിയാംബിളിനെപ്പറ്റി പറയുന്നത് 'It is the guiding star of the constitution' എന്നാണ്. Fundemental Rights ഉണ്ടെങ്കിലും Directive principles of the State policy ഉണ്ടെങ്കിലും വില കുറച്ചു കൊണ്ടല്ല, അതിന്റെ മഹത്വം ആരംഭിക്കുന്നത്, ഇന്ത്യയുടെ ഭരണഘടനയുടെ പീഠികയായിട്ടുള്ള ഗൈഡിംഗ് സ്റ്റാർ, ഭരണഘടനയെയാകെ നയിക്കുന്ന ഉജ്ജ്വലമായിട്ടുള്ള നക്ഷത്രമാകുന്ന ആ പ്രിയാംബിളിൽ നിന്നാണ്. ആ പ്രിയാംബിളിൽ പറയുന്നത് ഇന്ത്യയിൽ എല്ലാവർക്കും ജസ്റ്റിസ് ഉണ്ടാകണമെന്നാണ്. ജസ്റ്റിസ് എന്നു പറഞ്ഞാൽ സോഷ്യൽ ജസ്റ്റിസ്, ഇക്കണോമിക് ജസ്റ്റിസ് ആന്റ് പൊളിറ്റിക്കൽ ജസ്റ്റിസ് എന്നാണ്. അത് സ്ത്രീകൾക്കും കുട്ടികൾക്കും ബാധകമല്ലേ? ലിബർട്ടി - എല്ലാ തരത്തിലുമുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്കുണ്ടോ? കുട്ടികൾക്കുണ്ടോ? ഇല്ല. Equality:- equality of status and equality of opportunity അത് സ്ത്രീകൾക്ക് നിഷേധിച്ചിരിക്കുകയാണ്. പാവപ്പെട്ട സ്ത്രീകൾക്കും പാവപ്പെട്ട കുട്ടികൾക്കും പൂർണ്ണമായും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. Fraternity- assuring the dignity of the individual and unity and integrity of the nation.

ഏറ്റവും പ്രധാനമാണ് ഒരു പൗരന്റെ, ഒരു മനുഷ്യന്റെ, ഒരു കുട്ടിയുടെ, ഒരു സ്ത്രീയുടെ dignity of individual. വ്യക്തിയുടെ മാഹാത്മ്യം അംഗീകരിക്കണമെന്ന് ഭരണഘടനയുടെ പ്രിയാംബിളിൽ പറയുന്നു. അത് നമ്മുടെ രാജ്യത്തെ പാവപ്പെട്ട സ്ത്രീകളെ സംബന്ധിച്ചും കുട്ടികളെ സംബന്ധിച്ചും അംഗീകരിക്കുന്നുണ്ടോ? ഇല്ല, അതുകൊണ്ടാണ് ഈ കാര്യങ്ങൾ ഭരണഘടനയിൽ പറഞ്ഞിരിക്കുന്നത്. അത് നടപ്പിലാക്കുന്നതിനുവേണ്ടി ഒരു പടി കൂടി മുന്നോട്ടു പോകാനാണ് ഞാൻ ഈ ബിൽ കൊണ്ടുവരുന്നത്. പാർട്ട് 3 - ലുള്ള ഫണ്ടമെന്റൽ റൈറ്റ്സിലുള്ള 14,15,16,23,25,29,32 എന്നീ ആർട്ടിക്കിൾസ് സമയക്കുറവുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. ഭരണഘടനയുടെ ഈ വകുപ്പുകളിൽ പറയുന്നതായിട്ടുള്ള കാര്യങ്ങൾ ഈ പ്രിയാംബിളിൽ പറയുന്ന സമത്വം, തുല്യത, സാമൂഹിക നീതി തുടങ്ങിയ മഹത് ആശയങ്ങളെ മൗലികാവകാശങ്ങളാക്കി രൂപപ്പെടുത്തുന്നത് ഭരണഘടനയിലെ രജത രേഖകളായിട്ടുള്ള വിശദീകരണങ്ങളാണ്. ആ മൗലിക അവകാശങ്ങൾ ജീവിക്കുവാൻ വശമില്ലാത്ത സ്ത്രീകൾക്കും വിദ്യാഭ്യാസം നൽകുവാനും ഭക്ഷണം കഴിക്കുവാനും രോഗം വന്നാൽ ചികിത്സിക്കുവാനും സംരക്ഷകരില്ലാത്ത കുട്ടികൾക്കും നേടിക്കൊടുക്കുവാനുള്ള ഉത്തരവാദിത്വം ഭരണഘടനയ്ക്കാണ്. അതിനാണ് ഞാൻ ഈ ബിൽ കൊണ്ടു വരുന്നത്. ഈ ഉത്തരവാദിത്വം ഭരണഘടനക്കാണെന്ന് പ്രിയാംബിളിലും ഫണ്ടമെന്റൽ റൈറ്റ്സിലും ഡയറക്റ്റീവ് പ്രിൻസിപ്പിൾസ് ഓഫ് സ്റ്റേറ്റ് പോളിസി-പറയുമ്പോൾ അത് ഭരണകൂടം പൂർണ്ണമായും നടപ്പിലാക്കാത്തതുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുവാൻ പോകുന്ന ഈ ആസന്ന വേളയിൽ കേരളത്തിൽ നിന്നും പൂർണ്ണമായി ആ ഭരണഘടനാതത്വങ്ങൾ അവലംബിച്ചുകൊണ്ടുള്ള ഒരു നിയമനിർമ്മാണത്തിന് തുടക്കം കുറിക്കുവാനാണ് ഞാൻ ഈ കാര്യങ്ങൾ ഇവിടെ ഉന്നയിക്കുന്നത്. ഡയറക്റ്റീവ് പ്രിൻസിപ്പിൾസ് ഓഫ് സ്റ്റേറ്റ് പോളിസിയിൽ പറയുന്ന ഒരു കാര്യം ഞാൻ ക്വാട്ട് ചെയ്യാം. ആർട്ടിക്കിൽ 37 - ന്റെ അവസാന ഭാഗം It shall be the duty of the state to apply the principles in making law. നേരത്തെ പറഞ്ഞ പ്രിയാംബിളിലും ഫണ്ടമെന്റൽ റൈറ്റ്സിലുമുള്ള സാമൂഹ്യ നീതിയുടെ മഹത്തായ തത്വങ്ങൾ നിയമനിർമ്മാണം നടത്തുമ്പോൾ പൂർണ്ണമായും അപ്ളൈ ചെയ്യേണ്ടത്, പ്രാവർത്തികമാക്കേണ്ടത് ഭരണകൂടത്തിന്റെ ചുമതലയാണ്, It shall be the duty of the state എന്നാണ് പറഞ്ഞിരിക്കുന്നത്. അതുപയോഗിച്ച് ഇപ്പോഴും പൂർണ്ണമായ നിയമനിർമ്മാണമുണ്ടാക്കുവാൻ ഇൻഡ്യാ രാജ്യത്ത് കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ സാമൂഹ്യ നവോത്ഥാന സാഹിത്യത്തിന്റെ ശുക്ര നക്ഷത്രമായിരുന്നു മഹാനായ കുമാരനാശാൻ. അദ്ദേഹം 1914 ൽ ശ്രീമൂലം പ്രജാ സഭയിൽ സ്ത്രീകൾക്ക് നേരെയുള്ള വിവേചനത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. പെൺപള്ളിക്കൂടങ്ങളിൽ ഈഴവർക്ക് പ്രവേശനം അനുവദിച്ചിരുന്നില്ല. മുതുകുളങ്ങര, കാർത്തികപ്പള്ളി, തലവടി, ഓമല്ലൂർ, എടക്കാട് എന്നീ സ്ഥലങ്ങളിൽ 1914 ൽ പെൺപള്ളിക്കൂടങ്ങളിൽ ഈഴവ സമുദായത്തിന് പ്രവേശനം കൊടുത്തിരുന്നില്ല. വിവേചനം കാണിച്ചിരുന്നു. അതിന് പറഞ്ഞിരുന്നത് സ്ഥലമില്ലായിരുന്നു എന്നാണ്. അതിനെതിരായി അദ്ദേഹം ശക്തമായ ശബ്ദമുയർത്തി. ശ്രീമൂലം പ്രജാസഭയിൽ മഹാനായ കുമാരനാശാൻ പറഞ്ഞതിന് 1996 ലെ കേരള നിയമസഭയിൽ എന്താണ് പ്രസക്തി എന്നു ചോദിക്കാം. 'പെൺപള്ളിക്കൂടങ്ങളിലെ പെൺകുട്ടികൾ' എന്നതിനു പകരം 'പാവപ്പെട്ട കുട്ടികളും വിവേചനത്തിനും വിധേയമാകുന്നു' എന്ന ഒരു ഭേദഗതി മാത്രം വരുത്തിയാൽ മതി. പെൺപള്ളിക്കൂടത്തിൽ ഈഴവ പെൺകുട്ടികളെ കയറ്റാത്തതിനെപ്പറ്റി പറഞ്ഞത് സ്വാതന്ത്ര്യം കിട്ടി 50 വർഷമാകുമ്പോൾ പട്ടിണി കിടക്കുന്ന സ്ത്രീകൾക്കും പട്ടിണി കിടക്കുന്ന കുട്ടികൾക്കും അവർ പട്ടിണിക്കാരാണ് എന്ന ഒറ്റ കാരണത്താൽ ആനുകൂല്യം കൊടുക്കുന്നതായ സമഗ്രമായ നിയമമില്ല എന്നു ചൂണ്ടിക്കാണിക്കുവാനാണ്. കഴിഞ്ഞ ദിവസം ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഉയർത്തിപ്പിടിച്ച ഇക്കണോമിക്ക് റിവ്യൂവിന്റെ പേജ് 177-ൽ Social Security and Welfare എന്ന ഭാഗത്ത് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ മാത്രം കണക്കിലെടുത്താൽ എന്റെ ഈ ബിൽ ഗവൺമെന്റ് ഔദ്യോഗികമായി അംഗീകരിച്ച് സംപുഷ്ടമാക്കാൻ പുതിയ നിയമനിർമ്മണം കൊണ്ടുവരേണ്ടി വരുമെന്നുള്ളതാണ് വസ്തുത. അതിൽ പറയുന്നത് Social Security and Welfare measures constitute an integral part of the functions of a modern government irrespective of its level economic and social development എന്നാണ്. കഴിഞ്ഞവർഷം അവതരിപ്പിച്ച ഇക്കണോമിക് റിവ്യൂവിൽ ഗവൺമെന്റിന്റെ സാമൂഹികവും സാമ്പത്തികവുമായിട്ടുള്ള വികസനത്തിനുവേണ്ടിയുള്ള സാമ്പത്തികശേഷികൾ കണക്കിലെടുത്ത് സാമൂഹിക സുരക്ഷിതത്വത്തിനും സാമൂഹിക ക്ഷേമത്തിനും വേണ്ടിയുള്ള നടപടികൾ ആധുനിക ഗവൺമെന്റിന്റെ പ്രവർത്തനത്തിന് അനിവാര്യമാണ് എന്നാണ് പറയുന്നത്. 1995 ൽ നിയമസഭയിൽ അവതരിപ്പിച്ച ഇക്കണോമിക് റിവ്യൂവിലെ ഈ ഒറ്റ വാചകം മതി. ഈ ബില്ലിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ ഇതും കൂടി ചർച്ച ചെയ്ത് പരിഹരിച്ചുകൊണ്ടുവേണം ബഹുമാനപ്പെട്ട ഗവൺമെന്റ് ഇത് ഇവിടെ നടപ്പാക്കുവാൻ. കഴിഞ്ഞ ഇൻഡ്യാ ഗവൺമെന്റ് കൊണ്ടുവന്ന ന്യൂ ഇക്കണോമിക് പോളിസി - ഇപ്പോഴും കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന പല മന്ത്രിമാരും താലോലിച്ചുകൊണ്ടിരിക്കുന്ന ജനവിരുദ്ധമായിട്ടുള്ള പുത്തൻ സാമ്പത്തിക നയത്തിന്റെ പ്രത്യാഘാതങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി വരുന്നത് ബഹുഭൂരിപക്ഷം വരുന്ന പട്ടിണിക്കാരായ സ്ത്രീകളും കുട്ടികളുമാണ്. ന്യൂ ഇക്കണോമിക് പോളിസിയുടെ പുത്തൻ നടപടികൾ ഈ രാജ്യത്തെ പാവപ്പെട്ട പിഞ്ചു കുട്ടികൾ കൂടി അനുഭവിക്കേണ്ടി വരുന്നു. അതുകൊണ്ട് സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അത് ഭംഗിയായി നടപ്പാക്കുന്നതിനും വേണ്ടി ഒരു അധികാരസമിതി രൂപീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. നമ്മുടെ സർവ്വകലാശാലയുടെ

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

## സജി ചെറിയാൻ വീണ്ടും മന്ത്രിസഭയിലേക്ക്



പിണറായി വിജയൻ മന്ത്രി സഭയിൽ നിന്ന് 2022 ജൂലൈ 16 ന് രാജിവച്ച സജി ചെറിയാൻ, വീണ്ടും മന്ത്രിസഭയിൽ തിരിച്ചെത്തി. രാജി വെച്ച് 182 ദിവസങ്ങൾക്ക് ശേഷം 2023 ജനുവരി 4 നാണ് സജി ചെറിയാൻ തിരികെ മന്ത്രിസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തത്. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. അദ്ദേഹം നേരത്തെ കൈകാര്യം ചെയ്തിരുന്ന ഫിഷറീസ്, സാംസ്കാരികം, യുവജനകാര്യ വകുപ്പുകളുടെ ചുമതല തന്നെയാണ് തിരികെയെത്തിയപ്പോഴും ലഭിച്ചത്. 2022 ജൂലൈ 6 ന് പത്തനംതിട്ട മല്ലപ്പള്ളിയിൽ നടത്തിയ പ്രസംഗത്തിൽ ഭരണഘടനയെ അധിക്ഷേപിക്കുന്ന പരാമർശമുണ്ടെന്ന പരാതിയിലാണ് അദ്ദേഹം മന്ത്രിസ്ഥാനം രാജിവച്ചത്. കെ.കെ. രാമചന്ദ്രൻ നായരുടെ നിര്യാണത്തെത്തുടർന്ന് ചെങ്ങന്നൂരിൽ 2018 ൽ നടന്ന ഉപതെരഞ്ഞെടുപ്പിലൂടെയാണ് സജി ചെറിയാൻ ആദ്യമായി നിയമസഭാംഗമാകുന്നത്. 2021 ലെ നിയമസഭാ തെരഞ്ഞെടുപ്പിലും ചെങ്ങന്നൂരിൽ നിന്ന് വിജയിച്ചു.

മന്ത്രിസഭാംഗമായിരിക്കവേ രാജിവയ്ക്കുകയും തിരികെ അതേ മന്ത്രിസഭയിൽ തന്നെ മന്ത്രിയായി ചുമതലയേൽക്കുകയും ചെയ്യുന്ന ഏഴാമത്തെ നിയമസഭാംഗമാണ് സജി ചെറിയാൻ. അഞ്ചാം കേരള നിയമസഭയിൽ എ.കെ. ആന്റണി മന്ത്രിസഭയിൽ ആഭ്യന്തര വകുപ്പ് മന്ത്രിയായിരുന്ന കെ.എം. മാണി 1977 ഡിസംബർ 21 ന് മന്ത്രിസ്ഥാനം രാജിവച്ചുവെങ്കിലും 1978 സെപ്റ്റംബർ 16 ന് ആഭ്യന്തര വകുപ്പ് മന്ത്രിയായി വീണ്ടും ചുമതലയേറ്റു. ഇതേ മന്ത്രിസഭയിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയായിരുന്ന സി.എച്ച്. മുഹമ്മദ് കോയ 1977 ഡിസംബർ 20 ന് മന്ത്രിസ്ഥാനം രാജിവച്ചിരുന്നു. എന്നാൽ 1978 ഒക്ടോബർ 4 ന് അദ്ദേഹം വീണ്ടും അതേ വകുപ്പുകളുടെ ചുമതലയോടെ മന്ത്രിസഭയിൽ തിരിച്ചെത്തി.

ഏഴാം കേരള നിയമസഭയിൽ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കവെ 1985 ജൂൺ 5 ന് വൈദ്യുതി വകുപ്പ് മന്ത്രിയായിരുന്ന ആർ. ബാലകൃഷ്ണപിള്ള മന്ത്രിസഭയിൽ നിന്നും രാജിവച്ചെങ്കിലും അതേ വകുപ്പിന്റെ മന്ത്രിയായി 1986 മേയ് 25 ന് അദ്ദേഹം വീണ്ടും മന്ത്രിസഭയിൽ തിരിച്ചെത്തി. പന്ത്രണ്ടാം കേരള നിയമസഭയിൽ വി.എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കവേ പൊതുമരാമത്തു വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന പി.ജെ. ജോസഫ് മന്ത്രിസ്ഥാനം രാജിവെച്ചിരുന്നു. 2009 ആഗസ്റ്റ് 17 ന് അദ്ദേഹം മന്ത്രി സഭാംഗമായി വീണ്ടും തിരിച്ചെത്തിയപ്പോഴും പൊതുമരാമത്തിന്റെ ചുമതല തന്നെയായിരുന്നു അദ്ദേഹത്തിന് നൽകിയത്. പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ പിണറായി വിജയൻ മന്ത്രിസഭയിൽ അംഗമായിരുന്ന വ്യവസായം, സ്പോർട്സ്, യുവജനകാര്യ വകുപ്പുകളുടെ ചുമതല വഹിച്ചിരുന്ന ഇ.പി. ജയരാജൻ 2016 ഒക്ടോബർ 14 ന് രാജിവയ്ക്കുകയും 2018 ഓഗസ്റ്റ് 14 ന് വീണ്ടും അതേ വകുപ്പുകളുടെ മന്ത്രിയായി ചുമതലയേൽക്കുകയും ചെയ്തു. ഇതേ മന്ത്രിസഭയിൽ തന്നെ ഗതാഗത വകുപ്പിന്റെ ചുമതല വഹിച്ച എ.കെ. ശശീന്ദ്രൻ 2017 മാർച്ച് 27 ന് രാജി വച്ചു. 2018 ഫെബ്രുവരി 2 ന് അദ്ദേഹം വീണ്ടും ഗതാഗത വകുപ്പ് മന്ത്രിയായി മന്ത്രിസഭയിൽ തിരികെയെത്തി.

## കാലിക്കറ്റ് സർവ്വകലാശാല സെനറ്റിലേക്ക് സാമാജികർ

കാലിക്കറ്റ് സർവ്വകലാശാല സെനറ്റിലേക്ക് നിയമസഭാംഗങ്ങളിൽ നിന്ന് ആറ് സാമാജികരെ തെരഞ്ഞെടുത്തു. പൊതു സ്ഥാനത്ത് നാലും പട്ടികജാതി പട്ടികവർഗ്ഗ സംവരണ സ്ഥാനത്ത് ഓരോ എം.എൽ.എ. മാരെയുമാണ് തെരഞ്ഞെടുത്തത്. പൊതു സ്ഥാനത്ത് സാമാജികരായ പി.അബ്ദുൽ ഹമീദ്, പി.നന്ദകുമാർ, പി.റ്റി.എ. റഹീം, ഇ.കെ.വിജയൻ എന്നിവരും പട്ടികജാതി സംവരണ സ്ഥാനത്തേക്ക് പി.പി.സുമോദ് എം.എൽ.എ.യും പട്ടികവർഗ്ഗ സംവരണ സ്ഥാനത്തേക്ക് ഐ.സി.ബാലകൃഷ്ണൻ എം.എൽ.എ. യുമാണ് തെരഞ്ഞെടുക്കപ്പെട്ടത്.



പി.അബ്ദുൽ ഹമീദ്
എം.എൽ.എ.



ഇ.കെ.വിജയൻ
എം.എൽ.എ.



പി.പി.സുമോദ്
എം.എൽ.എ



ഐ.സി.ബാലകൃഷ്ണൻ
എം.എൽ.എ



പി.റ്റി.എ. റഹീം,
എം.എൽ.എ.



പി.നന്ദകുമാർ,
എം.എൽ.എ.

വേർപാട്

## പാണാറത്ത് കുഞ്ഞിമുഹമ്മദ്,
### മുൻ നിയമസഭാംഗം



മുസ്ലിം ലീഗിന്റെ മുതിർന്ന നേതാവും മുൻ എം.എൽ.എ.യുമായ പാണാറത്ത് കുഞ്ഞിമുഹമ്മദ് (89) 2023 ജനുവരി 13 ന് അന്തരിച്ചു. അഞ്ചാം കേരള നിയമസഭയിൽ മേപ്പയ്യൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തിയ അദ്ദേഹം രണ്ട് വർഷം എടച്ചേരി പഞ്ചായത്ത് പ്രസിഡന്റായും പന്ത്രണ്ട് വർഷം വൈസ് പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. എടച്ചേരി പഞ്ചായത്ത് ബോർഡ് പ്രസിഡന്റ്, കയർ കോർപറേഷൻ ഡയറക്ടർ, ടൈറ്റാനിയം ഡയറക്ടർ, ട്രാവൻകൂർ കെമിക്കൽസ് ഡയറക്ടർ, കോഴിക്കോട് ആർ.ടി.ഒ. മെമ്പർ, സ്വതന്ത്ര കർഷക സംഘം സംസ്ഥാന വൈസ് പ്രസിഡന്റ്, മുസ്ലിം ലീഗ് വടകര താലൂക്ക് പ്രസിഡന്റ്, നാദാപുരം നിയോജക മണ്ഡലം പ്രസിഡന്റ്, ജില്ലാ വൈസ് പ്രസിഡന്റ്, ട്രഷറർ എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം നാദാപുരത്തെ രാഷ്ട്രീയ സംഘർഷങ്ങളുടെ കാലത്ത് സമാധാനം പുനഃസ്ഥാപിക്കുന്നതിന് പ്രധാന പങ്ക് വഹിച്ചു.

ഭാര്യ പരേതയായ കുഞ്ഞാമി, നാല് മക്കളുണ്ട്.

*നിയമസഭാ പ്രസംഗത്തിലൂടെ .. തുടർച്ച*

പൊളിറ്റിക്സ് ഡിപ്പാർട്ടുമെന്റ് അവരുടെ ജേർണലിൽ New Economic Policy and Social Justice are the imperatives of the Constitution എന്നു പറഞ്ഞ ഒരു പ്രധാനപ്പെട്ട ലേഖനമുണ്ട്. മി. പ്രകാശ് എന്നു പറയുന്ന ലേഖകൻ പറയുന്നത് ന്യൂ ഇക്കണോമിക് പോളിസി ഇങ്ങനെ പോവുകയാണെങ്കിൽ ഇൻഡ്യ രാജ്യത്തെ സ്ത്രീകളിൽ ബഹുഭൂരിപക്ഷവും കുട്ടികളിൽ ബഹുഭൂരിപക്ഷവും പട്ടിണിക്കാരായിട്ടു മാറും; നിരക്ഷരത വർദ്ധിക്കുമെന്നു മാത്രമല്ല ഡ്രോപ് ഔട്ട്സുകളുടെ എണ്ണവും കൂടാൻ പോകുന്നു എന്നാണ്, അദ്ദേഹം മാത്രമല്ല ഇത് പറയുന്നത്. ഐ.എൽ.ഒ. പോലും പറഞ്ഞിട്ടുണ്ട്. എന്റെ കയ്യിൽ ഫിഗേഴ്സുണ്ട്. സമയക്കുറവുകൊണ്ട് ഞാനത് വായിക്കുന്നില്ല. പൊതുഖജനാവിൽ നിന്നും പണമെടുത്ത് തൊഴിലില്ലായ്മ, പ്രായാധിക്യം, രോഗം, അവശത തുടങ്ങിയവ ബാധിച്ചിരിക്കുന്നവർക്ക് ഫൈനാൻഷ്യൽ അസിസ്റ്റന്റ്സ് കൊടുക്കണമെന്ന് നമ്മുടെ ഭരണഘടനയിൽ പറയുന്നുണ്ട്. ആ ഫൈനാൻഷ്യൽ അസിസ്റ്റന്റ്സ് ഇപ്രകാരം അവശത അനുഭവിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മാസം തോറും കൊടുക്കണം. എത്ര രൂപ കൊടുക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചുകൊള്ളട്ടെ. കർഷകത്തൊഴിലാളികൾക്കും കയർത്തൊഴിലാളികൾക്കും പെൻഷൻ കൊടുത്ത ഒരു ഗവൺമെന്റാണിത്. ഞാൻ അഭിനന്ദിക്കുന്നു. ചുമട്ടുതൊഴിലാളികൾക്ക് ആനുകൂല്യം കൊടുത്ത ഒരു ഗവൺമെന്റാണിത്. മത്സ്യത്തൊഴിലാളികൾക്കും ആനുകൂല്യം കൊടുത്തു. പാവപ്പെട്ട തൊഴിലില്ലാത്ത യുവാക്കൾക്ക് തൊഴിലില്ലായ്മ വേതനം കൊടുത്തു. അത്തരം അതിമനോഹരമായിട്ടുള്ള സാമൂഹ്യക്ഷേമ പദ്ധതികളുടെ ഉജ്ജ്വലമായിട്ടുള്ള ഒരു പുതിയ തുവലായിരിക്കുമിത്. പാവപ്പെട്ട മുഴുവൻ സ്ത്രീകൾക്കും കുട്ടികൾക്കും വസിക്കുന്നതിനും വിദ്യാഭ്യാസം ചെയ്യുന്നതിനും വിവാഹം കഴിച്ചുപോകുന്നതിനും രോഗത്തിന് ചികിത്സിക്കുന്നതിനും എല്ലാത്തിനുമായി ഒരു ചെറിയ തുക ഗവൺമെന്റ് തീരുമാനിക്കട്ടെ. അതിന് അർഹരായവരെ കണ്ടുപിടിച്ചു കൊടുക്കുവാനും അത് നടപ്പിലാക്കുവാനും ഇന്ന് പൂത്തുലഞ്ഞ കേരളത്തിന്റെ ജനകീയ വികസനത്തിന് സൗരഭ്യം പരത്തുവാൻ പോകുന്ന പഞ്ചായത്തു രാജ് നഗരപാലിക സംവിധാനങ്ങളുമായി യോജിച്ചുകൊണ്ട് ഭംഗിയായി നടപ്പിലാക്കുവാൻ ശ്രമിക്കണം. ഈ കുഴപ്പങ്ങളെല്ലാം മുതലാളിത്തത്തിന്റെ സംഭാവനയാണ്. മഹാനായ കാറൽ മാർക്സും ഏങ്കൽസും കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ പറഞ്ഞു, സ്ത്രീകൾ വെറും വില്പനചരക്കാണ്, just like any other commodities in the market. മറ്റ് ഏത് ചരക്കും കമ്പോളത്തിൽ ഇറക്കുന്നതുപോലെ സ്ത്രീകളും കുട്ടികളുമെല്ലാം വെറും ഉപഭോഗവസ്തുക്കളാണ് ആ സംസ്ക്കാരം ഇന്ത്യൻ ഭരണാധികാരികളെ കീഴടക്കിക്കൊണ്ട് സ്വാതന്ത്ര്യം കിട്ടി 42 വർഷമായിട്ടും ഭരണഘടനയിൽ enshine ചെയ്യുന്നു. ഭരണഘടനയിൽ അങ്ങേയറ്റം തിളങ്ങിക്കൊണ്ടിരിക്കുന്ന പ്രിയാംബിളിലേയും മൗലിക അവകാശങ്ങളിലെ പട്ടികയിലേയും ഡയറക്റ്റീവ് പ്രിൻസിപ്പിൾസ് ഓഫ് സ്റ്റേറ്റ് പോളിസിയുടെ ഭാഗത്തേയും സ്ത്രീകൾക്കും കുട്ടികൾക്കും പൂർണ്ണമായി സാമ്പത്തിക സഹായമടക്കമുള്ള സംരക്ഷണം കൊടുക്കണമെന്നുള്ള ആ വകുപ്പ് നടപ്പിലാക്കുവാൻ അഖിലേന്ത്യാ തലത്തിൽ ഏർപ്പാടുണ്ടാക്കരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടും ഒരപേക്ഷയുണ്ട്. എന്റെ പ്രസംഗം യുക്തമായി പൂർണ്ണമായി വിശദമാക്കാൻ കഴിഞ്ഞില്ലെന്നുള്ളത് സമയത്തിന്റെ കുറവുകൊണ്ടുള്ള നിസ്സഹായവസ്ഥകൂടി കണക്കിലെടുത്ത് എനിക്ക് പറയാനുള്ളതു കൂടി ബഹുമാനപ്പെട്ട മന്ത്രി കൂട്ടിച്ചേർത്ത് ഈ ബിൽ ചർച്ച ചെയ്ത് പാസ്സാക്കുവാനും അല്ലെങ്കിൽ അത് അങ്ങ് അംഗീകരിച്ച് പാസ്സാക്കുവാനും ഇന്ത്യയ്ക്ക് ആകെ മാതൃക കാണിക്കുവാനും ഒരു പുത്തൻ സാമ്പത്തിക നയത്തിന്റെ കരാളമായ പിടിത്തത്തിൽപ്പെട്ട് തകരുന്ന സ്ത്രീകളേയും കുട്ടികളേയും രക്ഷിക്കുവാനും കേരളം torch bearer ആയി ഉയർന്നുവരുവാനും നടപടി സ്വീകരിക്കേണമേ എന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

### ജി.സുധാകരൻ

പി. ഗോപാല കുറുപ്പിന്റെയും എൽ. പങ്കജാക്ഷി അമ്മയുടെയും മകനായി 1946 നവംബർ 10 നാണ് ജി.സുധാകരന്റെ ജനനം. എം.എ., എൽ.എൽ.ബി., ബിരുദധാരിയാണ്. 10 ാം കേരള നിയമസഭയിൽ കായംകുളം മണ്ഡലത്തെ പ്രതിനിധീകരിച്ച് ആദ്യമായി നിയമസഭയിലെത്തി. തുടർന്ന് പതിമൂന്നാം കേരള നിയമസഭയിലും പതിനാലാം കേരള നിയമസഭയിലും അമ്പലപ്പുഴ മണ്ഡലത്തെ പ്രതിനിധീകരിച്ചു. സഹകരണവും കയറും ദേവസ്വവും വകുപ്പ് മന്ത്രി (18.05.2006-17.08.2009), സഹകരണവും കയറും വകുപ്പ് മന്ത്രി (17.08.2009- 14.05.2011), പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി (25.05.2016-03.05.2021) എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ എസ്.എഫ്.ഐ. സ്ഥാപക അംഗം, പ്രഥമ സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി, അഖിലേന്ത്യ വൈസ് പ്രസിഡന്റ്, കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റി സ്ഥാപക അംഗം, സി.പി.ഐ(എം) ആലപ്പുഴ ജില്ലാ സെക്രട്ടറി, സി.ഐ.ടി.യു. ആലപ്പുഴ ജില്ലാ സെക്രട്ടറി എന്നീ പ്രധാന പദവികളും വഹിച്ചിട്ടുണ്ട്.

മുൻ സാമാജികർ മനസ്സ് തുറക്കുന്നു........



# ജനങ്ങൾക്കൊപ്പം നാല് പതിറ്റാണ്ടുകൾ

## ഡോ. എ. നീലലോഹിതദാസൻ നാടാർ

1977ൽ അടിയന്തിരാവസ്ഥ നിലനിൽക്കെ പ്രഖ്യാപിക്കപ്പെട്ട തെരഞ്ഞെടുപ്പ് വേളയിലാണ് ഞാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ എ.ഐ.സി.സി. അംഗത്വം രാജിവച്ച് കോൺഗ്രസ് ഫോർ ഡെമോക്രസിയിൽ ചേർന്നതായി പ്രഖ്യാപിച്ചത്. അന്ന് ബാബു ജഗജീവൻ റാമിന്റേയും എച്ച്.എൻ.ബഹുഗുണയുടെയും പാത പിൻതുടർന്ന് കോൺഗ്രസ്സിൽ നിന്നും രാജി വച്ച് പുറത്തു വരുന്നവരെ സ്വാഗതം ചെയ്യുമെന്നും പിന്തുണയ്ക്കുമെന്നും സി.പി.ഐ.(എം) നേതാവ് ഇ.എം.എസ്. പ്രഖ്യാപിച്ചിരുന്നു. അത്തവണ ലോക്‌സഭയിലേക്കും അതോടൊപ്പം കേരളത്തിൽ നിയമസഭയിലേക്കും തെരഞ്ഞെടുപ്പ് നടന്നു. നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഞാൻ കോവളം നിയോജക മണ്ഡലത്തിൽ നിന്ന് സി.എഫ്.ഡി. സ്ഥാനാർത്ഥിയായി മത്സരിച്ചു. കോവളം നിയമസഭാ മണ്ഡലം ഉൾക്കൊണ്ടിരുന്ന തിരുവനന്തപുരം ലോക്‌സഭാ മണ്ഡലത്തിൽ സി.പി.ഐ.(എം) നേതൃത്വം നൽകിയ പുതിയ മുന്നണിയുടെ സ്ഥാനാർത്ഥിയായി മത്സരിച്ചത് ജനതാപാർട്ടിയിലെ പി.വിശ്വംഭരനായിരുന്നു. ആ തെരഞ്ഞെടുപ്പിൽ മുന്നണിയുടെ സ്ഥാനാർത്ഥികളാരും ലോക്‌സഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയുണ്ടായില്ല. നിയമസഭയിലേക്കും മുന്നണിയുടെ സ്ഥാനാർത്ഥികളിൽ വളരെ കുറച്ചു പേർ മാത്രമാണ് വിജയിച്ചത്. തിരുവനന്തപുരം ജില്ലയിലെ പതിനാല് നിയോജകമണ്ഡലങ്ങളിൽ വാമനപുരം നിയോജകമണ്ഡലത്തിൽ നിന്നും സി.പി.ഐ.(എം) ലെ കല്ലറ വാസുദേവൻപിള്ളയും കോവളം നിയോജക മണ്ഡലത്തിൽ നിന്നും സി.എഫ്.ഡി. സ്ഥാനാർത്ഥിയായ ഞാനും മാത്രമാണ് മുന്നണി സ്ഥാനാർത്ഥികളായി കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്.

തെരഞ്ഞെടുപ്പിന് ശേഷം കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. മന്ത്രിസഭ അധികാരത്തിൽ വന്നു. 1970 മുതൽ 1977 വരെ അധികാരത്തിലിരുന്ന സി.അച്ചുതമേനോൻ നേതൃത്വം നൽകിയിരുന്ന സർക്കാരിന്റെ തുടർച്ചയായിട്ടാണ് കെ.കരുണാകരന്റെ നേതൃത്വത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നിരിക്കുന്നതെന്ന് നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്ത ഭരണകക്ഷി അംഗങ്ങൾ പൊതുവിൽ അഭിപ്രായപ്പെട്ടു. എന്നാൽ ഞാൻ ആ അഭിപ്രായത്തെ ചോദ്യം ചെയ്തു.

അഞ്ചാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ ഞാൻ സി.എഫ്.ഡി. യുടെ നിയമസഭാംഗമായിരുന്നുവെങ്കിലും തുടർന്നുള്ള സമ്മേളനങ്ങളിൽ ജനതാപാർട്ടിയുടെ ഭാഗമായാണ് പ്രവർത്തിച്ചത്. സി.എഫ്.ഡി. ദേശീയ തലത്തിൽ ജനതാപാർട്ടിയിൽ ലയിച്ചതാണ് അതിന് കാരണം. വളരെ മെച്ചപ്പെട്ട പ്രകടനമാണ് ജനതാപാർട്ടി പൊതുവിൽ നിയമസഭയിൽ കാഴ്ച വച്ചത്. സദാസമയവും പോയിന്റ് ഓഫ് ഓർഡറുമായി എം.എൽ.എ.മാരായിരുന്ന പി.കെ.ശങ്കരൻ കുട്ടിയും പി.ബി.ആർ.പിള്ളയും എഴുന്നേൽക്കുമായിരുന്നു. മന്ത്രിസഭാംഗവും രാജ്യസഭാംഗവുമായിരുന്നിട്ടുള്ള കെ.ചന്ദ്രശേഖരന്റേയും കേരള നിയമസഭയിലും ലോക്‌സഭയിലും അംഗമായിട്ടുള്ള ആർ.ബാലകൃഷ്ണപിള്ളയുടെയും നേതൃത്വം ഞങ്ങളുടെ ജനതാപാർട്ടി നിയമസഭാ കക്ഷിക്ക് കരുത്തും ശക്തിയുമായിരുന്നു.

1977 ൽ ആദ്യമായി നിയമസഭാംഗമായിരിക്കുമ്പോൾ തന്നെ അടിസ്ഥാനപരമായ പല പ്രശ്നങ്ങളും നിയമസഭയിൽ ഉന്നയിക്കുന്നതിന് എനിക്ക് കഴിഞ്ഞിരുന്നു. സാമ്പത്തിക സംവരണത്തിനുവേണ്ടി നിയമസഭയിൽ കൊണ്ടുവന്ന പ്രമേയത്തെ ഞാൻ ശക്തമായി എതിർത്തു. ഇന്ത്യൻ ഭരണഘടന വിഭാവന ചെയ്യുന്ന സംവരണം, സാമ്പത്തിക പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിലുള്ളതല്ലെന്നും സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിലുള്ളതാണെന്നും ഭരണഘടനാവകുപ്പുകളുദ്ധരിച്ചു കൊണ്ട് ഞാൻ സമർത്ഥിച്ചു. റയിൽവെ വികസനവുമായി ബന്ധപ്പെട്ട് ഒരു അനൗദ്യോഗിക പ്രമേയത്തിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് തിരുവനന്തപുരത്ത് ഒരു സമ്പൂർണ്ണ റെയിൽവേ ഡിവിഷൻ അനുവദിക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിച്ചു. തിരുവന്തപുരം ജില്ലയിലെ മറ്റ് നിയമസഭാ സാമാജികരെയും രാഷ്ട്രീയ നേതാക്കളേയും അണിനിരത്തിക്കൊണ്ട് തിരുവനന്തപുരം റയിൽവെ ഡിവിഷൻ ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയും ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് കേന്ദ്ര റെയിൽവെ മന്ത്രിയായിരുന്ന പ്രൊഫസർ മധുദന്തവദെ തിരുവനന്തപുരം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിന് ഇത് സംബന്ധിച്ച ഒരു നിവേദനം നൽകുകയും ചെയ്തു. ഇതിനെത്തുടർന്ന് തിരുവനന്തപുരത്ത് റയിൽവെ ഡിവിഷൻ സ്ഥാപിക്കുന്നതാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ആ പശ്ചാത്തലത്തിൽ നിയമസഭയിൽ റെയിൽവെ വികസനവുമായി ബന്ധപ്പെട്ട ഒരു സ്വകാര്യ പ്രമേയം ചർച്ചയ്ക്കെടുത്തപ്പോൾ ഇതിനായി ഞാൻ ഭേദഗതി അവതരിപ്പിച്ചു.

1979 ൽ സി.എച്ച്.മുഹമ്മദ് കോയ മന്ത്രിസഭ പ്രതിസന്ധി നേരിട്ട സന്ദർഭത്തിൽ സി.എഫ്.ഡി. അംഗമായിരുന്ന ഞാൻ മന്ത്രിസഭയ്ക്ക് പിന്തുണ പ്രഖ്യാപിച്ചു. ആ മന്ത്രിസഭയിൽ ഞാൻ തൊഴിൽ, ഭവന നിർമാണം, പട്ടിക ജാതി-പട്ടിക വർഗ്ഗ ക്ഷേമം, സാമൂഹ്യവികസനം, വൈദ്യുതി, ജലസേചനം, നിയമം എന്നീ വകുപ്പുകളുടെ മന്ത്രിയായിരുന്നു. അന്ന് പീരുമേട് മണ്ഡലത്തിലെ സാമാജികനായിരുന്ന സി.എ.കുര്യൻ മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം സംബന്ധിച്ച പ്രശ്നമുയർത്തി നിരാഹാര സമരമാരംഭിച്ചു. ഏതാനും ദിവസങ്ങൾ പിന്നിട്ടപ്പോൾ സി.പി.ഐ. നേതാവും മുൻ മുഖ്യമന്ത്രിയുമായിരുന്ന പി.കെ.വാസുദേവൻ നായരുടെ അഭ്യർത്ഥന പ്രകാരം പ്രശ്നത്തിൽ ഞാൻ ഇടപെടാമെന്നും നേരിട്ട് മുല്ലപ്പെരിയാർ സന്ദർശിക്കാമെന്നും ആവശ്യമായ നടപടി സ്വീകരിക്കാമെന്നും ഉറപ്പ് നൽകിക്കൊണ്ടുള്ള കത്ത് പി.കെ.വി. മുഖാന്തരം സി.എ.കുര്യന് കൊടുത്തു. അതിന്റെ ഫലമായി സി.എ.കുര്യൻ നിരാഹാരം അവസാനിപ്പിച്ചു. കത്തിൽ ഉറപ്പ് നൽകിയത് പോലെ ഞാൻ മുല്ലപ്പെരിയാർ ഡാം സന്ദർശിക്കുകയും ഡാം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് വാക്കാൽ ഉത്തരവ് നൽകുകയും ചെയ്തു. പിന്നീട് മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയത്തെക്കുറിച്ചും അപകട സാധ്യതകളെക്കുറിച്ചും ചർച്ച ഉണ്ടായിട്ടുള്ള സന്ദർഭങ്ങളിലെല്ലാം 1979 ൽ ഡാം ശക്തിപ്പെടുത്തിയതിനെ കുറിച്ച് പറയാറുണ്ടെങ്കിലും ഞാനാണ് ഉത്തരവ് നൽകിയതെന്ന് ആരും പറയാറില്ല കാരണം ഞാൻ ഒരു ഫയലിലും ഒപ്പുവച്ചിട്ടില്ല.

1977-79 ന് ശേഷം ഞാൻ കേരള നിയമസഭയിൽ അംഗമായി വരുന്നത് 1987 ലാണ്. അന്ന് ഞാൻ കായിക- യുവജനകാര്യ മന്ത്രിയായിരുന്നു. ആ കാലയളവിലാണ് ദേശീയകായിക മേള കേരളത്തിൽ സംഘടിപ്പിച്ചത്. കായിക മേഖലയുമായി ബന്ധപ്പെട്ട ആദ്യ ആലോചനാ യോഗത്തിൽ സുപ്രധാനമായ ഒരു തീരുമാനം ഞാൻ എടുത്തു. ജിജി തോംസണെ, കായിക മേളയുമായി ബന്ധപ്പെട്ട സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ചുമതല ഏൽപ്പിച്ചു. ജിജി തോംസണിന്റെ സംഘാടക മികവിന്റെ ഒരു ദൃഷ്ടാന്തം ആയി കേരളത്തിൽ നടന്ന ദേശീയ ഗെയിംസ് മാറി. അതിനുശേഷം ഗ്രാമപഞ്ചായത്തുകൾ മുതൽ ബ്ലോക്ക് നിലവാരത്തിലും ജില്ലാ നിലവാരത്തിലും സംസ്ഥാന നിലവാരത്തിലും ഗ്രാമീണ കായിക മേളകൾ സംഘടിപ്പിക്കുന്നതിന് സ്പോർട്സ്- യുവജനകാര്യ വകുപ്പ് മന്ത്രിയെന്നുള്ള നിലയിൽ ഞാൻ നേതൃത്വം നൽകി.

1987 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇരുപത്തിമൂവായിരത്തോളം വോട്ടിന്റെ ഭൂരിപക്ഷത്തിൽ കോവളം മണ്ഡലത്തിൽ നിന്നും വിജയിച്ച എനിക്ക് 1991 ലെ തെരഞ്ഞെടുപ്പിൽ പതിനാറ് വോട്ടിന്റെ ഭൂരിപക്ഷമാണ് ലഭിച്ചത്. എന്നാൽ കേരളത്തിലാകെ യു.ഡി.എഫിന് ഭൂരിപക്ഷം ലഭിച്ച സാഹചര്യത്തിൽ എന്റെ എതിർ സ്ഥാനാർത്ഥി റീ കൗണ്ടിംഗ് ആവശ്യപ്പെടുകയുണ്ടായി. റീ കൗണ്ടിംഗിൽ, പതിനാറ് വോട്ടിന്റെ ഭൂരിപക്ഷം ഇരുപത്തിയൊന്ന് വോട്ടായി വർദ്ധിക്കുകയുണ്ടായി. എന്നാൽ എതിർ സ്ഥാനാർത്ഥി എനിക്കെതിരെ തെരഞ്ഞെടുപ്പ് ഹർജി ഫയൽ ചെയ്തു. ഇന്ത്യയിലൊരിടത്തും സംഭവിക്കാത്ത രീതിയിൽ ആറു മാസം കൊണ്ട് തെരഞ്ഞെടുപ്പ് ഹർജിയിൽ തീരുമാനമെടുത്തു. എനിക്ക് അപ്പീൽ പോകുന്നതിനുള്ള സാവകാശം പോലും നൽകാതെ എതിർ സ്ഥാനാർത്ഥിയെ നിയമസഭാ സാമാജികനായി സത്യപ്രതിജ്ഞ ചെയ്യിക്കുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്തു. 1991 ൽ കേവലം ആറു മാസമേ നിയമസഭാ സാമാജികനായിരിക്കാനുള്ള അവസരം എനിക്ക് ലഭിച്ചുള്ളുവെങ്കിലും കേരള നിയമസഭയുടെ ചരിത്രത്തിൽ ആർക്കും നിർവ്വഹിക്കാൻ കഴിയാത്ത ഒരു വലിയ ചുമതല നിർവ്വഹിക്കുന്നതിന് എനിക്ക് കഴിഞ്ഞു. ജനതാദൾ പ്രവർത്തകനായ ജയകുമാറിന്റെ കൊലപാതകം സംബന്ധിച്ച് റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകി അവതരിപ്പിച്ച അടിയന്തിര പ്രമേയമായിരുന്നു അത്. ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന മുഖ്യമന്ത്രിയുടെ അസാന്നിധ്യത്തിൽ ധനകാര്യ വകുപ്പ് മന്ത്രി നൽകിയ മറുപടിയിൽ കുറ്റകൃത്യത്തെക്കുറിച്ചും പ്രതികളെക്കുറിച്ചും നിയമസഭയിൽ വസ്തുതാപരമായ പ്രസ്താവന നടത്തി. അവസാനം കേസ് ചാർജ്ജ് ചെയ്യപ്പെടുകയും പ്രതികൾ പലരും ശിക്ഷിക്കപ്പെടുകയും ചെയ്തു

1996 ൽ കേരള നിയമസഭയിലേക്ക് വീണ്ടും



## വിജ്ഞാനപഥം

1. തിരുവിതാംകൂറിൽ ആദ്യമായി ഒരു ലെജിസ്ലേറ്റീവ് കൗൺസിൽ സ്ഥാപിക്കുന്നതിനുള്ള റഗുലേഷൻ പാസ്സാക്കിയ തീയതി?

   1888 മാർച്ച് 30

2. തിരുവിതാംകൂറിൽ ഒരു ലെജിസ്ലേറ്റീവ് കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ട് വച്ച ദിവാൻ ആരാണ് ?

   റ്റി. രാമ റാവു

3. പ്രഥമ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ അംഗസംഖ്യ എത്രയാണ്?

   എട്ട്

4. പ്രഥമ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന വ്യക്തി ആര്?

   എഫ്. വാട്ട്സ്

5. മഹാകവി ഉള്ളൂർ എസ്.പരമേശ്വരയ്യർ അംഗമായിരുന്ന ലെജിസ്ലേറ്റീവ് കൗൺസിൽ ഏതാണ് ?

   1920-22 കൗൺസിൽ



റ്റി. രാമ റാവു



ഡോ. മേരി പുന്നൻ ലൂക്കോസ്

6. ചോദ്യം ചോദിക്കുന്നതിനുള്ള അവകാശം തിരുവിതാംകൂറിലെ സാമാജികർക്ക് ലഭിച്ചത് എന്നാണ്?

   1920 ഏപ്രിൽ 7 ന് (ആദ്യ ചോദ്യം എം.സുബ്രഹ്മണ്യപിള്ളയുടേതായിരുന്നു. തിരുവിതാംകൂർ സർവ്വീസിൽ 50 രൂപയോ അതിൽ കൂടുതലോ വേതനം പറ്റുന്നവരെ കുറിച്ചായിരുന്നു ചോദ്യം)

7. തിരുവിതാംകൂറിൽ സഭ നിയന്ത്രിക്കുന്നതിന് ലെജിസ്ലേറ്റീവ് കൗൺസിലിൽ ഒരു ഡെപ്യൂട്ടി പ്രസിഡന്റിനെ ആദ്യമായി നിയമിച്ച വർഷം?

   1922

8. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗമായ പ്രഥമ വനിത?

   ഡോ. മേരി പുന്നൻ ലൂക്കോസ്

9. സഭ നിയന്ത്രിക്കുന്നതിന് ചെയർമാൻമാരുടെ പാനലിനെ ആദ്യമായി നിയമിച്ച വർഷം?

   1933

10. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ വിളംബരങ്ങൾ ആക്ട് എന്ന് അറിയപ്പെടാൻ തുടങ്ങിയത് ഏത് ഉത്തരവ് പ്രകാരം ?

    1939 മാർച്ച് 18 ലെ ഉത്തരവ്

*മുൻ സാമാജികർ മനസ് തുറക്കുന്നു.. തുടർച്ച*

ഞാൻ ഇരുപത്തിമൂവായിരത്തിലധികം വോട്ടിന്റെ ഭൂരിപക്ഷത്തിൽ തെരഞ്ഞെടുക്കപ്പെട്ടു 1999 ജനുവരി 20 ാം തീയതി മുതൽ 2000 ഫെബ്രുവരി 12 ാം തീയതി വരെ ഞാൻ ഗതാഗതം, വനം, ദേവസ്വം വകുപ്പുകളുടെ മന്ത്രിയായി പ്രവർത്തിച്ചു. 1996 നവംബർ 14 ാം തീയതി റൂൾ 30 അനുസരിച്ച് പൂന്തുറ കലാപത്തെ കുറിച്ച് അന്വേഷിച്ച അരവിന്ദാക്ഷമേനോൻ കമ്മീഷന്റെ റിപ്പോർട്ട് സഭയിൽ ചർച്ച ചെയ്യണമെന്ന് കടകംപള്ളി സുരേന്ദ്രന്റെ ഉപക്ഷേപത്തിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രദ്ധേയമായ ഒരു പ്രസംഗം ഞാൻ നടത്തുകയുണ്ടായി. രാഷ്ട്രീയ കക്ഷികളും ഭരണാധികാരികളും മതങ്ങളെ പ്രീണിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന രീതിയെ ഞാൻ നിശിതമായി വിമർശിച്ചിരുന്നു. മതത്തെ കേവലം വ്യക്തിപരമായ വിശ്വാസമായി പിടിച്ചു നിർത്താൻ കഴിയണമെന്നും രാഷ്ട്രീയ നേതാക്കൻമാരും ജനപ്രതിനിധികളും ഞാനാദ്യം ഞാനാദ്യമെന്നുള്ള നിലയിൽ സംഘടിത മതത്തിന്റെ അരങ്ങേറ്റങ്ങളിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും ഞാനാവശ്യപ്പെട്ടു. എങ്കിൽ മാത്രമേ വർഗ്ഗീയതയുടെ വേര് പിഴുതെറിയാൻ കഴിയുകയുള്ളുവെന്ന വസ്തുത ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ട് വന്നു.

1996-97 സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റിലെ, വ്യവസായങ്ങൾക്കു വേണ്ടിയുള്ള XXXVIIാം നമ്പർ ധനാഭ്യർത്ഥനയുടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കേണ്ട കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പോലുള്ള സ്ഥാപനങ്ങൾ അവയെ തകർക്കാൻ കാലാകാലങ്ങളിലായി ശ്രമിച്ചു വരുന്നതിനെ നിശിതമായ ഭാഷയിൽ ഞാൻ വിമർശിച്ചു. കൈത്തറി, കശുവണ്ടി, കയർ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണമെന്ന് ഞാൻ അഭ്യർത്ഥിച്ചു. നമ്മുടെ ആഭ്യന്തര വിഭവശേഷിയിലും വമ്പിച്ച മനുഷ്യ പ്രയത്നത്തിലും ഊന്നി നിന്നു കൊണ്ടുള്ള വ്യവസായ നയത്തിന് രൂപം നൽകണമെന്ന് ഞാൻ ആവശ്യപ്പെട്ടു. നികുതി പിരിച്ചെടുക്കുന്നതിലുണ്ടാകുന്ന വീഴ്ചകളിലേക്കും നികുതി സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിലുണ്ടാകുന്ന അലംഭാവത്തിലേക്കും ഞാൻ സഭയുടെയും സർക്കാരിന്റേയും ശ്രദ്ധ ക്ഷണിച്ചു.

1996 മുതൽ 2001 വരെയുള്ള നിയമസഭയുടെ കാലയളവിൽ ഭരണകക്ഷി അംഗമെന്ന നിലയിലും 2001 മുതൽ 2006 വരെയുള്ള കാലയളവിൽ പ്രതിപക്ഷ അംഗമെന്ന നിലയിലും നിരവധി സബ്മിഷനുകളും ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളും അവതരിപ്പിക്കുന്നതിന് എനിക്ക് കഴിഞ്ഞു . തിരുവനന്തപുരം ജില്ലയുടെ പല പ്രദേശങ്ങളിലും തിരുവനന്തപുരം നഗരത്തിലും അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഉതകുന്ന പദ്ധതി, വെള്ളായണി കായലിൽ ആരംഭിക്കേണ്ട ശുദ്ധജല വിതരണ പദ്ധതി, തിരുവനന്തപുരം ജില്ലയുടെ സമഗ്ര വികസനത്തിന് വിവിധ പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത, ടെക്നോപാർക്ക് സ്ഥിതി ചെയ്യുന്ന കഴക്കൂട്ടം മുതൽ കോവളം വരെ ഐ.ടി. വ്യവസായങ്ങളുടെ ശൃംഖല പടുത്തുയർത്തുന്നത്, വിനോദസഞ്ചാര സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്, കടലാക്രമണവും പ്രകൃതിക്ഷോഭവും മൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയ വിവിധ വിഷയങ്ങളിലേക്ക് വിരൽ ചൂണ്ടി ഞാൻ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചിട്ടുണ്ട്. 1987-91 കാലയളവിൽ പനത്തുറ പ്രദേശത്ത് കടൽ ഭിത്തി നിർമ്മിക്കാൻ അന്നത്തെ ജലസേചന വകുപ്പ് മന്ത്രി ബേബി ജോണിനെ കൊണ്ട് ഫലപ്രദമായ നടപടി സ്വീകരിക്കുവാൻ എനിക്ക് കഴിഞ്ഞു. ഭരണകക്ഷിയംഗമായിരിക്കുമ്പോഴും പ്രതിപക്ഷയംഗമായിരിക്കുമ്പോഴും ഒരേ പോലെ സമ്പൂർണ്ണ മദ്യനിരോധനത്തിനു വേണ്ടി ഞാൻ വാദിച്ചിട്ടുണ്ട്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005 ലെ യൂണിവേഴ്സിറ്റി ലോ (അമെന്റ്മെന്റ്) ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സർവകലാശാലകളുടെ വിവിധ സമിതികളിൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ കടന്നു വരുന്നതിനെതിരെ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനത്തെ നിശിതമായ ഭാഷയിൽ ഞാൻ വിമർശിച്ചു. ഇ.ടി.മുഹമ്മദ് ബഷീറിനെപ്പോലൊരാൾ വിദ്യാഭ്യാസവകുപ്പ് മന്ത്രിയായിരിക്കുമ്പോൾ സംവരണ ലിസ്റ്റിൽ ഒ.ബി.സി. ആയി ബ്രാക്കറ്റ് ചെയ്തിട്ടുള്ള സമുദായങ്ങൾക്ക് സംവരണം നൽകുന്നതിന് പ്രത്യേകം നടപടി സ്വീകരിക്കണമെന്ന് ഞാനാവശ്യപ്പെട്ടു. ജുഡീഷ്യറിയിലാണ് സാമൂഹ്യനീതി ഒരിക്കലും ഉറപ്പുവരുത്താത്തതെന്നും ഞാൻ ചൂണ്ടിക്കാണിച്ചു.

1999-2000 ത്തിൽ ഞാൻ വനം വകുപ്പിന്റെ കൂടി ചുമതല വഹിക്കുന്ന മന്ത്രിയായിരുന്നു. 1970 കളിൽ ഡോ.കെ.ജി. അടിയോടി വനം വകുപ്പ് മന്ത്രിയായിരുന്ന സന്ദർഭത്തിൽ സ്വകാര്യ വനങ്ങൾ ദേശസാത്കരിക്കുന്ന നിയമം കേരള നിയമസഭ പാസ്സാക്കി. ആ നിയമമനുസരിച്ച് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ വനഭൂമി, സ്വകാര്യ വനമുടമസ്ഥർ ട്രിബ്യൂണലിലും ഹൈക്കോടതിയിലും സുപ്രീംകോടതിയിലുമൊക്കെ നടത്തിയ നിയമപോരാട്ടത്തിന്റെ ഫലമായി അവർക്ക് തിരികെ ലഭിക്കുന്നതിനുള്ള ഉത്തരവുകൾ സമ്പാദിച്ചു. വനഭൂമി അവർക്ക് വിട്ടു കൊടുത്തില്ലെങ്കിൽ കോടതിയലക്ഷ്യ നടപടികൾ സ്വീകരിക്കുമെന്ന ഹൈക്കോടതിയോ സുപ്രീംകോടതിയോ നൽകിയ മുന്നറിയിപ്പുകളെക്കുറിച്ച് പ്രതിപാദിക്കുന്ന നിരവധി ഫയലുകൾ ഞാൻ വനം വകുപ്പ് മന്ത്രിയായിരുന്ന അവസരത്തിൽ എന്റെ മുന്നിൽ വന്നു. Government wants to take a policy so this may wait എന്ന് ഫയലിൽ എഴുതി ആ ഫയലുകൾ ഞാൻ മാറ്റിവച്ചു. എന്നിട്ട്, പരിസ്ഥിതിലോല പ്രദേശങ്ങളെന്ന കാരണം പറഞ്ഞ് ഏതൊരു ഭൂമിയും സർക്കാരിനേറ്റെടുക്കാൻ അധികാരം നൽകുന്ന ഒരു ഓർഡിനൻസ് തയ്യാറാക്കാനുള്ള ശ്രമത്തിലേർപ്പെട്ടു. അന്ന് കേരള വനം വികസന കോർപ്പറേഷന്റെ ചെയർമാനായിരുന്ന മനോഹരന്റെ സഹായത്തോടെ ആ ഓർഡിനൻസ് ഞാൻ തയ്യാറാക്കി സർക്കാരിന്റെ നയരൂപീകരണ സമിതിയിൽ സമർപ്പിച്ചു. എല്ലാ മുന്നണി ഏകോപനസമിതിയോഗങ്ങളിലും അതു സംബന്ധിച്ച രേഖകളുമായി ഞാൻ പോകാറുണ്ടായിരുന്നു. അവസാനം 2000 ഫെബ്രുവരി മാസത്തിൽ ഞാൻ മന്ത്രിസ്ഥാനം രാജി വയ്ക്കുമ്പോൾ, ഈ ഓർഡിനൻസ് എന്റെ രാജിക്ക് ഇടയാക്കിയ സാഹചര്യങ്ങൾ സൃഷ്ടിച്ച കാരണങ്ങളിലൊന്നായി ഞാൻ ചൂണ്ടിക്കാണിച്ചു. അതുകൊണ്ട് മാത്രം ഞാൻ രാജി വച്ച് അധികം കഴിയുന്നതിന് മുൻപ് സർക്കാർ അത് സംബന്ധിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ചു. ബില്ലായി നിയമസഭയിൽ അവതരിപ്പിച്ച് നിയമമാക്കുന്നതിന് പകരം കാലാവധി കഴിയുമ്പോൾ ഓർഡിനൻസ് വീണ്ടും പുറപ്പെടുവിക്കുകയാണ് ചെയ്തുകൊണ്ടിരുന്നത്. എന്നാൽ എ.കെ.ആന്റണി മന്ത്രിസഭയുടെ കാലത്ത് അതുണ്ടായില്ല. അക്കാര്യം ഞാൻ മാധ്യമങ്ങളിലൂടെ ഉയർത്തിക്കൊണ്ടു വന്നു. പിന്നീട് എ.കെ.ആന്റണി സർക്കാർ ഇതു സംബന്ധിച്ച ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. നിയമസഭ ആ ബിൽ സെലക്ട് കമ്മറ്റിയുടെ പരിഗണനയ്ക്ക് അയച്ചു. അന്നത്തെ ഭരണകക്ഷിയും പ്രതിപക്ഷവും ഒത്ത് ചേർന്ന് സെലക്ട് കമ്മിറ്റിയിൽ വച്ച് ആ ബില്ലിൽ വെള്ളം ചേർത്തത് എന്നെ വല്ലാതെ വേദനിപ്പിച്ചു. ഞാൻ തയ്യാറാക്കിയ ഓർഡിനൻസിൽ ഉറച്ച് കൊണ്ട് നിരവധി ഭേദഗതികൾ കൊടുത്തു. എന്നാൽ ആ ബില്ലിന്റെ ചർച്ചയ്ക്ക് വളരെ കുറച്ചു സമയം മാത്രമാണ് നിശ്ചയിച്ചിരുന്നത്. എന്റെ ഭേദഗതികൾ ശരിയായി അവതരിപ്പിക്കുന്നതിനോ അവയെക്കുറിച്ച് വിശദീകരിക്കുന്നതിനോ സ്പീക്കർ അനുവദിച്ചില്ല. അതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തി. നീലലോഹിതദാസ് ഒറ്റയ്ക്ക് വാക്കൗട്ട് നടത്തിയെന്ന് പിറ്റേ ദിവസം മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

മുത്തങ്ങയിൽ ആദിവാസികളുടെ നേർക്ക് പോലീസ് നടത്തിയ വേട്ടയ്ക്കെതിരെ അന്വേഷണം ആവശ്യപ്പെട്ട് നിയമസഭയ്ക്കകത്തും പുറത്തും പ്രതിപക്ഷം ഉയർത്തിക്കൊണ്ടു വന്ന സമര പരിപാടികളുടെ ഭാഗമായി സെക്രട്ടേറിയറ്റിന്റെ മുന്നിൽ ഞാൻ 15 ദിവസം ഉപവാസ സമരം നടത്തി. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ പ്രമുഖ നേതാക്കൾ എന്നോട് ഉപവാസം അവസാനിപ്പിക്കാൻ ആവശ്യപ്പെട്ടെങ്കിലും ഞാൻ വഴങ്ങിയില്ല. ആദിവാസികളുടെ പ്രശ്നത്തിന്റെ പേരിൽ നിരാഹാരം കിടന്ന് മരണപ്പെട്ടുപോയാലും ഒരു കുഴപ്പവുമില്ലെന്നും അതിലപ്പുറം പൊതുജീവിതത്തിലൊന്നും നേടാനില്ലെന്നുമുള്ള നിലപാടാണ് ഞാൻ സ്വീകരിച്ചത്.

1977 മുതൽ 79 വരെയും 1987 മുതൽ 91 വരെയും 1996 മുതൽ 2001 വരെയും 2001 മുതൽ 2006 വരെയുമുള്ള കാലയളവിൽ നിയമസഭാ സാമാജികനെന്ന നിലയിലും ഇതിനിടെ മൂന്ന് തവണ മന്ത്രിയെന്ന നിലയിലും ഞാൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളിലേക്കും ആ പ്രവർത്തനാനുഭവങ്ങളിലേക്കും ഒരു എത്തിനോട്ടം മാത്രമേ നടത്തിയിട്ടുള്ളു. എം.പി.യെന്ന നിലയിലും ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് പാർട്ടി ലോക്സഭാ ഗ്രൂപ്പിന്റെ നേതാവെന്നുള്ള നിലയിലും 1980-84 കാലയളവിൽ ഞാൻ പാർലമെന്റിനകത്തും പുറത്തും ദേശീയ രാഷ്ട്രീയ രംഗത്തും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ നിരവധിയാണ്. അത് പിന്നീട് ഒരിക്കൽ വിശദീകരിക്കാം.

**ഡോ.എ.നീലലോഹിതദാസൻ നാടാർ**

അഞ്ചാം കേരള നിയമസഭയിൽ കോവളം മണ്ഡലത്തെ പ്രതിനിധീകരിച്ച് ആദ്യമായി കേരള നിയമസഭയിലെത്തി. പിന്നീട് എട്ട്, പത്ത്, പതിനൊന്ന് നിയമസഭകളിലും ഇതേ മണ്ഡലത്തെ നിയമസഭയിൽ പ്രതിനിധീകരിച്ചു. തൊഴിലും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി, കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി, വനവും ഗതാഗതവും വകുപ്പ് മന്ത്രി എന്നീ ചുമതലകളും നിർവ്വഹിച്ച അദ്ദേഹം 1980-84 കാലയളവിൽ ലോക്സഭാംഗമായിരുന്നു. ജനതാദൾ നിയമസഭാ കക്ഷി നേതാവ്, ഡി.എസ്.പി. ലോക്സഭ പാർലമെന്ററി പാർട്ടി നേതാവ്, ലോക്ദൾ അഖിലേന്ത്യാ ജനറൽ സെക്രട്ടറി, ജനതാദൾ സംസ്ഥാന ജനറൽ സെക്രട്ടറിയും, സെക്രട്ടറി ജനറലും, കെ.പി.സി.സി. അംഗം, എ.ഐ.സി.സി. അംഗം, ജനതാദൾ ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, കേരള സർവ്വകലാശാല യൂണിയൻ ചെയർമാൻ, കാമരാജ് ഫൗണ്ടേഷൻ സ്ഥാപകൻ, യൂത്ത് കോൺഗ്രസ് പ്രസിഡന്റ്, കോൺഗ്രസ് ഫോർ ഡെമോക്രസി, ലോക്ദൾ, ദളിത് മസ്ദൂർ കിസാൻ പാർട്ടി, ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് പാർട്ടി എന്നിവയുടെ പ്രസിഡന്റ്, യുഗദീപം മാസികയുടെ പ്രസാധകൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. മുൻ സാമാജിക ജമീല പ്രകാശം ഭാര്യയാണ്.

സഭാ നായകരുടെ ജീവിത രേഖയിലൂടെ.......





# കെ. കരുണാകരൻ: സമാനതകളില്ലാത്ത രാഷ്ട്രീയ പോരാളി

ആറു പതിറ്റാണ്ടിലേറെ കാലം കേരള രാഷ്ട്രീയത്തിൽ നിറഞ്ഞു നിന്ന വ്യക്തിത്വം, ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ പ്രധാനമന്ത്രി പദത്തിലേക്ക് പോലും പരിഗണിക്കപ്പെട്ട മലയാളി, കേരളത്തിലെ മുന്നണി രാഷ്ട്രീയത്തിന് പുതിയ ദിശാബോധം നൽകിയ പ്രമുഖൻ, ചടുലമായ രാഷ്ട്രീയ നീക്കങ്ങളിലൂടെ ഏവരേയും അമ്പരപ്പിച്ച രാഷ്ട്രീയ ചാണക്യൻ തുടങ്ങി നിരവധി വിശേഷണങ്ങൾക്ക് അർഹനാണ് കണ്ണോത്ത് കരുണാകരൻ മാരാർ എന്ന കെ. കരുണാകരൻ. 1918 ജൂലൈ 5 നായിരുന്നു രാവുണ്ണി മാരാരുടെയും സി. കല്യാണി മാരസ്യാരുടെയും പുത്രനായി കണ്ണോത്ത് തറവാട്ടിൽ കെ. കരുണാകരന്റെ ജനനം. ജന്മം കൊണ്ട് കണ്ണൂർകാരനാണെങ്കിലും കർമ്മം കൊണ്ട് അദ്ദേഹം തൃശ്ശൂർ കാരനായിരുന്നു. തന്റെ പേരിനൊപ്പം ഉണ്ടായിരുന്ന 'മാരാർ' എന്ന വാൽ സ്വയം മുറിച്ചുമാറ്റിയതോടെ കരുണാകരൻ മാരാർ കെ. കരുണാകരനായി. വടകര ലോവർ പ്രൈമറി സ്കൂളിൽ ആരംഭിച്ച പ്രൈമറി വിദ്യാഭ്യാസം പിന്നീട് ആണ്ടല്ലൂരിലും ചിറക്കൽ രാജാസ് ഹൈസ്ക്കൂളിലും തുടർന്നു. എന്നാൽ കണ്ണിനെ ബാധിച്ച രോഗം മൂലം പഠനം പകുതി വഴിയിൽ അവസാനിപ്പിക്കേണ്ടതായി വന്നു. ചിത്രകലയിൽ അഭിരുചിയുണ്ടായിരുന്ന അദ്ദേഹം രോഗം ഭേദമായ ശേഷം മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചിത്രരചന പഠിക്കുവാൻ ചേർന്നു.

അക്കാലത്ത് കൊച്ചി രാജ്യത്ത് പ്രജാമണ്ഡലം സജീവമായി പ്രവർത്തിക്കുന്നുണ്ടായിരുന്നു.വി.ആർ.കൃഷ്ണനെഴുത്തച്ഛനും സി. അച്യുതമേനോനും നീലകണ്ഠ അയ്യരുമൊക്കെ പ്രജാമണ്ഡലത്തിന്റെ പ്രധാനനേതാക്കളായിരുന്നു. ഈ കണ്ണിയിലേക്ക് കെ.കരുണാകരനും എത്തപ്പെട്ടു. അതിനുമുൻപ് ട്രേഡ് യൂണിയൻ രംഗത്ത് സജീവമായിരുന്ന അദ്ദേഹം അവിടേയും കോൺഗ്രസ്സിനെ കൂടുതൽ സജീവമാക്കി. 1942 ലെ ക്വിറ്റ് ഇന്ത്യ സമരത്തിൽ നിരോധനം ലംഘിച്ച് പ്രസംഗിച്ചതിന്റെ പേരിൽ അദ്ദേഹം അറസ്റ്റ് വരിക്കുകയുണ്ടായി. 1946-ൽ ഐ.എൻ.റ്റി.യു.സി. രൂപീകൃതമായപ്പോൾ അതിന്റെ ജോയിന്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം തുടർന്ന് ഐ.എൻ.റ്റി.യു.സി. പ്രസിഡന്റായും പ്രവർത്തിച്ചു. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ ആദ്യപടി കെ. കരുണാകരൻ ആരംഭിക്കുന്നത് തൃശ്ശൂർ നഗരസഭയിലേക്ക് മത്സരിച്ചു കൊണ്ടാണ്. ഇരുപത്തിയാറാമത്തെ വയസ്സിൽ തൃശ്ശൂർ നഗരസഭയിലേക്ക് അദ്ദേഹം എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് 1948 ൽ ഒല്ലൂക്കര മണ്ഡലത്തിൽ നിന്ന് കൊച്ചി നിയമസഭയിലേക്കും 1951 ൽ വിയ്യൂർ, 1954 ൽ മണലൂർ എന്നിവിടങ്ങളിൽ നിന്നും തിരു-കൊച്ചി നിയമസഭയിലേക്കും വിജയിച്ചു കയറി. കേരള സംസ്ഥാന രൂപീകരണത്തിനു ശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ കെ. കരുണാകരൻ തൃശ്ശൂർ നിയോജകമണ്ഡലത്തിൽ നിന്നും ഡോ. എ.ആർ മേനോനെതിരെ മത്സരിച്ചെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. വിമോചനസമരത്തെ തുടർന്ന് 1959 ൽ നടന്ന തെരഞ്ഞെടുപ്പിൽ അദ്ദേഹത്തിന് പാർട്ടി സീറ്റ് നിഷേധിച്ചു.

1965 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കെ. കരുണാകരൻ തൃശ്ശൂർ ജില്ലയിലെ മാള നിയോജക മണ്ഡലത്തിൽ നിന്നും മത്സരിക്കുകയും വിജയിക്കുകയും ചെയ്തു. ഈ വിജയത്തെ തുടർന്ന് പിന്നീട് തന്റെ ഇഷ്ട മണ്ഡലം മാളയാക്കി നിലനിർത്തുകയായിരുന്നു അദ്ദേഹം. ആദ്യ തെരഞ്ഞെടുപ്പിൽ സി.പി.ഐ. യിലെ കെ.എ. തോമസിനെയാണ് അദ്ദേഹം പരാജയപ്പെടുത്തിയത്. മൂന്നാം കേരള നിയമസഭയിൽ 1967-69 വരെ പ്രതിപക്ഷ നേതാവായും അദ്ദേഹം പ്രവർത്തിച്ചു. 1971 ൽ പുതിയ ജനാധിപത്യ കക്ഷികളുടെ ഐക്യത്തിന്റെ ഫലമായി കോൺഗ്രസ് നിയമസഭയിൽ നിർണ്ണായക സ്വാധീനമുള്ള രാഷ്ട്രീയ പ്രസ്ഥാനമായി. തുടർന്ന് 1971 ൽ സി. അച്യുതമേനോൻ മന്ത്രിസഭ അധികാരത്തിൽ വരുകയും കെ. കരുണാകരൻ ആഭ്യന്തര മന്ത്രിയായി ചുമതലയേൽക്കുകയും ചെയ്തു. 1977 ലെ പൊതു തെരഞ്ഞെടുപ്പിൽ കേരളത്തിൽ കോൺഗ്രസ് അധികാരത്തിലെത്തിയപ്പോൾ കരുണാകരൻ ആദ്യമായി മുഖ്യമന്ത്രിയായി. എന്നാൽ കക്കയം പോലീസ് ക്യാമ്പിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായിരുന്ന രാജൻ പോലീസ് മർദ്ദനത്തെത്തുടർന്ന് മരണമടഞ്ഞ സംഭവത്തിൽ അന്ന് ആഭ്യന്തരവകുപ്പിന്റെ ചുമതലയുണ്ടായിരുന്ന കെ. കരുണാകരൻ കുറ്റക്കാരനാണെന്ന ഹൈക്കോടതി വിധിയെത്തുടർന്ന് 1977 മാർച്ച് 25 ന് മുഖ്യമന്ത്രി ആയി സത്യപ്രതിജ്ഞ ചെയ്ത അദ്ദേഹം ഒരു മാസത്തിനിപ്പുറം ഏപ്രിൽ 25 ന് മുഖ്യമന്ത്രി പദവി രാജിവച്ചു. 1978 ൽ കോൺഗ്രസ് പാർട്ടി പിളർന്നപ്പോൾ കെ. കരുണാകരൻ ഇന്ദിരാഗാന്ധിയോടൊപ്പം ഉറച്ചു നിന്നു. 1980 ൽ ആറാം കേരള നിയമസഭയിൽ കെ. കരുണാകരൻ പ്രതിപക്ഷ നേതാവായിരുന്നു. തുടർന്ന് 1981 ലെ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. ന് ഭൂരിപക്ഷം ലഭിക്കുകയും 1981 ഡിസംബർ 28 ന് അദ്ദേഹം രണ്ടാം തവണ മുഖ്യമന്ത്രിയായി ചുമതലയേൽക്കുകയും ചെയ്തു. ഏഴാം കേരള നിയമസഭയിൽ എ.സി. ജോസ് നിയമസഭാ സ്പീക്കറായി ചുമതലയേറ്റു. പ്രതിപക്ഷത്തും ഭരണപക്ഷത്തും 70 അംഗങ്ങൾ വീതമുണ്ടായിരുന്ന ഏഴാം കേരള നിയമസഭയിൽ വോട്ടിംഗ് വേളയിൽ സ്പീക്കർ കാസ്റ്റിംഗ് വോട്ട് ചെയ്ത് മന്ത്രിസഭയെ നിലനിർത്തി. മന്ത്രിസഭയ്ക്ക് എതിരായ അവിശ്വാസ പ്രമേയവും കാസ്റ്റിംഗ് വോട്ടിലൂടെ പരാജയപ്പെട്ടു. ഇതിനിടയിൽ ലോനപ്പൻ നമ്പാടൻ കേരള കോൺഗ്രസ് (എം) പാർട്ടിയിൽ നിന്ന് രാജിവച്ച് മന്ത്രിസഭയ്ക്കുള്ള പിന്തുണ പിൻവലിച്ചതോടെ 1982 മാർച്ച് 17 ന് മന്ത്രിസഭ രാജി വയ്ക്കുകയുകയും സംസ്ഥാനം രാഷ്ട്രപതി ഭരണത്തിൻ കീഴിൽ വരുകയും ചെയ്തു. ഏഴാം കേരള നിയമസഭയിലേക്ക് 1982 ൽ നടന്ന തരഞ്ഞെടുപ്പിൽ കെ. കരുണാകരൻ നേമം, മാള എന്നീ നിയോജക മണ്ഡലങ്ങളിൽ നിന്ന് മത്സരിച്ചു. മത്സരിച്ച രണ്ട് മണ്ഡലങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു എന്ന അപൂർവ്വതയ്ക്കും അർഹനാണ് അദ്ദേഹം. 1982 ജൂൺ മാസം നേമം നിയോജകമണ്ഡലത്തിന്റെ എം.എൽ.എ. സ്ഥാനം രാജി വയ്ക്കുകയും മാള മണ്ഡലത്തിലെ പ്രതിനിധിയായി തുടരുകയും ചെയ്തു.

കെ.കരുണാകരൻ മുഖ്യമന്ത്രിയായുള്ള മൂന്നാമത്തെ മന്ത്രിസഭ 1982 മെയ് 24 ന് അധികാരത്തിൽ വന്നു. ഈ മന്ത്രിസഭയുടെ കാലത്താണ് 1982 ൽ പത്തനംതിട്ട ജില്ലയും 1984 ൽ കാസർഗോഡ് ജില്ലയും നിലവിൽ വന്നത്. ഈ സമയം ഇന്ദിരാകോൺഗ്രസിന്റെ വളർച്ച അതിന്റെ പാരമ്യതയിലെത്തി. ഇതിൽ കെ. കരുണാകരന്റെ പങ്ക് വലുതായിരുന്നു. അക്കാലയളവിൽ കെ. കരുണാകരൻ മന്ത്രിസഭയെ പിടിച്ചുലച്ച സംഭവങ്ങളാണ് നിലയ്ക്കൽ പള്ളി സംഭവം, പ്രീഡിഗ്രി ബോർഡ് രൂപീകരണ തീരുമാനം, ആർ. ബാലകൃഷ്ണപിള്ളയുടെ പഞ്ചാബ് മോഡൽ പ്രസംഗം തുടങ്ങിയവ. മുഖ്യമന്ത്രിയെ നിയമസഭാ അവകാശ കമ്മിറ്റി അധ്യക്ഷ സ്ഥാനത്ത് നിന്നും നീക്കിയതും ഓർഡിനൻസുകൾ അധികം ഇറക്കരുതെന്ന സ്പീക്കറുടെ റൂളിംഗും ഭരണപക്ഷത്ത് പ്രശ്നങ്ങൾ സൃഷ്ടിച്ചു. എസ്.ആർ.പി. മന്ത്രി ശ്രീനിവാസനും എം.പി. ഗംഗാധരനും വിവിധ കാരണങ്ങളാൽ മന്ത്രിസഭയിൽ നിന്ന് രാജി വച്ചു. 1982-87 വരെയുള്ള അഞ്ചു വർഷക്കാലം മൂന്ന് അവിശ്വാസപ്രമേയങ്ങളെയും കെ. കരുണാകരൻ മന്ത്രിസഭക്ക് അഭിമുഖീകരിക്കേണ്ടതായി വന്നു. പ്രതിസന്ധി ഘട്ടങ്ങളെയെല്ലാം നല്ല രീതിയിൽ കൈകാര്യം ചെയ്യാൻ കെ. കരുണാകരന് കഴിഞ്ഞു. കോട്ടയത്തിനടുത്ത് വെള്ളൂരിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി, പാലക്കാട് വാളയാറിൽ സിമന്റ് ഫാക്ടറി, കൊല്ലം ചവറയിൽ കേരള മിനറൽസ് ആന്റ് മെറ്റൽസ് എന്നീ സ്ഥാപനങ്ങൾ ഇക്കാലയളവിൽ പ്രവർത്തനം ആരംഭിച്ചു. ആലപ്പുഴ മുതൽ എറണാകുളം വരെയുള്ള തീരദേശ ട്രെയിൻ, ഐ.എസ്.ആർ.ഒ. ബഹിരാകാശ ഗവേഷണ സ്ഥാപനത്തിന്റെ ബൃഹത്തായ യൂണിറ്റ്, കോഴിക്കോട് വിമാനത്താവളം, കണ്ണൂർ എഞ്ചിനീയറിംഗ് കോളേജ്, മഹാത്മാഗാന്ധി സർവകലാശാല, കൊച്ചി ഡീംഡ് യൂണിവേഴ്സിറ്റി, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, ഏഴിമല നാവിക അക്കാഡമി, സതേൺ എയർ കമാൻഡ്, പുതിയ നിയമസഭാ മന്ദിരം, തിരുവനന്തപുരം ടി. വി. സ്റ്റേഷൻ എന്നിവയുടെയെല്ലാം പ്രവർത്തന പുരോഗതിക്ക് പിന്നിൽ കെ. കരുണാകരന്റെ കരങ്ങളുണ്ട്.

സമൂഹത്തിലെ താഴെത്തട്ടിലുള്ളവർക്കായി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതികൾ നിരവധിയാണ്. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കായി വിവിധ പദ്ധതികൾ അദ്ദേഹം ആവിഷ്കരിച്ചു. അവർക്കായി പാർപ്പിടം, വെള്ളം, വെളിച്ചം, നടപ്പാത തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതികളും കരുണാകരന്റെ നേതൃത്വത്തിൽ നടപ്പിലാക്കി.

എട്ടാം കേരള നിയമസഭയിൽ 1987-1991 കാലയളവിൽ അദ്ദേഹം പ്രതിപക്ഷനേതാവായിരുന്നു. 1991 ജൂണിൽ ഒമ്പതാം കേരള നിയമസഭ നിലവിൽ വരികയും കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ 1991 ജൂൺ 24 ന് ചുമതലയേൽക്കുകയും ചെയ്തു. എന്നാൽ പാർട്ടിക്കുള്ളിലെ അഭിപ്രായ ഭിന്നതയും മന്ത്രിമാരായിരുന്ന ഉമ്മൻചാണ്ടി, കെ.പി. വിശ്വനാഥൻ എന്നിവരുടെ രാജിയും കേന്ദ്ര ഇടപെടലുകളുമൊക്കെയായി 1995 ൽ കെ. കരുണാകരൻ മുഖ്യമന്ത്രി സ്ഥാനം രാജിവയ്ക്കേണ്ടി വന്നു. തുടർന്ന് അദ്ദേഹത്തെ രാജ്യസഭയിലേക്ക് തെരഞ്ഞെടുത്തു. പുതിയ വ്യവസായ നയം പ്രഖ്യാപിച്ചതും, പ്രീഡിഗ്രി-ഹയർ സെക്കന്ററി തലം വരെ വിദ്യാഭ്യാസം സൗജന്യമാക്കിയതും ജലനയവും കാർഷികനയവും പ്രഖ്യാപിച്ചതും, കാലടിയിൽ ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനായി ഓർഡിനൻസ് പുറപ്പെടുവിച്ചതും കെ.കരുണാകരൻ മന്ത്രിസഭയുടെ നേട്ടങ്ങളിൽ ചിലതു മാത്രമാണ്.

1995-97, 1997-98, 2004-05 കാലയളവുകളിൽ കെ.കരുണാകരൻ രാജ്യസഭാംഗമായിരുന്നു. 1998-99, 1999-2004 കാലയളവിൽ ലോക്സഭാംഗമായും അദ്ദേഹം പ്രവർത്തിച്ചു. 1995-96 കാലഘട്ടത്തിൽ നരസിംഹറാവു മന്ത്രിസഭയിൽ കേന്ദ്ര വ്യവസായ വകുപ്പ് മന്ത്രി സ്ഥാനവും അദ്ദേഹം അലങ്കരിച്ചു. 1968-70 കാലഘട്ടത്തിൽ കേരള നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, 1982-86 കാലയളവിൽ പ്രിവിലേജസ് കമ്മിറ്റി എന്നിവയുടെ ചെയർമാനായിരുന്നു അദ്ദേഹം.

ഒരു സാധാരണ പ്രവർത്തകനായി തുടങ്ങി, അക്ഷീണപ്രയത്നവും അചഞ്ചലമായ ആദർശനിഷ്ഠയും കൊണ്ട് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമുന്നത നേതാവായി തീർന്ന അദ്ദേഹം പിന്നീട് കോൺഗ്രസ് വിട്ട് 2005 ൽ ഡി.ഐ.സി. എന്ന രാഷ്ട്രീയ പാർട്ടി രൂപീകരിച്ചെങ്കിലും തന്റെ ജീവശ്വാസമായിരുന്ന കോൺഗ്രസിനൊപ്പം തന്നെ അന്ത്യശ്വാസവും വേണമെന്ന് ഉറപ്പിച്ച് കോൺഗ്രസിലേക്ക് തന്നെ തിരികെ മടങ്ങുകയായിരുന്നു. സമാനതകളില്ലാത്ത രാഷ്ട്രീയ പോരാളിയായിരുന്ന ലീഡർ 2010 ഡിസംബർ 23 ന് അന്തരിച്ചു. 2010 ഡിസംബർ 27 ന് നിയമസഭ അദ്ദേഹത്തിന് അന്ത്യോപചാരം അർപ്പിച്ചു.



# കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

റ്റി. മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

നിയമസഭ പാസ്സാക്കുന്ന നിയമങ്ങളിൽ എല്ലാ ജനവിഭാഗങ്ങൾക്കും ബാധകമായവയും ചില പ്രത്യേക വിഭാഗങ്ങളുടെ ഉന്നമനവും സംരക്ഷണവും ലക്ഷ്യമാക്കിയുള്ളവയും ഉണ്ടാകാറുണ്ട്. ഒരു ചെറു ന്യൂനപക്ഷത്തെ ഉദ്ദേശിച്ചുകൊണ്ടുള്ള നിരവധി നിയമങ്ങൾ പാസ്സാക്കിയതുപോലെതന്നെ ബഹുഭൂരിപക്ഷം ആൾക്കാരുടെ ക്ഷേമത്തിനായും നിയമങ്ങൾ നിർമിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നമ്മുടെ സമൂഹത്തിൽ അങ്ങനെ അവഗണിക്കപ്പെടാൻ കഴിയാത്തൊരു വലിയ വിഭാഗമാണ് കുട്ടികൾ. വ്യത്യസ്ത ജീവിത സാഹചര്യങ്ങളിലൂടെ കടന്നുവരുന്ന കുട്ടികളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്താൻ ഒട്ടേറെ നിയമങ്ങൾ കേരള നിയമസഭ പാസ്സാക്കിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട രണ്ടെണ്ണത്തെ സംബന്ധിച്ച് ഒരു പരിശോധന നടത്തുന്നത് ഉചിതമായിരിക്കും.

## 1961 ലെ കേരള ബോർസ്റ്റൽ സ്കൂൾസ് ആക്ട് (1961 ലെ 31 ാമത് നിയമം)

'ബോർസ്റ്റൽ' എന്ന ഇംഗ്ലീഷ് വാക്കിന്റെ അർത്ഥം ശുദ്ധീകരണം എന്നാണ്. 16 നും 21 നും മധ്യേ പ്രായമുള്ളതും 1898ലെ കോഡ് ഓഫ് ക്രിമിനൽ പ്രൊസീജിയറിലെ 118ാം വകുപ്പ് പ്രകാരം തടവുശിക്ഷ ലഭിക്കത്തക്കവിധമുള്ള കുറ്റകൃത്യം നടത്തിയവരുമായ കൗമാരപ്രായക്കാരായ കുറ്റവാളികളെ തടവിൽ പാർപ്പിക്കുകയും പ്രസ്തുത കാലയളവിൽ അവരെ തെറ്റായ മാർഗ്ഗങ്ങളിൽനിന്ന് പിന്തിരിപ്പിക്കുകയും തൊഴിൽ പരിശീലനം നൽകുകയും ചെയ്ത് അവരെ അച്ചടക്കവും സദാചാരവും ഉള്ള നല്ല പൗരന്മാരായി വാർത്തെടുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ബോർസ്റ്റൽ സ്കൂൾ സ്ഥാപിക്കുവാൻ വേണ്ടിയാണ് ഈ നിയമം നിർമിക്കപ്പെട്ടത്.

1960 ജൂൺ 22 ാം തീയതി അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. പി.ടി. ചാക്കോ സഭയിൽ അവതരിപ്പിച്ച ബിൽ അന്നുതന്നെ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയുണ്ടായി. തുടർന്ന് 1961 ജൂൺ 12 ാം തീയതി സഭ ബിൽ പാസ്സാക്കുകയും 1961 സെപ്റ്റംബർ 27 ാം തീയതി ബില്ലിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും ചെയ്തു.

ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം ഓരോ ബോർസ്റ്റൽ സ്കൂളിനും ഒരു സന്ദർശക കമ്മിറ്റിയെ സർക്കാരിന് നിയോഗിക്കാവുന്നതാണ്. ക്രിമിനൽ സ്വഭാവമുള്ള അല്ലെങ്കിൽ ദുസ്സ്വഭാവമുള്ള ആൾക്കാരുമായി സഹവാസമുള്ള ഒരു കൗമാരപ്രായക്കാരനായ കുറ്റവാളിയെ അയാളുടെ പരിവർത്തനത്തിന് അത്യന്താപേക്ഷിതമാണെന്നു കാണുന്നപക്ഷം അയാൾ താമസിക്കുന്ന സ്ഥലത്തെ ഈ നിയമപ്രകാരം നിയോഗിക്കപ്പെടുന്ന പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 23 വയസാകുന്നതുവരെ രണ്ടു വർഷം മുതൽ ഏഴുവർഷം വരെയുള്ള കാലയളവിലേക്ക്, തടവുശിക്ഷയ്ക്കായി ബോർസ്റ്റൽ സ്കൂളിലേക്ക് അയയ്ക്കാവുന്നതാണ്.

ബോർസ്റ്റൽ സ്കൂളിൽ തടവിൽ സൂക്ഷിച്ചിട്ടുള്ള ഒരാളെ തിരുത്താൻ സാധിക്കാത്തതെന്നോ അയാളുടെ സ്വഭാവം മറ്റുള്ളവരിൽ ദുഷ്പ്രേരണ ചെലുത്തുന്നതായോ ആ സ്കൂളിന്റെ സൂപ്രണ്ട് സർക്കാരിൽ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ അയാളുടെ ശിക്ഷാകാലാവധിയോടൊപ്പം ശിക്ഷ അനുഭവിക്കാൻ ബാക്കിയുള്ള കാലം കൂടി സർക്കാരിന് കൂട്ടിച്ചേർത്ത് ജയിൽ ശിക്ഷയ്ക്ക് വിധിക്കാവുന്നതാണ്. നിയമത്തിലെ 13ാം വകുപ്പുപ്രകാരം ഒരു കൗമാര കുറ്റവാളിയുടെ തടവുകാലം തുടങ്ങി ആറ് മാസം കഴിഞ്ഞതിനുശേഷം ഏതു സമയത്തും ഒരു സന്ദർശക കമ്മിറ്റിയുടെ ശിപാർശയുടെ പേരിലും പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ബോർസ്റ്റൽ സ്കൂളിലെ ഒരു അന്തേവാസിയെ ഇൻസ്പെക്ടർ ജനറലിന് നിബന്ധനകൾക്കു വിധേയമായി പരോളിൽ വിട്ടയയ്ക്കാവുന്നതും ആവശ്യമാണെന്നു കാണുന്ന പക്ഷം തിരികെ വിളിപ്പിക്കാവുന്നതുമാണ്. പരോളിൽ പോയ ഒരു കുറ്റവാളി ആവശ്യപ്പെടുമ്പോൾ തിരികെ ഹാജരാകാൻ വിസമ്മതിച്ചാൽ അയാളെ മജിസ്ട്രേട്ടിന്റെ ഉത്തരവു കൂടാതെ തന്നെ വാറണ്ടില്ലാതെ അറസ്റ്റ് ചെയ്യാനുള്ള ഉത്തരവ് ഇൻസ്പെക്ടർ ജനറലിനു പുറപ്പെടുവിക്കാവുന്നതാണ്. ബോസ്റ്റൽ സ്കൂളിന്റെ നിയന്ത്രണവും മാനേജ്മെന്റും സർക്കാർ നിയോഗിക്കുന്ന ഒരു പോലീസ് സൂപ്രണ്ടിൽ നിക്ഷിപ്തമാണ്. നിയമത്തിലെ 22 ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ബോർസ്റ്റൽ സ്കൂളിലെ അന്തേവാസികളെ ഓർഡിനറി ഗ്രേഡ്, സ്റ്റാർ ഗ്രേഡ്, സ്പെഷ്യൽ സ്റ്റാർ ഗ്രേഡ് എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു.

കേരളത്തിലുള്ള ഏക ബോർസ്റ്റൽ സ്കൂൾ കണ്ണൂരിലാണ് സ്ഥാപിക്കപ്പെട്ടത്. പിന്നീട് 1995 ആഗസ്റ്റ് 5 ാം തീയതി എറണാകുളം ജില്ലയിലെ കാക്കനാട്ടേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു. എഴുപത്തിയെട്ട് കുട്ടികളെ ഉൾക്കൊള്ളുവാൻ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള സ്കൂളിൽ നിലവിൽ എഴുപതോളം കുട്ടികൾ അന്തേവാസികളായിട്ടുണ്ട്.

## 1972ലെ കേരള ചിൽഡ്രൻ ആക്ട് (1973ലെ 3 ാമത് നിയമം)

സംസ്ഥാനത്ത് ഉപേക്ഷിക്കപ്പെട്ടവരോ കുറ്റം ചെയ്യുന്നവരോ ആയിട്ടുള്ള കുട്ടികളുടെ പരിരക്ഷ, ക്ഷേമം, പരിശീലനം, വിദ്യാഭ്യാസം, പുനരധിവാസം തുടങ്ങിയവയ്ക്കായി ഒരു ഏകീകൃതനിയമം നിർമിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 1972 നവംബർ 1 ാം തീയതി ആഭ്യന്തരമന്ത്രി കെ. കരുണാകരനാണ് ഈ നിയമനിർമാണത്തിനായുള്ള ബിൽ സഭയിൽ അവതരിപ്പിച്ചത്. തൊട്ടടുത്ത ദിവസം ബിൽ പരിഗണനയ്ക്ക് എടുത്തു പാസ്സാക്കിയെങ്കിലും ഗവർണ്ണർ ബിൽ രാഷ്ട്രപതിയുടെ അനുമതിക്കായി റിസർവ് ചെയ്യുകയാണുണ്ടായത്. തുടർന്ന് 1973 ഫെബ്രുവരി 28 ാം തീയതി ബില്ലിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും നിയമമായി പ്രാബല്യത്തിൽ വരികയും ചെയ്തു.


ഈ നിയമപ്രകാരം ബാലഗൃഹത്തിലോ സ്പെഷ്യൽ സ്കൂളിലോ ചേർത്തിട്ടുള്ള പതിനാറു വയസ്സ് തികയാത്ത ആൺകുട്ടിയേയും/പതിനെട്ടു വയസ്സ് തികയാത്ത പെൺകുട്ടിയേയും മേൽപറഞ്ഞ പ്രായപരിധി എത്തിയിട്ടുണ്ടെങ്കിലും, അവിടെ താമസിക്കുന്ന കാലത്തോളം കുട്ടിയായി കണക്കാക്കുന്നതാണ്. കൂടാതെ, സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി അതിൽ നിർദ്ദേശിക്കുന്ന ഏതു പ്രദേശത്തും ഒന്നോ അതിലധികമോ കുട്ടികളുടെ കോടതികൾ സ്ഥാപിക്കാവുന്നതുമാണ്.

കുട്ടികളുടെ കോടതിയിലെ മജിസ്ട്രേട്ടായി നിയമിക്കപ്പെടുന്ന വ്യക്തിക്ക് കുട്ടികളുടെ മനഃശാസ്ത്രം, കുട്ടികളുടെ ക്ഷേമം എന്നിവ സംബന്ധിച്ച അവബോധം ഉണ്ടായിരിക്കേണ്ടത് അനുപേക്ഷണീയമാണ്. അവരിൽ ഒരാൾ സീനിയർ മജിസ്ട്രേട്ടിന്റെ സ്ഥാനം വഹിക്കേണ്ടതും മജിസ്ട്രേട്ടുമാരിൽ ഒരാളെങ്കിലും സ്ത്രീ ആയിരിക്കേണ്ടതും ആണ്. കുട്ടികളുടെ കോടതി നിലവിലില്ലാത്ത പ്രദേശങ്ങളിൽ ഈ നിയമ പ്രകാരമുള്ള അധികാരങ്ങൾ പ്രയോഗിക്കാനുള്ള അധികാരം ജില്ലാ മജിസ്ട്രേട്ട്, സബ് ഡിവിഷണൽ മജിസ്ട്രേട്ട് അല്ലെങ്കിൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ട് എന്നിവർക്കായിരിക്കും. ഈ നിയമപ്രകാരം, ഉപേക്ഷിക്കപ്പെട്ട കുട്ടികളെ സ്വീകരിക്കുന്നതിനായി കുട്ടികളുടെ ഗൃഹങ്ങളും കുറ്റം ചെയ്യുന്ന കുട്ടികളെ സ്വീകരിക്കാനായി സ്പെഷ്യൽ സ്കൂളുകളും, അന്വേഷണം നേരിടുന്ന കുട്ടികളെ താത്കാലികമായി പാർപ്പിക്കാൻ നിരീക്ഷണഗൃഹങ്ങളും സ്ഥാപിക്കാവുന്നതാണ്. ഒരു കുട്ടി ഉപേക്ഷിക്കപ്പെട്ടതാണെന്ന് ഒരു പോലീസ് ഉദ്യോഗസ്ഥനോ അതിനായി നിയോഗിക്കപ്പെട്ട മറ്റൊരു ഉദ്യോഗസ്ഥനോ അഭിപ്രായപ്പെട്ടാൽ കോടതിയിൽ ഹാജരാക്കുന്നതിനായി ആ കുട്ടിയുടെ ചാർജ്ജ് ഏറ്റെടുക്കാവുന്നതും അപ്രകാരം ചാർജ്ജിൽ എടുക്കപ്പെട്ട കുട്ടിയെ 24 മണിക്കൂറിനകം കോടതിയിൽ ഹാജരാക്കേണ്ടതുമാണ്.

വിചാരണയ്ക്കു ശേഷം കുട്ടികളുടെ കോടതിക്ക് യുക്തം പോലെ പ്രസ്തുത കുട്ടിയെ, ഉപദേശം നൽകി വീട്ടിലേയ്ക്ക് മടക്കി അയയ്ക്കുകയോ നല്ല നടപ്പിന് വിധിക്കുകയോ അതുമല്ലെങ്കിൽ സ്പെഷ്യൽ സ്കൂളിലയയ്ക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ ഒരു കാരണവശാലും കുറ്റം ചെയ്യുന്ന ഒരു കുട്ടിക്ക് മരണശിക്ഷയോ തടവുശിക്ഷയോ വിധിക്കാൻ പാടില്ല. ഈ നിയമപ്രകാരം അന്വേഷണവിധേയമാക്കപ്പെട്ട ഒരു കുട്ടിയുടെ പേര്, മേൽവിലാസം, സ്കൂൾ തുടങ്ങി തിരിച്ചറിയാൻ ഉപയുക്തമാകാവുന്ന മറ്റ് വിവരങ്ങൾ എന്നിവ പത്രമാസികകളിലോ മറ്റ് പ്രസിദ്ധീകരണങ്ങളിലോ അച്ചടിക്കാൻ പാടില്ലാത്തതും അങ്ങനെ ചെയ്യുന്ന വ്യക്തിയിൽ നിന്നും 1,000 രൂപ വരെയുള്ള തുക പിഴയായി ഈടാക്കാവുന്നതുമാണ്. കുട്ടിയെ ഭിക്ഷയ്ക്കായി നിയോഗിക്കുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്നതിന് ഒരു വർഷം വരെയാകാവുന്ന തടവുശിക്ഷയോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ഉള്ള ശിക്ഷയും, കുട്ടികൾക്ക് ലഹരി പാനീയങ്ങളും അപകടകരമായ മരുന്നുകളും നൽകുന്നയാളിന് 200 രൂപ വരെയുള്ള തുക പിഴയും ഒരാൾ ഒരു കുട്ടിയെ കൃത്രിമമായി സ്വന്തമാക്കി ജോലിക്ക് നിയോഗിക്കുകയും ആ കുട്ടിയുടെ സമ്പാദ്യം അതിനു നൽകാതിരിക്കുകയും അല്ലെങ്കിൽ ആ കുട്ടിയെ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾക്ക് 1,000 രൂപ വരെയുള്ള തുക പിഴയും വിധിക്കുന്നതാണ്. ഉപേക്ഷിക്കപ്പെട്ടതോ കുറ്റം ചെയ്യുന്നതോ ആയ ഒരു കുട്ടിയേയും കൈവിലങ്ങ് വയ്ക്കുകയോ ബന്ധിക്കുകയോ ചെയ്യാൻ പാടില്ല എന്നും നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

വ്യത്യസ്ത കുടുംബ സാഹചര്യങ്ങളിൽ ജീവിക്കുന്ന കുട്ടികളിൽ പല കാരണങ്ങളാൽ കുറ്റവാസനകൾ ഉണ്ടാകുന്നത് സ്വാഭാവികമായ ഒരു കാര്യമാണ്. എന്നാൽ അറിഞ്ഞോ അറിയാതെയോ അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം അനഭിലഷണീയ പ്രവണതകളിൽ അകപ്പെട്ടു പോവുകയോ ചെയ്യുന്ന കുട്ടികളെ കണ്ടെത്തി അത്തരക്കാർ തുടർന്നും ക്രിമിനലുകളായി വളർന്നു വരാനുള്ള അവസരം തടഞ്ഞുകൊണ്ട് നല്ല പൗരന്മാരായി വളർത്തിയെടുക്കാൻ വേണ്ടിയുള്ള ഒരു നിയമപരമായ സാഹചര്യം സംജാതമാക്കുക എന്ന സദുദ്ദേശ്യത്തോടുകൂടി കേരള നിയമസഭ പാസ്സാക്കിയ നിയമങ്ങളാണ് മേൽപ്പറഞ്ഞ രണ്ട് നിയമങ്ങളും എന്ന് കാണാവുന്നതാണ്.

സഭാ നേതാവിന്റെ പേജ്



പിണറായി വിജയൻ
മുഖ്യമന്ത്രി

# ഐ.ടി.രംഗത്തെ റോബോട്ടിക് സാധ്യതകൾ



നമ്മുടെ പൊതുവിദ്യാലയങ്ങൾക്കായി റോബോട്ടിക് കിറ്റുകൾ സജ്ജമായിരിക്കുകയാണ്. ആദ്യഘട്ടത്തിൽ 2,000 സ്കൂളുകളിലായി 9,000 റോബോട്ടിക് കിറ്റുകളാണ് ലഭ്യമാകുക. കുട്ടികളുടെ സാങ്കേതിക പരിജ്ഞാനം പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ള ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബുകൾ മുഖേനയാണ് ഈ കിറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. സാങ്കേതികവിദ്യാ രംഗത്തെ നൂതന മേഖലകളുമായി ഇടപഴകാനും അവയെ അടുത്തറിയാനും കുട്ടികളെ സഹായിക്കുന്നതാകും ഈ പദ്ധതി.

മാറുന്ന ലോകത്തിനും കാലത്തിനുമനുസരിച്ച് മനുഷ്യന്റെ അഭിരുചികൾക്കും ആവശ്യങ്ങൾക്കും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. മുമ്പത്തെ കാലത്ത് ഇത്തരം മാറ്റങ്ങൾ വളരെ പതിയെ മാത്രമേ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിച്ചേരുമായിരുന്നുള്ളൂ. എന്നാൽ വിവരസാങ്കേതികവിദ്യയുടെ വികാസം ആ അവസ്ഥയ്ക്ക് വലിയതോതിലുള്ള മാറ്റമുണ്ടാക്കിയിരിക്കുകയാണ്. ഇന്ന് ആവശ്യങ്ങളും അഭിരുചികളും മാറുന്നത് വളരെ വേഗത്തിലാണ്. അതിനുതകുന്ന വിധമുള്ള സാങ്കേതികവിദ്യകളും ചടുലമായി തന്നെ ഉയർന്നു വരുന്നുണ്ട്.

ലോകം നാലാം വ്യാവസായിക വിപ്ലവത്തിലൂടെ കടന്നുപോകുന്ന ഘട്ടമാണിത്. ഈ ഘട്ടത്തിൽ ഏറെ പ്രാധാന്യത്തോടെ ഉയർന്നുവരുന്ന മേഖലകളാണ് നിർമ്മിത ബുദ്ധി, റോബോട്ടിക്സ് തുടങ്ങിയവ. ഈ സാങ്കേതിക മുന്നേറ്റങ്ങളെ അടുത്തറിയുന്നതിൽ നമ്മുടെ കുട്ടികൾ ഒട്ടും പിറകിലായിക്കൂടല്ലോ. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ രംഗത്ത് ലോകത്തിനുതന്നെ മാതൃകയായി മാറിയ ഒരു നാടാണ് നമ്മുടേത്. ആ നേട്ടങ്ങളെ കാലാനുസൃതമായി പരിവർത്തിപ്പിച്ചുകൊണ്ട് വിജ്ഞാനത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് കടക്കുകയാണ് നാം. അതിനുള്ള മുൻകൈകളിലൊന്നായി വേണം ഈ റോബോട്ടിക് കിറ്റുകൾ സജ്ജമാക്കുന്നതിനെയും കാണാൻ.

ആധുനിക കാലത്ത് റോബോട്ടിക് സാങ്കേതികവിദ്യയ്ക്ക് വളരെയേറെ പ്രസക്തിയുണ്ട്. അപകടകരമായ പല ജോലികളിൽ നിന്നും തൊഴിലാളികളെ ഒഴിവാക്കി പകരം റോബോട്ടിക് സാങ്കേതികവിദ്യ കൊണ്ടുവരാൻ ലോകമാകെ ഗവേഷണങ്ങൾ നടക്കുകയാണ്. ഖനികൾ, വലിയ ടണലുകൾ, ദുഷ്കരമായ ജലാശയങ്ങൾ എന്നിവയിലെല്ലാം ഈ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പഠനങ്ങളും പ്രവർത്തനങ്ങളും നിലവിൽ നടന്നുവരുന്നുണ്ട്. റോബോട്ടിക് സാങ്കേതികവിദ്യയെ മാനവരാശിയുടെ പുരോഗതിയ്ക്കുതകുംവിധം എങ്ങനെ മാറ്റിത്തീർക്കാം എന്നതാണ് ലോകമാകെയുള്ള സാങ്കേതിക വിദഗ്ധരുടെ ഇപ്പോഴത്തെ ചിന്ത. ആ നിലയ്ക്ക് റോബോട്ടിക് സാങ്കേതികവിദ്യ അടക്കമുള്ള നൂതന സാങ്കേതികവിദ്യകളെ തുറന്ന മനസ്സോടെ സമീപിക്കുന്ന നയമാണ് സംസ്ഥാന സർക്കാർ മുന്നോട്ടുവെക്കുന്നത്.

കേരളത്തിലെ വിദ്യാർത്ഥികൾക്കിടയിൽ നൂതന ആശയ സംസ്കാരം വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുള്ള യങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാം നടപ്പാക്കിവരികയാണ്. 2018 ൽ ആരംഭിച്ച ഈ പ്രോഗ്രാമിലൂടെ 17 പേരുടെ നൂതന ആശയങ്ങളെയാണ് വിപണി സാധ്യതയുള്ള ഉൽപന്നങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുത്തിരിക്കുന്നത്. ഇത്തരം മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് വിവിധ മേഖലകളിൽ പ്രത്യേക പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേരളത്തിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജന്റ് ഹബ്ബാക്കി തിരുവനന്തപുരത്തെ മാറ്റുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചു വരികയാണ്.

ഇതിനായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സ്റ്റാർട്ടപ്പ് മിഷന്റെയും മറ്റും നേതൃത്വത്തിൽ വിപുലമായ പദ്ധതികളാണ് ആവിഷ്കരിച്ചുവരുന്നത്. ബൃഹത്തായ ഒരു സ്റ്റാർട്ടപ്പ് പ്രോത്സാഹന നയം സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇത് പ്രായോഗികമാക്കാൻ വേണ്ട കാര്യക്ഷമമായ തൊഴിൽശക്തി സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനായി ഉന്നതവിദ്യാഭ്യാസ രംഗത്തെ വ്യവസായിക മേഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള പല പദ്ധതികളും സർക്കാർ നടപ്പാക്കിവരുന്നുണ്ട്.

അതിന് സ്കൂൾ തലം മുതലേയുള്ള ഇടപെടലുകൾ ഏറെ ആവശ്യമാണ് എന്നു തിരിച്ചറിഞ്ഞുകൊണ്ടാണ് സ്കൂളുകളിൽ റോബോട്ടിക് കിറ്റുകൾ സജ്ജമാക്കുന്ന ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്. ഇതിലൂടെ പുത്തൻ സാങ്കേതിക മേഖലകളിൽ പ്രായോഗിക പരിശീലനം നേടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കുകയാണ്. പദ്ധതി നടപ്പാക്കുന്നതിനായി അധ്യാപകർക്ക് പ്രത്യേക പരിശീലനം ലഭ്യമാക്കും. ഇവരുടെ നേതൃത്വത്തിൽ 60,000 കുട്ടികൾക്ക് നേരിട്ട് പരിശീലനം നൽകും. പരിശീലനം നേടുന്ന ഐ ടി ക്ലബ്ബിലെ കുട്ടികൾ മറ്റു കുട്ടികൾക്കും പരിശീലനം നൽകും. അങ്ങനെ ആകെ 12 ലക്ഷത്തോളം കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയെ പടിപടിയായി മുന്നോട്ടു നയിക്കുന്ന നയങ്ങളാണ് കേരളത്തിലെ പുരോഗമന സർക്കാരുകൾ എന്നും നടപ്പാക്കിയിട്ടുള്ളത്. ഹൈസ്കൂൾ തലം വരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കിയും സാക്ഷരതായജ്ഞത്തിനു നേതൃത്വം നൽകിയും, ജനകീയാസൂത്രണത്തിലൂടെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയും, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ അവയെ മെച്ചപ്പെടുത്തിയും ഒക്കെ പ്രാഥമിക വിദ്യാഭ്യാസത്തിൽ വലിയ മുന്നേറ്റമാണ് നമ്മൾ കൈവരിച്ചിട്ടുള്ളത്.

2016 ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് സർക്കാർ സ്കൂളുകൾ പൂട്ടിയിടുകയോ ഇടിച്ചുനിരത്തുകയോ ചെയ്യുന്ന അവസ്ഥയാണുണ്ടായിരുന്നത്. അവിടെനിന്നും മാറി കഴിഞ്ഞ ആറു വർഷംകൊണ്ട് 10 ലക്ഷത്തിലധികം കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് അധികമായി എത്തിക്കാൻ നമുക്കു കഴിഞ്ഞിരിക്കുന്നു. ഇത് വെറുതെയുണ്ടായ മാറ്റമല്ല, പൊതുവിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ ഒരുക്കിയും അധ്യയന നിലവാരം ഉയർത്തിയും പുതിയ കെട്ടിടങ്ങൾ പണിതും ലാബുകളും ലൈബ്രറികളും പണികഴിപ്പിച്ചുമെല്ലാം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയതിന്റെ ഫലമായുണ്ടായ മാറ്റമാണത്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നിലവിൽ വന്നതിനുശേഷം കിഫ്ബി വഴി മാത്രം 2,500 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസനമാണ് പൊതുവിദ്യാലയങ്ങളിൽ നടന്നത്. അഞ്ച് കോടി മുതൽമുടക്കിൽ 141 സ്കൂൾ കെട്ടിടങ്ങളും മൂന്ന് കോടി മുതൽമുടക്കി 386 സ്കൂൾ കെട്ടിടങ്ങളും ഒരു കോടി മുതൽമുടക്കി 446 സ്കൂൾ കെട്ടിടങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പ്ലാൻ ഫണ്ട് ഉപയോഗിച്ച് 654 കോടി രൂപയ്ക്ക് 549 സ്കൂൾ കെട്ടിടങ്ങൾക്കാണ് ഭരണാനുമതി നൽകിയത്. 45,790 ലാപ്ടോപ്പുകൾ വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്തു. 4,752 സ്കൂളുകളിലായി 45,000 ഹൈടെക് ക്ലാസ്മുറികളും 11,257 ഹൈടെക് ലാബുകളും സജ്ജമാക്കി. ഇത്തരം നേട്ടങ്ങളെ അടുത്ത തലത്തിലേക്ക് ഉയർത്തുകയാണ് ഇപ്പോൾ സർക്കാർ ചെയ്യുന്നത്.

ഒരു വൈജ്ഞാനിക നൂതനത്വ സമൂഹമായി കേരളത്തെ പരിവർത്തിപ്പിക്കാൻ പ്രതിജ്ഞാബദ്ധമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. അതിനായി സമഗ്രമായ ഇടപെടലുകൾ ആവശ്യമാണ്. ആഗോള പ്രശസ്തമായ കേരളത്തിന്റെ ജനകീയ വിദ്യാഭ്യാസ മാതൃക വലിയ ഒരു അടിത്തറയാണ്. അതിൽ ഉറച്ചു നിന്നുകൊണ്ട് നാം വിജ്ഞാനത്തെ ഉത്പാദനോന്മുഖമായി മാറ്റുകയും അങ്ങനെ ഒരു നവകേരളം സൃഷ്ടിക്കുകയുമാണ് നമ്മുടെ ഉദ്ദേശ്യം. അതിന് ഏറെ ആവശ്യമാണ് വിജ്ഞാനത്തിന്റെ സാർവ്വത്രികമായ വിതരണവും നവീകരണവും. ലോകത്തെവിടെയുണ്ടാകുന്ന അറിവുകളെയും നമ്മുടെ സമ്പദ്ഘടനയോട് വിളക്കിച്ചേർക്കാനും അവയെ നാടിന്റെ പുരോഗതിക്കായി ഉപയോഗിക്കാനും കഴിയണം. അതിനുതകുന്ന ഒന്നാകും പൊതുവിദ്യാലയങ്ങളിൽ സജ്ജമായിരിക്കുന്ന റോബോട്ടിക് കിറ്റുകൾ.

Printed and Published by A.M. Basheer, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Akshara Offset, TC 25/3230 (1), Near Old GPO, Vanchiyoor, Thiruvananthapuram - 695 035 and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram 695 033, Editor- A.N. Shamseer